# ഗിരിദീപം

ആഗസ്റ്റ് 2024



ആഗസ്റ്റ് 15

മാതാവിന്റെ സ്വർഗ്ഗാരോപണം | ഇന്ത്യൻ സ്വാതന്ത്ര്യദിനം



**MAR SEBASTIAN VALLOPPILLY**

The First Bishop of Thalassery

# August 04
# 113th BIRTHDAY

Born : 04 August 1911

Ordination : 24 August 1945

Retired on : 18 February 1989

Demise : 04 April 2006



റിഫ്രഷർ കോഴ്സ് രണ്ടാം ബാച്ച്
അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്
ഉദ്ഘാടനം ചെയ്യുന്നു. (2024 ജൂലൈ 15-17)

ആഗസ്റ്റ് 2024

വാല്യം 07
ലക്കം 08

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. സർക്കുലർ - മേജർ ആർച്ച്ബിഷപ്പ് ........ 05
2. Prot. No. 472 /2024, Circular No. 09/2024 ........ 08
3. കെസിബിസി സർക്കുലർ - തടവറ ശുശ്രൂഷാ ഞായർ ആഗസ്റ്റ് 11 ........ 11
4. കെസിബിസി സർക്കുലർ - ജസ്റ്റിസ് സൺഡേ ആഗസ്റ്റ് 18 ........ 16
5. കച്ചേരിക്കാര്യം ........ 21
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 36
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 45
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 48
   തിരുബാലസഖ്യം ........ 55
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 57
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 60
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 69
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 71
    സാൻജോസ് അക്കാദമി ........ 73
12. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി ........ 74
    കുടുംബക്കൂട്ടായ്മ ........ 79
    ADAM ........ 81
    ധ്യാനകേന്ദ്രങ്ങളിലൂടെ ........ 82
    ഫ്രാൻസിസ്ക്കൻ അല്മായ സഭ ........ 83
13. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 84
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 89
15. Engagements - August (Archbishop Mar Joseph Pamplany) ........ 93
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 94
17. Engagements - August (Archbishop Mar George Njaralakatt) ........ 96
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 97
19. Engagements - August (Archbishop Mar George Valiamattam) ........ 98

Prot. No. 0715/2024

**സർക്കുലർ**

# അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

*സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ സഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ച് അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത്. മേജർ ആർച്ചുബിഷപ്പ് അധ്യക്ഷനായുള്ള സഭ മുഴുവന്റെയും ആലോചനായോഗമാണു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. സഭയിലെ മെത്രാൻമാരുടെയും, പുരോഹിത, സമർപ്പിത, അല്മായ പ്രതിനിധികളുടെയും സംയുക്ത യോഗമാണിത്.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്ന യാഥാർഥ്യമാണു സഭായോഗത്തിന്റെ അടിസ്ഥാനം. അസംബ്ലിയുടെ ദൗത്യത്തെപ്പറ്റി പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻവേണ്ടിയുള്ള ആലോചനായോഗമാണിത്. കാലോചിതമായ വിഷയങ്ങൾ ചർച്ചചെയ്യുകയും സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മ കണക്കിലെടുത്തു കർമപരിപാടികൾ രൂപീകരിക്കുന്നതിനു മെത്രാൻസിനഡിനെ സഹായിക്കുകയും ചെയ്യുക എന്നതാണ് അസംബ്ലിയുടെ ദൗത്യം.

അഞ്ചുവർഷത്തിൽ ഒരിക്കൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുചേർക്കണമെന്നതാണു സഭാനിയമം. നമ്മുടെ സഭ 1992 ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ അസംബ്ലി നടക്കുന്നത് 1998 ലാണ്. പിന്നീട്, 2004, 2010, 2016 എന്നീ വർഷങ്ങളിലും ഈ സഭായോഗം കൂടുകയുണ്ടായി. 2016 ന് ശേഷം എട്ടു വർഷങ്ങൾ പിന്നിടുമ്പോഴാണ് 2024 ൽ അഞ്ചാമത്തെ അസംബ്ലി നടക്കുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വമാണ് 2021 ൽ നടക്കേണ്ടിയിരുന്ന അസംബ്ലി ഇത്രയും വൈകാൻ കാരണമായത്.

പാലാ രൂപതയാണ് ഇത്തവണത്തെ അസംബ്ലിയുടെ ആതിഥേയർ. പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ആഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്തുകൊണ്ടിരിക്കുന്നു.

മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ആരൊക്കെയാണ് പങ്കെടുക്കേണ്ടത് എന്നതു സഭാനിയമം നിശ്ചയിച്ചിട്ടുണ്ട്. രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നുമുള്ള പ്രതിനിധികളാണ് അസംബ്ലി അംഗങ്ങൾ. രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും എണ്ണം വർധിച്ചുവന്നപ്പോൾ അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ആനുപാതികമായി ഉയർന്നു. 2016 ൽ 488 പേരാണ് പങ്കെടുത്തത്. അതിന് പുറമേയായായിരുന്നു കമ്മിറ്റി അംഗങ്ങളും മറ്റു ശുശ്രൂഷകരും. അസംബ്ലിയുടെ നടത്തിപ്പിന്റെ പ്രായോഗികതലങ്ങൾ പരിഗണിച്ചും എല്ലാവരുടെയും ആശയങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി പങ്കെടുക്കേണ്ടവരുടെ എണ്ണംകുറയ്ക്കാൻ മെത്രാൻസിനഡ് തീരുമാനിച്ചു. അതിൻപ്രകാരം, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ അസംബ്ലിയിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള ഭേദഗതി വരുത്തിയ സഭയുടെ പ്രത്യേകനിയമം ഒരു കല്പ്പനവഴി 2024 മാർച്ച് 25 ന് പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ പുതിയ നിയമമനുസരിച്ച് 80 വയസിൽ താഴെയുള്ള മെത്രാന്മാരും വൈദിക സമർപ്പിത അല്മായ പ്രതിനിധികളുമടങ്ങിയ 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്.

അഞ്ചാമത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം, കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി, വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷപ്രഘോഷണത്തിലെ അല്മായപങ്കാളിത്തം, സീറോമലബാർ സമുദായ ശക്തീകരണം എന്നീ മൂന്നു വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിഷയമാകും.

പ്രിയപ്പെട്ടവരേ, പ്രാർഥനയുടെയും വിചിന്തനത്തിന്റെയും ആത്മാവിൽ ഐക്യപ്പെട്ടുകൊണ്ടും ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്ത മഹത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സീറോമലബാർസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളും രൂപീകരിക്കാനാണ് അസംബ്ലി ശ്രമിക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കാനും ദൈവമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കും ഉപകരിക്കുന്ന ആശയരൂപീകരണം സാധ്യമാകുന്നതിനുംവേണ്ടി സഭ മുഴുവനും ഒരു മനസ്സോടെ പ്രാർഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ അഭ്യർഥിക്കുന്നു. ഇതോടൊപ്പം നല്കുന്ന കാറോസൂസ ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂലൈ മാസം 24-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്*

---

1. ഈ സർക്കുലർ 2024 ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.
2. ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ട കാറോസൂസ:

ശുശ്രൂ: അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ളിക്കായി ഒരുങ്ങുന്ന സീറോമലബാർസഭയെയും പ്രത്യേകമായി അസംബ്ളിയിൽ പങ്കെടുക്കുന്ന എല്ലാവരെയും സമർപ്പിക്കുന്നു. കാലാനുസൃതമായ സഭാജീവിതവും ദൗത്യവും എന്ന വിഷയം വിചിന്തനം ചെയ്ത്, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിഞ്ഞു, സ്നേഹത്തിൽ ഒന്നായി മുന്നോട്ടുപോകുന്ന സഭാസമൂഹമാകാൻ സഹായിക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യം നല്കി അസംബ്ലിയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 472 /2024, Circular No. 09/2024

## ഫ്രാൻസിസ്ക്കൻ അല്മായ സഭ

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരെ,

മധ്യയുഗത്തിൽ ആഡംബരഭ്രമത്തിലും യുദ്ധഭ്രാന്തിലും മദിച്ചു നടന്ന ഒരു യുവാവുണ്ടായിരുന്നു; അസ്സീസിയിലെ ഫ്രാൻസിസ്. മാടമ്പിയാകാനുള്ള മോഹവുമായി മുന്നേറിയ ആ യുവാവിനോട് യജമാനനാകുന്ന ദൈവത്തെ സേവിക്കുവാൻ സ്വന്തം മനസ്സാക്ഷി നിർബന്ധിച്ചപ്പോൾ അവൻ സർവ്വതും ഉപേക്ഷിച്ച് ദൈവാന്വേഷണത്തിൽ ഏർപ്പെട്ടു. "ദൈവമേ ഞാൻ എന്തുചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" ഇതു മാത്ര മായിരുന്നു പിന്നീടവന്റെ പ്രാർഥന. "തകർന്നുകൊണ്ടിരിക്കുന്ന എന്റെ ദേവാലയത്തെ പുതുക്കി പണിയുക" എന്ന കൽപന സാൻഡാമിയാനോയിലെ ക്രൂശിതരൂപത്തിൽ നിന്ന് ശ്രവിച്ച ഫ്രാൻസിസ് ഉടനടി മൂന്ന് കൊച്ച് ദേവാലയങ്ങൾ സ്വന്തം കരംകൊണ്ട് പുതുക്കിപ്പണിതു. ഫ്രാൻസീസിന്റെ ജീവിത ത്തെപ്പറ്റി ഗഹനമായി പഠിക്കുകയും ധ്യാനിക്കുകയും ചെയ്ത മഹാപണ്ഡിതനായ വി. ബൊനവഞ്ചർ ഇതേപറ്റി പറയുന്നത് ഇപ്രകാരമാണ്. ''ഈ മൂന്ന് ദേവാലയങ്ങൾ ഭാവിയിൽ കത്തോലിക്കാസഭാ നവീകരണത്തിനുവേണ്ടി ഫ്രാൻസിസ് സ്ഥാപിക്കാനിരുന്ന മൂന്ന് സഭകളുടെ പ്രതീകങ്ങളായിരുന്നു. ഫ്രാൻസിസ് സ്ഥാപിച്ച മൂന്ന് സന്യാസസഭകളിൽ ഏറ്റവും വലുതും വിപ്ലവാത്മകമായതും ഫ്രാൻസിസ്ക്കൻ മൂന്നാം സഭ എന്നറിയപ്പെടുന്ന അൽമായ സഭ ആയിരുന്നു. ശാശ്വതമായ ഒരു ധനംപോലെ കത്തോലിക്കാ സഭയ്ക്ക് ഫ്രാൻസിസ് കൈമാറിയ മൂന്നാം സഭയുടെ ആരംഭം ഇപ്രകാരമായിരുന്നു. ഫ്രാൻസീ

സിന്റേയും സഹോദരസംഘത്തിന്റേയും തീക്ഷ്ണത നിറഞ്ഞ ജീവിതം ഇറ്റലിയിലും യൂറോപ്പ് ആകമാനവും ചർച്ചാവിഷയമായി. സുവിശേഷ പര്യടനത്തിന് അവർ ചെന്നിടങ്ങളിലെല്ലാം അൽമായരായ ആയിര ങ്ങൾ അവരോടൊപ്പം ചേരുവാൻ ആഗ്രഹിച്ച് മുന്നോട്ടുവന്നു. കുടുംബ ജീവിതക്കാരും പലവിധ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നവരുമായ അവർ സർവ്വസംഗപരിത്യാഗികളായ തങ്ങളെപോലെ എല്ലാം ഉപേക്ഷിച്ച് ഊരു ചുറ്റേണ്ടവരല്ല എന്നും, ക്രിസ്തുവിന്റെ മനോഭാവ ത്തോടെ സമൂഹജീവിതം ചിട്ടപ്പെടുത്തേണ്ടവരാണെന്നും ഫ്രാൻസീസ് തിരിച്ചറിഞ്ഞു.

മൂന്നാം സഭയ്ക്കുവേണ്ടി ഫ്രാൻസീസ് വചനസമ്പുഷ്ടവും വിപ്ളവകരവുമായ ഒരു നിയമാവലി നിർമിച്ചു നൽകി. കത്തോലിക്കാ സഭയെന്ന സത്യസഭയിൽ അംഗമായിരിക്കുകയും സഭയോട് കൂറും വിശ്വസ്തതയും പുലർത്തുകയും ചെയ്യുന്നവർക്ക് മാത്രമേ ഇതിൽ അംഗത്വമുണ്ടായിരിക്കൂ എന്ന് ഫ്രാൻസീസ് നിർബന്ധം പിടിച്ചു. വസ്ത്രധാരണത്തിലും ഭക്ഷണത്തിലുമുള്ള ലാളിത്യം, ഉപവാസ ത്തിനും പരിഹാര പ്രവൃത്തികൾക്കുമുള്ള താൽപര്യം, കൂദാശകളുടെ സ്വീകരണത്തിലുള്ള കൃത്യനിഷ്ഠ, വി. കുർബാനയോടുള്ള അഗാധ ഭക്തി, എളിയ ജോലികൾ ചെയ്യുന്നതിനുള്ള സന്നദ്ധത, കുഷ്ഠ രോഗീ പരിചരണത്തിലുള്ള പങ്കാളിത്തം, ഉപവി പ്രവൃത്തികളിലുള്ള ഉത്സാഹം, ദാരിദ്ര്യ ജീവിതത്തിലുള്ള സന്തോഷം മുതലായവയായി രുന്നു അൽമായ സഭാംഗങ്ങളുടെ ജീവിതശൈലിയായി നിയമാവലി നിർദ്ദേശിച്ചിരുന്നത്. സമാധാനത്തിന്റേയും സമന്വയത്തിന്റേയും വക്താക്കളായി സകല സൃഷ്ടികൾക്കും വിധേയപ്പെട്ടുകൊണ്ട് എളിയ സഹോദരീ സഹോദരന്മാരായി ജീവിക്കുക എന്നതായിരുന്നു ഈ നിയമാവലിയുടെ അടിസ്ഥാന പ്രമാണം.

ഒത്തിരിയേറെ പുണ്യാത്മാക്കളെ ഈ അത്മയസഭ കത്തോലിക്ക സഭയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ആളാണ് വിശുദ്ധ അൽഫോൻസാമ്മയും, ദൈവദാസൻ പുത്തൻ പറമ്പിൽ തൊമ്മച്ചനും. നമ്മുടെ അതിരൂപതയുടെ പ്രദമ ഇടയനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് ഒരു മൂന്നാം സഭാംഗ മായിരുന്നു. പിതാവിന്റെ പ്രോത്സാഹനംകൊണ്ട് തലശ്ശേരി അതിരൂപതയിൽ ഈ അൽമായ സഭ ഊർജ്ജിതമായി. ഈയടുത്ത നാളുകളിൽ ദൈവദാസനായി ഉയർത്തപ്പെട്ട ആർമണ്ടച്ചൻ ഈ മൂന്നാം സഭയുടെ വളർച്ചയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്ത വ്യക്തിയാണ്.

പുണ്യപ്രവർത്തികൾ നിറഞ്ഞ പ്രവർത്തനശൈലിയാണ് ആത്മായ സഭയിലെ അംഗങ്ങൾ ഇടവകകൾതോറും നടത്തിവരുന്നത്. ഈ അത്മായ സഭയുടെ പ്രാർഥനാകൂട്ടായ്മയും സാഹോദര്യവും ആകർഷണീയവും സുവിശേഷചൈതന്യം നിറഞ്ഞതുമാണ്. രോഗികളെ പരിചരിച്ചും, അവർക്കുവേണ്ടി പ്രാർത്ഥിച്ചും, തിന്മയ്ക്ക് അടിമപ്പെട്ട മനുഷ്യരെ നന്മയിലേക്ക് കൈപിടിച്ചുയർത്തിയും, പാവപ്പെട്ട മനുഷ്യർക്ക് സാധിക്കുന്ന രീതിയിലെല്ലാം സഹായംചെയ്തു കൊടുത്തും, ഫ്രാൻസിസ്ക്കൻ അത്മായ സഭ നടത്തിവരുന്ന സുത്യർഹമായ സേവനങ്ങൾ ശ്ളാഘനീയമാണ്.

ഈ ആത്മായ സഭയുടെ പ്രതിഫലേച്ഛ കൂടാതെയുള്ള പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ സഭയിലെ ആത്മിക വളർച്ചയ്ക്ക് നല്ലതാണ്. ഈ ദിവ്യകാരുണ്യവർഷത്തിൽ തലശ്ശേരി അതിരൂപതയുടെ വിവിധ മേഖലകളിൽ വിവിധ തരത്തിലുള്ള ശുശ്രൂഷകൾ, കൺവെൻഷനുകൾ തുടങ്ങിയവ നടത്തുവാനും അവരുടെ പ്രവർത്തനങ്ങൾ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കാനും അതിരൂപത ആഗ്രഹിക്കുന്നുണ്ട്. ഫ്രാൻസീസ് അസ്സീസിയുടെ ശൈലിയിൽ സഭയെ നവീകരിക്കുന്ന ഫ്രാൻസീസ് മാർപാപ്പയോടൊപ്പം ഫ്രാൻസീസ്കൻ അത്മായ സഭയിൽ ചേർന്നുകൊണ്ട് ആത്മീയവും ഭൗതികവുമായ സേവനം ചെയ്തുകൊണ്ട് ആത്മരക്ഷയ്ക്കായി പ്രവർത്തിക്കുവാൻ എല്ലാവരേയും ക്ഷണിക്കുന്നു.

പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2024 ജൂലൈ 25 ന് വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 ആഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

No: 4033/K-5/KCBC/OL/DS 15.07.2024

# തടവറ ശുശ്രൂഷാഞായർ – 11 ആഗസ്റ്റ് 2024
# തടവുകാർ നമ്മുടെ സ്നേഹിതർ

കർത്താവായ മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

ആഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് തടവറ ശുശ്രൂഷാ ഞായറായി ആചരിക്കപ്പെടുന്നത്. വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ (1894-1941) തിരുനാൾ ആഗസ്റ്റ് 14-ാം തീയതി ആഘോഷിക്കപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണിത്. വി. മാക്സ്മില്യൻ കോൾബേ തടവറയിൽ ആയിരിക്കുന്നവരുടെയും തടവറ പ്രേഷിതത്വത്തിന്റെയും മധ്യസ്ഥനാണ്. "ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു" (യോഹ 15:15). തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഈശോ തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. ആരായിരുന്നു ഈ തെരഞ്ഞെടുക്കപ്പെട്ടവർ? അവർ തികച്ചും സാധാരണക്കാരും ബലഹീനരും പ്രലോഭനങ്ങളിൽ ഇടറി വീണവരുമായിരുന്നു! പിന്നീട് തന്നെ നിഷേധിച്ചുപറയും എന്നു താൻ അറിഞ്ഞിരുന്ന പത്രോസിനെയും ഒറ്റുകാരനായിരുന്ന യൂദാസിനെയും ചുങ്കക്കാരനായ മത്തായിയെയും യേശു സ്നേഹിതൻ എന്ന് വിളിച്ചു. കുറവുകളുള്ള ആ മനുഷ്യരെയെല്ലാം ക്രിസ്തു സ്നേഹിതരെന്നു വിളിച്ചെങ്കിൽ തടവുപുള്ളികളെയും അവിടന്ന് അപ്രകാരം വിളിക്കില്ലേ? യേശുവിനെ അനുഗമിക്കുന്നവരായ നമുക്കും തടവറയുടെ മക്കൾ സ്നേഹിതരാകേണ്ടവരാണ്.

**തടവറ ശുശ്രൂഷാഞായർ**

തടവറ പ്രേഷിത ഞായർ ആചരിക്കുന്ന ഈ വേളയിൽ തടവുകാരെ നമുക്ക് നമ്മുടെ സ്നേഹിതരായി കണക്കാക്കുകയും അവരുടെ സമഗ്ര മാനുഷിക വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യാം. *ഭാരതത്തിലെ തടവറപ്രേഷിത ശുശ്രൂഷ* (Prison Ministry India) ഒരു ആധ്യാത്മിക പ്രസ്ഥാനമാണ്. അത് തടവുപുള്ളികളുടെയും അവരുടെ ഇരകളുടെയും മോചനത്തിനും നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ജീസ്സസ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. തൊഴിൽ പദ്ധതികൾ, തടവറയിൽ ആയിരിക്കുന്നവർക്കും അവരുടെ

മക്കൾക്കുംവേണ്ടിയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തടവറയിൽ ആയിരിക്കുന്നവരുടെ മോചനത്തിനുള്ള നിയമസഹായങ്ങൾ, വിവാഹത്തിനും കുടുംബങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കും വേണ്ട സഹായങ്ങൾ, ഭവന നിർമാണപദ്ധതി എന്നിവ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തിവരുന്നു. ജയിൽ മോചിതരായ പുരുഷന്മാർക്കുവേണ്ടി തൃശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്തും സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, മൺവിളയിലും പുനരധിവാസകേന്ദ്രനങ്ങൾ സ്നേഹാശ്രമം എന്ന പേരിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നുണ്ട്. തടവറയിൽ ആയിരിക്കുന്നവരുടെ മക്കൾക്കുവേണ്ടിയും ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ഭവനങ്ങളുണ്ട്. അതീവ സുരക്ഷാസംവിധാനങ്ങളുള്ള ജയിലറകളിലെ അതിക്രൂരരായ ജയിൽപുള്ളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി മാറിയ സംഭവങ്ങളുണ്ട്. യേശു സാഹോദര്യത്തിന്റെ പ്രവർത്തനം വഴിയായി, കർത്താവ് നല്ല കള്ളനു നല്കിയതുപോലെ, ഇന്നും അനേകർക്ക് വിമോചനം ലഭിക്കുന്നു. നമുക്കും ഈ മഹത്തായ ശുശ്രൂഷയിൽ ആത്മാർഥമായി പങ്കുകാരാകാം.

ദൈവം പാപിയെ സ്നേഹിക്കുന്നു; എന്നാൽ പാപത്തെ വെറുക്കുന്നു. ദൈവപുത്രൻ ഈ ലോകത്തിലേക്ക് വന്നത് എല്ലാവരെയും രക്ഷിക്കാനാണ്. ചുങ്കക്കാരനായ മത്തായിയെ യേശു വിളിച്ചു; കാരണം, ഈ പാപിക്ക് ഒരു ഭാവിദൗത്യമുണ്ടെന്ന് യേശുവിന് അറിയാമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് ഈശോ മാപ്പു നല്കുകയും അവളെ ആശീർവദിക്കുകയും ചെയ്തു. കാരണം, അവൾക്കും നന്മനിറഞ്ഞ ഒരു ഭാവി ഉണ്ടെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. എല്ലാ വിശുദ്ധർക്കും ഒരു ഭൂതകാലവും എല്ലാ പാപികൾക്കും ഒരു ഭാവികാലവും ഉണ്ട്. ഫ്രാൻസീസ് മാർപാപ്പാ എഴുതുന്നു: "നമ്മോടു ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മളാണ്" (EG. 3). ദൈവം നമ്മോടു ക്ഷമിക്കുകയും നമ്മെ നവീകരിക്കുകയും പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ജയിലറകൾ വലിയ കുറ്റവാളികളും കൊലപാതകികളും തസ്കരന്മാരും വസിക്കുന്ന ഇടമാണെങ്കിലും അവിടേയ്ക്കും ദൈവകൃപയുടെ പ്രവാഹമുണ്ട്. പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു' (റോമാ 5:20). എന്ന തിരുവചനചിന്ത പ്രത്യാശാഭരിതമാണ്.

### തടവറകളിലെ സ്ഥിതിവിവരകണക്ക്

2022 ഡിസംബർ 31-ാം തീയതി National Crime Record Bureau പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ 1330 ജയിലുകളിലായി 5,73,220 തടവുകാർ ഉണ്ട്. അവയിൽ 4,34,302 പേർ

വിചാരണത്തടവുകാരാണ്; അവർ ഇനിയും വിധികൂടാതെ തടവറകളിൽ പാർപ്പിക്കപ്പെട്ടവരാണ്. ഇതിൽ 23,772 പേർ സ്ത്രീകളാണ്; 1537 പേർ കുട്ടികൾകൂടെയുള്ള അമ്മമാരാണ്. 544 പേർ വധശിക്ഷ പ്രതീക്ഷിച്ച് കഴിയുന്നവരാണ്; 6283 പേർ വിദേശിയരുമാണ്. തടവുകാരിൽ ഏതാണ്ട് 10% എങ്കിലും കുറ്റം ചെയ്യാത്തവരെന്നു കരുതപ്പെടുന്നു. ആഗോളതലത്തിൽ 1.3 കോടി തടവുകാരുണ്ട്. തടവറയിലുള്ള നമ്മുടെ സഹോദരരെ സന്ദർശിച്ച് അവർക്ക് ആത്മീയവും ഭൗതികവുമായ സഹായം ചെയ്തുകൊടുക്കുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ ഭാഗമാണ്. എന്തെന്നാൽ ഈശോ പറഞ്ഞു, "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു" (മത്താ 25:36).

**തടവറയ്ക്കുള്ളിലെ ഈശോയുടെ സ്നേഹിതർ**

അഴികൾക്കുള്ളിൽ കഴിയുന്ന നമ്മുടെ എല്ലാ സഹോദരങ്ങളും വലിയ ഭീതിയിലും ആശങ്കയിലുമാണ് ജീവിക്കുന്നത്. നാളെ എന്ത് സംഭവിക്കും എന്ന ചിന്ത അവരുടെ ഉള്ളിലെ ശക്തി മുഴുവനും ചോർത്തിക്കളയുന്നു. നമ്മൾ അവരെ സന്ദർശിക്കുമ്പോഴെല്ലാം അവർ അഭ്യർഥിക്കുന്നത്, തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കുംവേണ്ടി പ്രാർഥിക്കണമേയെന്നാണ്. "നാളെ എന്റെ കേസിന്റെ വിചാരണയാണ്", "ജാമ്യാപേക്ഷ പരിഗണിക്കാനിരിക്കുകയാണ്", "എന്റെ മകളുടെ വിവാഹമാണ്" എന്നിങ്ങനെ പോകുന്നു അവരുടെ നിയോഗങ്ങൾ. വേദനയുടെയും കണ്ണീരിന്റെയും ആത്മസംഘർഷത്തിന്റെയും സഹനത്തിന്റെയും ഇടമാണ് തടവറ. ഒരു ദിവസം അവരുടെ കണ്ണുനീർ കൃപയുടെ നീർച്ചാലായിമാറാൻ സാധ്യതയുണ്ട്. ഫരിസേയന്റെ ഭവനത്തിലേക്ക് കടന്നുവന്ന സ്ത്രീ മറ്റു മനുഷ്യരുടെ കണ്ണുകളിൽ ഒരു പാപിനിയായിരുന്നു; എന്നാൽ ദൈവപുത്രിയായി പരിണമിച്ചുകൊണ്ടിരുന്നവളെയാണ് യേശു അവളിൽ കണ്ടത്. അവൾ യേശുവിന്റെ സ്നേഹിതയായി മാറുകയായിരുന്നു. അതുപോലെതന്നെയാണ് തടവറയിലുള്ള നമ്മുടെ സഹോദരരും.

**പ്രേഷിത മാർഗങ്ങൾ**

പ്രിയപ്പെട്ടവരേ, തടവറയിൽ കഴിയുന്നവരെ നമുക്ക് മൂന്ന് രീതിയിൽ സഹായിക്കാനാകും. **1. പ്രാർത്ഥനയിലൂടെ:** ജയിലിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനുംവേണ്ടി നമുക്ക് ത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കാം. **2. സന്നദ്ധസേവനത്തിലൂടെ:** മുറിവേറ്റവരും തിരസ്കരിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരുമായവരെ ജീസസ്സ് ഫ്രട്ടേണിറ്റിയോട് ചേർന്നു ശുശ്രൂഷിക്കാനുള്ള നിങ്ങളുടെ താത്പര്യം വിളിക്കുള്ളിലെ ഒരു വിളിയാണ് (a call within a call). ഒരു സാധാരണക്കാരനുപോലും അഴികൾക്കു പിന്നിലുള്ള സഹോദരങ്ങൾക്കുവേണ്ടി

ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാനാകും. **3. സാമ്പത്തിക സഹായത്തിലൂടെ:** തടവറയിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനുംവേണ്ടിയുള്ള സാമ്പത്തിക സഹായം ഏറെ പ്രശംസാർഹമാണ്. തടവറ ശുശ്രൂഷയുടെ ഒരടിസ്ഥാന തത്ത്വം അപരനുവേണ്ടിയുള്ള യാചനയാണ്. ഇത് ഒരനുഗ്രഹമായാണ് നമ്മൾ കരുതുന്നത്. കാരണം, നാം യാചിക്കുന്നത് മറ്റുള്ളവർക്കു വേണ്ടിയാണ്; നിസ്സഹായരായ തടവറമക്കൾക്ക് മെച്ചപ്പെട്ട ഭാവി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് നാം സുമനസ്സുകളുടെ സഹായം തേടുന്നത്. അവരുടെ ജീവിതത്തിന് മാഹാത്മ്യം ലഭിക്കാനുതകുന്ന ഈ വിനീതശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

ഉദാരമായ സംഭാവനകൾ നൽകി സഹായിക്കുന്ന എല്ലാ രൂപതകളോടും സന്യാസസമൂഹങ്ങളോടും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗുണകാംക്ഷികളോടും ഞങ്ങൾ ഹൃദയപൂർവം നന്ദി പറയുന്നു. നഷ്ടപ്പെട്ടവരെ തേടിവന്ന മിശിഹാ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും. ജീസസ്സ് ഫ്രട്ടേണിറ്റിയിലെ സന്നദ്ധസേവകരുടെ അകമഴിഞ്ഞ അധ്വാനത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. നമ്മുടെ മാതാവായ കന്യകമറിയവും പ്രത്യേക മധ്യസ്ഥനായ വിശുദ്ധ മാക്സ്മില്യൻ കോൾബേയും നമുക്കായി പ്രാർത്ഥിക്കുകയും നമ്മുടെ ശുശ്രൂഷകൾക്ക് ശക്തി പകരുകയും ചെയ്യട്ടെ.

കർത്താവായ ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

NB: 2024 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ**: പ്രിയ സഹോദരീസഹോദരന്മാരേ, ഈശോ പാപികളോടും ദരിദ്രരോടും വലിയ അനുകമ്പയാണ് കാണിച്ചത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് മറ്റുള്ളവരോട് അനുകമ്പ കാണിക്കാൻ നമ്മെ പ്രാപ്തരാക്കണമെന്ന് നമുക്കിപ്പോൾ കർത്താവിനോട് പ്രാർത്ഥിക്കാം.

**പ്രത്യുത്തരം: കർത്താവേ ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.**

ആഗോളസഭയ്ക്കുവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറകളിൽ കഴിയുന്നവരിൽ കർത്താവിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കാൻ തക്കവണ്ണം അവിടത്തെ സ്നേഹത്തിന്റെ ഉപകരണങ്ങളാക്കി മാർപാപ്പായെയും മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും മാറ്റണമെന്ന് നമുക്ക് കർത്താവിനോട് പ്രാർഥിക്കാം.

കർത്താവേ, നിഷ്കളങ്കനായ തടുവകാരൻ എന്ന നിലയിൽ അങ്ങ് തടവുകാരുടെ അവസ്ഥ അനുഭവിച്ചുവല്ലോ. തടവറയിൽ ആയിരിക്കുന്ന, മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ അനുഭവിക്കുന്ന സഹോദരീസഹോദരന്മാരെ അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരുടെമേലും അവരുടെ കുടുംബങ്ങളുടെ മേലും അങ്ങയുടെ കൃപാകടാക്ഷം ചൊരിയണമേ. ജയിൽ അധികൃതർ ദയയോടും ശാന്തതയോടും സ്നേഹത്തോടുംകൂടി അന്തേവാസികളോടു പെരുമാറാൻ അവരെ അനുഗ്രഹിക്കണമേ.

തങ്ങളുടെ സമയവും കഴിവുകളും എളിയവരും നഷ്ടപ്പെട്ടവരുമായവർക്കുവേണ്ടി ചെലവഴിക്കുന്ന *ഭാരത തടവറ ശുശ്രൂഷ*യുടെ സന്നദ്ധസേവകരുടെമേൽ അങ്ങയുടെ അനുഗ്രഹങ്ങൾ ചൊരിയണമേ. നല്ല ഇടയനായ യേശുവേ അങ്ങയുടെ നിയന്ത്രണവും സംരക്ഷണവും എപ്പോഴും അവരോടുകൂടെ ഉണ്ടാകണമേ.

തെറ്റായി കുറ്റമാരോപിക്കപ്പെടുകയും അങ്ങനെ തടവറയിൽ വസിക്കുകയും ചെയ്യുന്ന സഹോദരർക്കുവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. അവർ തീവ്രദുഃഖത്തിലും കൈയ്പ്പുനിറഞ്ഞ അനുഭവത്തിലും ആണെന്ന് അങ്ങ് അറിയുന്നല്ലോ. കരുണാവാരിധിയായ ദൈവമേ, അവരുടെ സഹനങ്ങൾ ദൈവകൃപയിൽ ആശ്രയിച്ച് സ്വീകരിക്കാനും എത്രയും വേഗം അവർ മോചിതരാകുവാനുമുള്ള വഴി തുറന്നുകിട്ടുവാൻ ഇടയാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെപക്കൽ അങ്ങയുടെ മക്കൾ അണയുമ്പോൾ അങ്ങ് അതീവ സന്തുഷ്ടനാണല്ലോ. അങ്ങയുടെ മുറിവുണക്കുന്ന കരംനീട്ടി തടവറകൾക്കുള്ളിലെ സഹോദരരെ സ്പർശിച്ച് അവർ ഒരു നവജീവിതം നയിക്കാൻ ഇടവരുത്തണമേ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ. ആമേൻ.

No: 4034/K-5/KCBC/OL/DS 16.07.2024

# ജസ്റ്റിസ് സൺഡേ (നീതിഞായർ) 2024 ആഗസ്റ്റ് 18

*കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ*
*പുറപ്പെടുവിക്കുന്ന സർക്കുലർ*

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യരാജ്യമായ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളെക്കാൾ വളരെ ദയനീയമാണ്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടിക ജാതി സംവരണം നിഷേധിക്കപ്പെട്ടത്. 1950 ആഗസ്റ്റ് 10ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമത വിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956ൽ സിക്ക് വിശ്വാസികളെയും 1990ൽ ബുദ്ധമത വിശ്വാസികളായ ദളിതരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പിന്നാക്കവിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെപോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണപങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസ പ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ

ആഹ്വാനം ചെയ്തത്. ഭാരതത്തിലെ കത്തോലിക്ക സഭയിൽ രണ്ട് കോടി ജനങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിനിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരെ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്നതിന്റെ ലക്ഷ്യം. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരന്മാരെ കൈ പിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും വാടകവീടുകളിൽ കഴിയുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു ഭവനത്തിൽതന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്ത അവസ്ഥ ഈ സമൂഹത്തെ കൂടുതൽ ദുരിതത്തിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നുമാത്രമല്ല ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യം ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 1 % സംവരണം ആണ് ദളിത് ക്രൈസ്തവർക്ക് ലഭിക്കുക. അതിൽ തന്നെ എസ്.ഐ.യു.സി. (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെകൂടെ ഉൾപ്പെട്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ഇത് തന്നെയാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IVൽ രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48ഉം 62ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളുമാണ് നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുമാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടിവരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമസംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾപോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ പരിശ്രമം ആവശ്യവുമാണ്.

ദളിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദളിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദളിത് ക്രൈസ്ത വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും, മാനേജ്മെന്റ് ക്വോട്ടയിലും, അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക്

സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23ന് കേരള സർക്കാർ ഇറക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011-ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കു വാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദളിത് ക്രൈസ്തവകുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽനിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദളിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസ ത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന തിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസി ഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറ ത്താക്കിയ 'ആഗസ്റ്റ് 10 വഞ്ചനാദിന'മായും CBCIയുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദളിത് ശാക്തീകരണപ്രവർത്തന ങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണ ങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2022-2023) എസ്.എസ്. എൽ.സി., (80%), പ്ലസ് ടു (70%), ഡിഗ്രി/പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയ കൈവരിച്ചവർക്കുള്ള കാഷ് അവാർഡ് നൽകി. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ്

& സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർ ക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക ദിനത്തിൽ നടത്താറുള്ള സ്തോത്രക്കാഴ്ച ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചു തരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവകതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**

(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**

(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**

(വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

NB: 2024 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# കച്ചേരിക്കാര്യം

ആഗസ്റ്റ് 2024

**1. ആഗസ്റ്റ് 4 വിയാനി ഡേ**

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമാണല്ലോ ആഗസ്റ്റ് 4. എല്ലാ വൈദിക സഹോദരങ്ങൾക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. അന്നേ ദിനം ദൈവാലയങ്ങളിൽ വിയാനി പുണ്യാളനെക്കുറിച്ച് അനുസ്മരണം നടത്തുകയും വിശുദ്ധന്റെ മാധ്യസ്ഥം തേടി വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

**2. ഫാ. ആർമണ്ട് മാതവത്ത് OFM Cap. -നെ ദൈവദാസ പദവിയിലേക്ക് ഉയർത്തി**

പട്ടാരം വിമലഗിരി, ഭരണങ്ങാനം അസ്സീസി എന്നീ ധ്യാന കേന്ദ്രങ്ങളുടെ സ്ഥാപകനും കേരള കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിന്റെ ആരംഭകരിൽ പ്രധാനിയുമായിരുന്ന കപ്പൂച്ചിൻ സഭ മലബാർ പ്രൊവിൻസ് അംഗം ബഹു. ആർമണ്ട് മാതവത്തച്ചനെ 2024 ജൂലൈ 13 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വച്ച് വി. കുർബാന മധ്യേ തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ദൈവദാസപദവിയിലേക്ക് ഉയർത്തി. സീറോ മലബാർ സഭക്ക് മലബാറിൽ നിന്നുള്ള ആദ്യത്തെ ദൈവദാസനാണ് ബഹു. ആർമണ്ടച്ചൻ. നാമകരണ നടപടികളുടെ ആദ്യപടിയായ ദൈവദാസപദവി പ്രഖ്യാപനത്തിന് സാക്ഷികളാകുവാൻ ആയിരക്കണക്കിന് വിശ്വാസികൾ പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ എത്തിയിരുന്നു.

ബഹു. ആർമണ്ട് അച്ചനെ ദൈവദാസപദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ പ്രഖ്യാപനം ചുവടെ ചേർക്കുന്നു.

# പ്രഖ്യാപനം

**Prot. No: 468/2024**

നമ്മുടെ കർത്താവായ ഈശോമിശിഹായിൽ പ്രിയമുള്ള സഹോദരി സഹോദരന്മാരെ,

ഫ്രാൻസിസ്കൻ കപ്പൂച്ചിൻ പാവനാത്മാ പ്രൊവിൻസിന്റെ അഭ്യർത്ഥനപ്രകാരം റവ. ഫാ. ആർമണ്ട് മാതവത്ത് OFM Cap-ന്റെ ജീവിതത്തിലെ ക്രിസ്തീയ പുണ്യങ്ങളുടെ വീരോചിതമായ അനുഷ്ഠാനം പരിഗണിച്ച് അദ്ദേഹത്തിന്റെ നാമകരണത്തിനുള്ള അതിരൂപതാതല നടപടികൾ ആരംഭിക്കുന്നതായി അറിയിക്കുന്നു. പാലാ രൂപതയിലെ മരങ്ങാട്ടുപള്ളിയിൽ ജനിക്കുകയും കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവിൽനിന്ന് പൗരോഹിത്യപദവി സ്വീകരിക്കുകയും ചെയ്ത ഫാ. ആർമണ്ട് മാതവത്ത് എന്ന കപ്പൂച്ചിൻ വൈദികൻ പാലാ രൂപതയിലെ ശുശ്രൂഷകൾക്കു ശേഷം 1990 മുതൽ 2001 ജനുവരി 12 ന് തന്റെ മരണംവരെ പട്ടാരം വിമലഗിരി ആശ്രമത്തിന്റെ സ്ഥാപകനും മേധാവിയുമായി ശുശ്രൂഷ ചെയ്തിരുന്നു. ജീവിതകാലത്തും മരണശേഷവും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധി ഈ ദേശത്തെ ദൈവജനത്തിന് ബോധ്യമായിരുന്നു.

സീറോമലബാർ സഭയുടെ പരിശുദ്ധ സിനഡിന്റെ അംഗീകാരത്തോടെ ഫാ. ആർമണ്ട് മാതവത്തിന്റെ ജീവിതവിശുദ്ധിയേക്കുറിച്ചുള്ള ദൈവജനത്തിന്റെ ബോധ്യത്തിന്റെ ആധികാരികത പ്രഥമദൃഷ്ട്യാ ഞാൻ പഠിക്കുകയും നാമകരണ നടപടികൾ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഇക്കാര്യത്തിലേക്ക് വിശുദ്ധന്മാരുടെ നാമകരണത്തിനായുള്ള റോമിലെ കാര്യാലയത്തിന്റെ നിരാക്ഷേപ പത്രവും എനിക്ക് ലഭിക്കുകയുണ്ടായി. മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ തലശ്ശേരി അതിരൂപതയുടെ അധ്യക്ഷനായ ഞാൻ ആർച്ച്ബിഷപ്പ് ജോസഫ് പാംപ്ലാനി ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും എന്നിൽ നിക്ഷിപ്തമായ ശ്ലൈഹിക അധികാരം ഉപയോഗിച്ച് ഫാ. ആർമണ്ട് മാതവത്ത് എന്ന ഫ്രാൻസിസ്കൻ കപ്പൂച്ചിൻ വൈദികനെ ദൈവദാസനായി പ്രഖ്യാപിക്കുകയും വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നീ പദവികളിലേക്കുള്ള അദ്ദേഹത്തിന്റെ നാമകരണ നടപടികൾ ആരംഭിക്കുകയും ചെയ്തതായി പ്രഖ്യാപിക്കുന്നു. വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള കാര്യാലയം പ്രസിദ്ധീകരിച്ച എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും

തിരുവെഴുത്തുകളും പരിഗണിച്ചുകൊണ്ട് ദൈവദാസനായ ഫാ. ആർമണ്ട് മാതവത്ത് OFM Cap-നെക്കുറിച്ചുള്ള അറിവുകളും രേഖകളും വിശദാംശങ്ങളും എന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ എല്ലാ സഭാവിശ്വാസികളോടും പൊതുസമൂഹത്തോടും ഇതിനാൽ ഞാൻ ആവശ്യപ്പെടുന്നു.

നിങ്ങളെ എല്ലാവരെയും പിതാവിന്റെയും ✠ പുത്രന്റെയും ✠പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ആശീർവ്വദിക്കുന്നു.

**✠ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

---

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 ജൂലൈ 13-ാം തീയതി നൽകപ്പെട്ടത്.*

**3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മവാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 113-ാം ജന്മദിനമാണ് ആഗസ്റ്റ് 4. അന്നേ ദിവസം വന്ദ്യപിതാവിനെ പ്രത്യേകം നമുക്ക് അനുസ്മരിക്കാം.

**4. അഭിനന്ദനങ്ങൾ**

**i.** കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് MA Social Science with Specialisation in History ഒന്നാം റാങ്കോടെ പാസ്സായ ബഹു. ജോൺസൺ പുലിയുറുമ്പിലച്ചന് അഭിനന്ദനങ്ങൾ.

**ii.** കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് MA Social Science with Specialisation in History രണ്ടാം റാങ്കോടെ പാസ്സായ ബഹു. ജോസഫ് കൊട്ടാരത്തിലച്ചന് അഭിനന്ദനങ്ങൾ.

**iii.** കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് MA Social Science with Specialisation in History അഞ്ചാം റാങ്കോടെ പാസ്സായ ബഹു. കുര്യാക്കോസ് പുതുക്കുളങ്ങരയച്ചന് അഭിനന്ദനങ്ങൾ.

**iv. റവ. ഫാ. തോമസ് മേൽവെട്ടത്ത്:** എറണാകുളം - അങ്കമാലി അതിരൂപതയുടെ വൈസ്ചാൻസലറായി നിയമിതനായ ബഹു. തോമസ് മേൽവെട്ടത്ത് അച്ചന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. സീറോ മലബാർ സഭയുടെ മതബോധന കമ്മീഷന്റെ സെക്രട്ടറി എന്ന ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ബഹു.

തോമസച്ചന് അധിക ചുമതലയാണ് ഈ പുതിയ നിയമനത്തിലൂടെ നല്കിയിരിക്കുന്നത്.

**V. റവ. ഫാ. ജോസഫ് റാത്തപ്പിള്ളി:** തലശ്ശേരി അതിരൂപതയുടെ വൈസ് ചാൻസലറായി ബഹു. ജോസഫ് റാത്തപ്പിള്ളി അച്ചൻ നിയമിതനായി. 2024 ഓഗസ്റ്റ് 4 ന് അച്ചൻ ചുമതലയേല്ക്കും. ബഹു. ജോസഫ് അച്ചന് അനുമോദനങ്ങളും ആശംസകളും.

**5. നന്ദി... മോൺ ജോസഫ് ഒറ്റപ്ലാക്കൽ**

2019 മെയ് 12 മുതൽ തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ എന്ന നിലയിൽ സ്തുർഹമായ സേവനമാണ് മോൺ. ജോസഫ് ഒറ്റപ്ലാക്കലച്ചൻ കാഴ്ചവച്ചത്. പടന്നക്കാടുള്ള റീജിയണൽ ബിഷപ്സ് ഹൗസിൽ താമസിച്ച് കാസർഗോഡ് റീജിയന്റെ ഉത്തരവാദിത്വമാണ് ബഹു. ഒറ്റപ്ലാക്കലച്ചൻ നിർവ്വഹിച്ചത്. കാസർഗോഡ് ജില്ലയിലെ മുഴുവൻ പള്ളികളിലും സന്ദർശനം നടത്തിയും ബഹു. വൈദികരോട് ആഴമായ വ്യക്തിബന്ധം സ്ഥാപിച്ചും വികാരി ജനറാൾ എന്ന ദൗത്യം വിജയകരമായി പൂർത്തിയാക്കുവാൻ ബഹു. ഒറ്റപ്ലാക്കലച്ചന് കഴിഞ്ഞു. അച്ചന്റെ പ്രവർത്തനങ്ങൾ കാസർഗോഡ് മേഖലയുടെ വളർച്ചക്ക് കാരണമായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ വികാരി ജനറാൾ എന്ന നിലയിലുള്ള ശുശ്രൂഷ പൂർത്തിയാക്കി 2024 ആഗസ്റ്റ് 3-ാം തീയതി മുതൽ കരുണാപുരം പള്ളിയുടെ വികാരിയായി ബഹു. ഒറ്റപ്ലാക്കലച്ചൻ സേവനം ആരംഭിക്കുകയാണ്. പ്രിയപ്പെട്ട ഒറ്റപ്ലാക്കലച്ചന്റെ കഠിനാധ്വാനത്തിനും ആത്മാർത്ഥതക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**6. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ ഈ വർഷത്തെ വാർഷിക ധ്യാനം പതിവുപോലെ രണ്ടു ബാച്ചുകളിലായാണ് നടക്കുന്നത്. 2024 സെപ്റ്റംബർ 15 ഞായറാഴ്ച മുതൽ 20 വെള്ളിയാഴ്ച വരെ ആദ്യബാച്ചിന്റെയും സെപ്റ്റംബർ 22 ഞായറാഴ്ച മുതൽ 27 വെള്ളിയാഴ്ച വരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിലും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം പരിയാരം മദർ ഹോം ധ്യാനകേന്ദ്രത്തിലുമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. രണ്ട് ബാച്ചിന്റെയും ധ്യാനം നയിക്കുന്നത് മല്ലപ്പള്ളി എമ്മാവൂസ് റിട്രീറ്റ് സെന്റർ ഡയറക്ടർ എം.സി.ബി.എസ് സഭാംഗമായ ബഹു. ജോർജ് കാട്ടൂർ അച്ചൻ ആണ്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ട വൈദികരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

## Priests Annual Retreats 2024 Sept. 15 -20, Sept. 22-27

### I Batch (September 15-20 - Minor Seminary, Thalassery)

**Rev. Frs (Sl.No & Name)**

01 Ambalathumkal Joseph CRM
02 Ambattuparambil Devassy OFM Conv.
03 Alamkottu Mathew
04 Anakkallil Joseph
05 Anikuzhikattil Mathew
06 Anthyamkulam Johnson
07 Arackal Kuriakose
08 Areeplackal Mathew
09 Attangattil Thomas
10 Attookkaran Joseph RJ
11 Chakkanikkunnel Paul CMI
12 Chalil George
13 Chakkanikunnel Thomas
14 Chanakkattil Antony
15 Chelamaram George
16 Chembakasseril Cherian
17 Chemplayil Mathew
18 Chennappally George
19 Cheriyamkunnel Joseph
20 Cheripuram Sebastian
21 Cherussery Joseph
22 Chiranackal Scaria
23 Chollampuzha Joseph
24 Edathinakath Paul
25 Edathinal Joby CST
26 ElavumkunnelGeorge (Jnr.)
27 Elukunnel George
28 Enacheril Joseph
29 Eruppakkatt Philip
30 Illickal Scaria MSFS
31 Ittiyappara Francis MCBS
32 Kadakkuzhayil Jude
33 Kadayilan Jose ISCH34
34 Kaithamattathil Joseph CM
35 Kakkattil Jose
36 Kakkaramattathil Joseph
37 Kalappura George
38 Kalapurackal Varghese
39 Kalarickal Kuriakose
40 Kallumkal Mathew
41 Kandathil Paul
42 Karakkattu Philip
43 Karottu George
44 Kanjirathinkal Joseph
45 Kappiyarumalayil James TOR
46 Karikkathadathil George
47 Karingalilkkattil Joseph
48 Karukamalil Joseph
49 Kavanadiyil Joseph
50 Kaviyil Philip
51 Kayammackal Mathew
52 Kidarathil Thomas
53 Kizhukkarakattu Joji CM
54 Kochukarottu Thomas
55 Kolakunnel Kuriakose
56 Koluthappallil Joseph
57 Konickal Mathew
58 Koonankiyil Emmanuel
59 Kottarathil Joseph
60 Kottukapally Mathew
61 Kovattu George
62 Koyipuram Joseph (Snr.)
63 Kudilil Mathew
64 Kulathara Joseph
65 Kunnath Varghese
66 Kurumpurath Mathew HGN

67 Kuthuly Joseph HGN
68 Madassery Lukose
69 Mampuzhackal Ruble Martin SJ
70 Manchapillil Joseph
71 Manickathazhe Jose
72 Manjalamkunnel Antony
73 Mannur John (Jnr.)
74 Mappilaparambil Thomas (Jnr.)
75 Mattakkottil Antony
76 Mattathil Joseph
77 Menachery Louis Mariadas
78 Menappattupadickal Thomas
79 Meprath Justin HGN
80 Moonnanal Mathew
81 Mundackal Paul
82 Mundaplackal Joseph
83 Mundolickal John
84 Muttathukunnel Joseph
85 Mylammoottil Jose OSB
86 Nirappel Scaria
87 Nooramackal John
88 Olickal Mathew
89 Ottaplackal Joseph
90 Padinjareyil Jacob
91 Paimpillil Thomas
92 Palakuzhy Sebastian
93 Paliathil Mathew OFM
94 Pallineerackal Jacob
95 Panamkuzhiyil Thomas
96 Pandiamakel Augustine
97 Panthallooparambil Kuriakose
98 Pariyanickal Mathew
99 Pattamkulam Thomas
100 Plavunilkumparambil Kuriakose
101 Podimattam Sebastian
102 Ponatt Abraham
103 Poovannikunnel Jose
104 Poovathanickal John Paul
105 Poovathanikunnel Scaria
106 Poovathinkal Emmanuel
107 Poovatholil Joseph
108 Poweth Joseph
109 Pravarthummalayil Mathew
110 Pulickal George
111 Punnassery Jithin OFm Conv.
112 Purathemuthukattil Don Bosco
113 Puthenpurackal Xavier (Snr)
114 Puthussery Abraham
115 Puthussery Joseph
116 Rathappillil Joseph
117 Sasthampadavil Mathew
118 Thakidiyel Joseph
119 Thazhappallil Sebastian
120 Thekkanal Xavier MCBS
121 Thekkedath Sebastian
122 Thekkemuriyil Antony
123 Thekkevayalil George
124 Thengumpallil George
125 Thengumpallil Sebastian
126 Vadakemulanjanal Thomas
127 Vadakemuriyil Thomas
128 Vadakkeparambil Joseph
129 Vadasseril Scaria
130 Vallimala George
131 Valloppilly Paul
132 Varambakath Lazar
133 Varanath Joseph
134 Varickanickal Martin
135 Vazhakatt John
136 Vengaparambil Johnson
137 Vennayappillil Jacob
138 Vettickal Jose

## II Batch (September 22-27 - Mother Home)

**Rev. Frs (Sl.No & Name)**

01 Achandiyil George
02 Amakkattu Thomas
03 Ambattu Sebastian
04 Anacharil Joseph
05 Anakkallil Antony
06 Anithanam Joseph
07 Arackal Augustine
08 Areechalil Sebastian OCD
09 Asarikunnel George
10 Asariparambil Mathew
12 Attel Emmanuel
11 Chackamkunnel Augustine
13 Chakyarath Mathew
14 Chakkananickal Scaria
15 Chakkittamuriyil Thomas
16 Chathanattu Joseph
17 Chellamkottu James
18 Chellamkottu Mathew
19 Chellamkottu Joseph
20 Chempananickal John
21 Chennoth Sebastian
22 Cheriampurath Varghese
23 Cheruvil Thomas
24 Chintharmaniyil Thomas
25 Chittett Antony
26 Choorackal Raphel VC
27 Edayadiyil Sebastian
28 Edukkunnel Elias
29 Elamthuruthipadavil Mathew
30 Elavumkunnel George (Snr.)
31 Ezhuparayil Joseph
32 Ikkaraparambil Joseph
33 Kadumpanthanam Joseph O.Pream
34 Kalapurackal Joseph
35 Kalarickal Joseph
36 Kalarimuriyil George
37 Kanakkattu Joseph
38 Kanjirakkatt George
39 Kanjirathinkal Jose Prakash OFM Cap
40 Kaniyamparambil Thomas Ofm Conv.
41 Kavukatt Chummar RCJ
42 Kayamkattil George
43 Keezharathil Thomas
44 Kizhakethalackal Martin
45 Kizhuthara George
46 Kochupurackal Abraham
47 Kolangayil Thomas OFM Cap
48 Konnayil Thomas
49 Koovapparayil John
50 Kottucherady Mathew
51 Kottukapally Thomas
52 Koyipuram Joseph (Jnr.)
53 Kudiparambil Chacko
54 Kunnel Mathew
55 Kurisummoottil Joseph
56 Kuttikkattukunnel Jacob
57 Madappanthottukunnel Joseph
58 Madathimyalil Abraham
59 Malakkaran Joseph
60 Manavath Thomas
61 Mangattil Mathew OFM Cap
62 Manjakkunnel Michael
63 Manjalamkunnel Joseph
64 Marrasseril Thomas
65 Mattappallil Lukose
66 Mattathil Issaac
67 Melvettom Mani
68 Mookkilikkattu Sebastian
69 Moonnanapally James

70 Mukkuzhy Mathew(Akhil)
71 Mullankuzhy John
72 Mundackal Jose
73 Mundankunnel George
74 Munjanattu Joseph
75 Muthukunnel Antony
76 Muttathupara Sebastian
77 Muttumannil Philip
78 Narikuzhy Mathew
79 Nedungattu Jacob
80 Nellithanath Dennis
81 Nirappel Alex
82 Nirappel Joseph
83 Nooranmackal Joseph
84 Odiyathinkal Lawrence SCJ
85 Olickal Paul CST
86 Onamkulam John
87 Orathel Joseph
88 Orathel Kuriakose
89 Padinjareanisseril George
90 Padinjaremuriyil Pious
91 Palakeel Joseph
92 Palamattam Mathew
93 Pallickal Thomas
94 Pallikunnel Antony
95 Pampackal Thomas
96 Panjikkunnel Jacob
97 Panthalanickal Thomas
98 Parappalliyath Martin
99 Paravarakath Mathew
100 Pathickal Thomas
101 Pathiyottil Joseph
102 Pazheparambil George
103 Ponnambel John
104 Pookamala Thomas
105 Poovanpuzha Thomas
106 Poovassery Mathew OFM Cap
107 Pottemplackal Mathew
108 Puliyurumbil Johnson
109 Punchatharappel George
110 Pulimala Paul MST
111 Punnure Antony
112 Puthennadayil James
113 Puthenpurackal Xavier (Jnr)
114 Puthukulangara Kuriakose
115 Puthumana Joseph
116 Rathappillil Francis
117 Thattuparambil Paul
118 Thayyil Thomas
119 Thekkel Andrews
120 Thekkemury Mathew
121 Thelakkatt Xavier
122 Thenammackal Joseph
123 Thengumpallil Thomas
124 Thuruthel Joseph
125 Thykunnumpuram George
126 Thykunnumpuram Joseph
127 Thypparambil Sebastian
128 Vadakkan Augustine
129 Valavanal Mathew
130 Valiaparambil Mathew
131 Valimalayil James CST
132 Varambakath Scaria
133 Vattamkattel Thomas
134 Vayalunkal Joseph
135 Vellaringattu George
136 Velloorputhenpurayil Thomas
137 Vemmenikkattayil Sebastian
138 Vengakunnel Mathew
139 Vettiyanickal Varghese

## 7. ആദരാഞ്ജലികൾ

**1. റവ. സി. ജെമ്മ എം.എസ്.എം.ഐ. (86):** എം.എസ്.എം.ഐ. സന്യാസിനീ സമൂഹം തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായ റവ. സി. ജെമ്മ നെടിയാക്കൽ എം.എസ്എം.ഐ. 2024 ജൂലൈ 06 ന് നിര്യാതയായി. പരിയാരം ഏമ്പേറ്റ് ഭവനത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു സിസ്റ്റർ. നെല്ലിക്കുറ്റി - വിമലഗിരി, നെല്ലിക്കുറ്റി - സീയോൺ, കുളത്തുവയൽ, മേരിപുരം, ബെക്കി, മേരിഗിരി, പടുപ്പ്, ചന്ദനക്കാംപാറ, ആര്യപറമ്പ, തലശ്ശേരി, രയറോം, കോലുവള്ളി, പരിയാരം എന്നിവിടങ്ങളിൽ റവ. സി. ജെമ്മ സേവനം ചെയ്തിട്ടുണ്ട്. ഇതിൽ പത്ത് ഭവനങ്ങളുടെ സുപ്പീരിയറുമായിരുന്നു. മൃതസംസ്ക്കാരശുശ്രൂഷകൾ 2024 ജൂലൈ 7 ന് നെല്ലിക്കുറ്റി സീയോൺ ധ്യാനകേന്ദ്രത്തിലുള്ള സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.



**2. റവ. സി. മേരി റ്റിസിയാന കദളിക്കാട്ടിൽ എസ്.എ.ബി.എസ്. (86):** വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് അഡോറേഷൻ പ്രൊവിൻസ് അംഗമായ ബഹു. സി. മേരി റ്റിസിയാന കദളിക്കാട്ടിൽ 2024 ജൂലൈ 21 ന് നിര്യാതയായി. ചേറ്റംകുന്ന് ആരാധനാ മഠത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. പാലാവയൽ, മാനന്തവാടി, തോമാപുരം, വിളക്കാംതോട്, പുല്ലൂരാംപാറ, മരുതോങ്കര, കോഴിച്ചാൽ, പാണത്തൂർ, കണിച്ചാർ, എടാട്ട്, കാസർഗോഡ്, മണക്കടവ്, അങ്ങാടിക്കടവ്, നിർമ്മലഗിരി, അരവഞ്ചാൽ, പ്രൊവിൻഷ്യൽ ഹൗസ് കിളിയന്തറ, ചേറ്റംകുന്ന് എന്നീ മഠങ്ങളിൽ ശുശ്രൂഷ ചെയ്തു. മൃതസംസ്ക്കാരശുശ്രൂഷകൾ 2024 ജൂലൈ 22 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



## 8. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973

4. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. - 06-08-1958
5. റവ. ഫാ. ജോസഫ് വലിയകണ്ടം - 08-08-2022
6. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. - 08-08-1993
7. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ - 09-08-2011
8. റവ. ഫാ. തോമസ് മാമ്പുഴക്കൽ - 13-08-1994
9. റവ. ഫാ. വർക്കി കുന്നപ്പള്ളി - 15-08-2012
10. റവ. ഫാ. ജോൺ കച്ചിറമറ്റം - 18-08-2007
11. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം - 19-08-2007
12. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം - 22-08-2005
13. റവ. ഫാ. ജോസഫ് കോഴികോട്ട് - 25-08-2010
14. റവ. ഫാ. ആന്റണി കുര്യാളശ്ശേരി - 26-08-2001
15. റവ. ഫാ. ജോർജ് വട്ടുകളം - 28-08-1970
16. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ - 30-08-1984
17. റവ. ഫാ. പീറ്റർ കൂട്ടിയാനി - 31-08-2014

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

Prot. No. 469/2024

# DECREE

I, Mar Joseph Pamplany, Archbishop of Thalassery, hereby constitute, as per the norms of CCEO cc. 264-270, the Presbyteral Council of the Archeparchy of Tellicherry for the period of August 2024 to - August 2027 with immediate effect. The following Presbyters are the members of the newly constituted Presbyteral Council.

**I. Ex- Officio Members**

1. Archbishop Mar Joseph Pamplany - President
2. Msgr. Antony Muthukunnel - Vice President
3. Msgr. Sebastian Palakuzhy - Syncellus
4. Msgr. Mathew Elamthuruthipadavil - Syncellus
5. Fr. Joseph Muttathukunnel - Chancellor
6. Fr. Jose Vettickal - Judicial Vicar
7. Fr. Joseph Kakkaramattathil - Procurator
8. Fr. George Karottu - Rector, St. Joseph's Minor Seminary
9. Fr. Philip Kaviyil - Director, Sandesa Bhavan
10. Fr. Jacob Vennayappilly - Catechism Director
11. Fr. Mathew Sasthampadavil - Corporate Manager
12. Fr. Scaria Varamabakath - TSSS Director

**II. Elected Members - Age group**

1. Fr. George Elukunnel
   Fr. Joseph Kalarickal
   Fr. Joseph Ottaplackal
2. Fr. Mathew Pottemplackal
   Fr. Thomas Paimpillil
   Fr. Antony Tharekkadavil
3. Fr. Abraham Puthussery
   Fr. Lazar Varambakath
   Fr. James Chellamkottu
4. Fr. Kuriakose Kolakunnel
   Fr. Philip Karakattu
   Fr. Mathew Olickal
5. Fr. Mathew Kottukappally
   Fr. John Nooramackal
   Fr. Sebastian Edayadiyil
6. Fr. Joseph Kottarathil
   Fr. Luckose Madassery
   Fr. Joseph Anacharil
7. Fr. Thomas Konnayil
   Fr. Joseph Mundaplackal
   Fr. Sebastian Thengumpallil

**III. Elected from Foranes**

| | | |
|---|---|---|
| 1. Alakodu | - | Fr. Xavier Puthenpurayil (Snr.) |
| 2. Chempanthotty | - | Fr. Orathel Joseph |
| 3. Chemperi | - | Fr. Paul Valloppilly |
| 4. Cherupuzha | - | Fr. Augustine Pandiamackal |
| 5. Edoor | - | Fr. Kuriakose Kalarickal |
| 6. Kanhangad | - | Fr. Joseph Nooramackal |
| 7. Kasargod | - | Fr. Joseph Koluthappillil |
| 8. Kunnoth | - | Fr. George Achandiyil |
| 9. Malome | - | Fr. Joseph Kanjirathinkal |
| 10. Manikkadavu | - | Fr. Geoge Chalil |
| 11. Marygiri | - | Fr. Antony Thekkemuriyil |
| 12. Nellickampoil | - | Fr. Kidarathil Thomas |
| 13. Paisakkari | - | Fr. Dennis Nellithanath |
| 14. Panathady | - | Fr. Thomas Chakkittamuriyil |
| 15. Peravoor | - | Fr. Martin Varickanickal |
| 16. Thaliparamaba | - | Fr. Mathew Narikuzhy |
| 17. Thomapuram | - | Fr. Xavier Puthenpurayil (Jnr) |
| 18. Vayattuparamba | - | Fr. Varghese Vettiyanickal |
| 19. Vellarikundu | - | Fr. Joseph Pathiyottil |

**IV. Nominated Members**

1. Fr. Thomas Amakattu
2. Fr. Mathew Valiyaprambil
3. Fr. Thomas Kochukarottu
4. Fr. John Kochupura CST
5. Fr. Thomas Karingadayil OFM Cap.
6. Fr. James Puthennadayil
7. Fr. Sebastian Chennoth
8. Fr. George Asarikunnel
9. Fr. Augustine Vadakkan
10. Fr. Seban Cheripurath

**V. Special Invitees**

All Forane Vicars

Apostolates Heads

Given from the Archeparchial curia on 29th July 2024.

✠ **Joseph Pamplany**
*Archbishop of Tellicherry*

**Fr. Joseph Muttathukunnel**
*Chancellor*

# റിഫ്രഷർ കോഴ്സ് 2024
# (ജൂൺ 12-14, ജൂലൈ 15-17)

ഈ വർഷത്തെ ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ് പതിവുപോലെ രണ്ട് ബാച്ചുകളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. ആദ്യബാച്ചിന്റെ കോഴ്സ് 2024 ജൂൺ 12-14 തീയതികളിലും രണ്ടാം ബാച്ചിന്റെ കോഴ്സ് 2024 ജൂലൈ 15-17 തീയതികളിലും നടന്നു. ബഹു. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നടത്താറുള്ള റിഫ്രഷർ കോഴ്സിൽ ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും ചർച്ചകളും ഉൾപ്പെടുത്തിയിരുന്നു.

ആദ്യബാച്ച് കോഴ്സിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നിർവ്വഹിച്ചു. ബഹു. ജോസ് കുമ്പുക്കലച്ചൻ നിർമ്മിത ബുദ്ധി (Artificial intelligence) യുടെ ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങളും പ്രയോജനങ്ങളും ബഹു. വൈദികരെ പരിചയപ്പെടുത്തിക്കൊണ്ട് ക്ലാസ്സ് എടുത്തു. ആദ്യദിനം ഉച്ചകഴിഞ്ഞ് മിസ്റ്റർ ജേക്കബ് CA നേതൃത്വം കൊടുത്ത പാരീഷ് അക്കൗണ്ടിങ്ങിനെക്കുറിച്ചുള്ള ക്ലാസ്സായിരുന്നു. ഓഡിറ്റിംഗുമായി ബന്ധപ്പെട്ട പുതിയ നിയമങ്ങളും നിർദ്ദേശങ്ങളും ജേക്കബ് സാർ ക്ലാസ്സിലൂടെ വിശദീകരിച്ചു. അന്നേ ദിവസം വൈകുന്നേരം അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വി. കുമ്പസാരത്തിനും ദിവ്യകാരുണ്യ ആരാധനയ്ക്കും ഒരുക്കമായുള്ള വചനസന്ദേശം നല്കി.

രണ്ടാം ദിനത്തിൽ എഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ മി. ബിജു എസ്. മതം, രാഷ്ട്രീയം, മാധ്യമം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസ്സ് നയിച്ചു. അഡ്വ. മാനുവൽ പ്ലാത്തോട്ടം പോക്സോ നിയമത്തിന്റെ വിവിധ വശങ്ങളെ വിശദീകരിച്ചുകൊണ്ട് ക്ലാസ്സിനു നേതൃത്വം നല്കി. ആരോഗ്യകരമായ ജീവിതത്തിന് Exercise-ന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് കണ്ണൂർ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ നിന്നുള്ള ഡോ. അതുൽ ഹരീന്ദ്രൻ, ഡോ. ടെസ് ആൻ കുര്യൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

മൂന്നാം ദിനം കൂരിയ പ്രവർത്തനങ്ങളെക്കുറിച്ച് പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചനും വിവിധ അപ്പസ്തോലേറ്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും P P F-ന്റെ കാര്യങ്ങളെക്കുറിച്ചും മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും ക്ലാസ്സുകൾ എടുത്തു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. മാധ്യമ അവബോധം ഉണ്ടാകേ

ണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുവായ ചർച്ച ഉണ്ടായി. മീഡിയ അപ്പൊസ്റ്റൊലേറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ കൂടുതൽ വൈദികരെ ഉൾപ്പെടുത്തി ഒരു മീഡിയ ടീം ഉണ്ടാക്കി. ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടന്നു. ദീപിക ദിനപത്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. മാത്യു വലിയപറമ്പിൽ അച്ചൻ സംസാരിച്ചു. ആത്മസ്ഥിതിയുടെ വെബ് ആപ്ലിക്കേഷൻ ഓരോ ഇടവകകളിലും നടപ്പിലാക്കുവാൻ ഫൊറോനാ തലത്തിൽ നേതൃത്വം നൽകുവാൻ ബഹു. വൈദികരെ കോർഡിനേറ്റർമാരായി നിയോഗിച്ചു. *Pre mature death* സംഭവിക്കുന്ന സാഹചര്യത്തിൽ കുഞ്ഞുങ്ങൾക്ക് മൃതസംസ്ക്കാരം നല്കണമെന്ന നിർദ്ദേശം പിതാവ് നൽകി. മാമ്മോദീസാ പരികർമ്മം ചെയ്യുമ്പോൾ ദൈവാലയത്തിന് വെളിയിൽ ആനവാതിലിന് പുറത്താണ് ആരംഭിക്കേണ്ടതെന്നും തലതൊട്ടപ്പനും തലതൊട്ടമ്മയും ആവശ്യമെങ്കിൽ മാതാപിതാക്കളുമാണ് ജ്ഞാനസ്നാനം സ്വീകരിക്കുന്ന കുഞ്ഞിനൊപ്പം ദൈവാലയത്തിനു വെളിയിൽ നില്ക്കേണ്ടതെന്നും തിരുക്കർമ്മത്തിൽ പങ്കെടുക്കുന്ന ദൈവജനം മുഴുവൻ ദൈവാലയത്തിൽ ഉള്ളിലാണ് നില്ക്കേണ്ടതുമെന്ന നിർദ്ദേശം അഭിവന്ദ്യ പിതാവ് നൽകി.

ദിവ്യകാരുണ്യവർഷത്തിൽ ദിവ്യബലി ഇടവകകളിൽ മുടങ്ങാതെ ശ്രദ്ധിക്കണമെന്നും ബഹു. വൈദികർ ഒരു മണിക്കൂറെങ്കിലും ദിനം പ്രതി ദിവ്യകാരുണ്യ ആരാധന നടത്തണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. മൃതസംസ്ക്കാര ശുശ്രൂഷകളിൽ പ്ലാസ്റ്റിക് റീത്തുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കുവാൻ പഞ്ചായത്തുകളിൽ നിന്നും അറിയിപ്പ് ലഭിച്ച കാര്യം ബഹു. വൈദികരെ അറിയിച്ചു.

രണ്ടാമത്തെ ബാച്ചിന്റെ കോഴ്സ് ജൂലൈ 15-17 തീയതികളിൽ സന്ദേശഭവനിൽ നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. രണ്ടാമത്തെ കോഴ്സിലും ബഹു. ജോസഫ് കുമ്പുക്കലച്ചന്റെ നിർമ്മിത ബുദ്ധിയെ സംബന്ധിച്ചുള്ള ക്ലാസ്സും മിസ്റ്റർ ജേക്കബ് CA യുടെ പാരീഷ് അക്കൗണ്ടിങ്ങിനെക്കുറിച്ചുള്ള ക്ലാസ്സും ഉണ്ടായിരുന്നു. മി. ഷോണിറ്റ് അഗസ്റ്റ്യൻ നേതൃത്വം നൽകിയ NLPയെ അടിസ്ഥാനമാക്കിയുള്ള മോട്ടിവേഷൻ ക്ലാസ്സും ആദ്യംദിനം നടന്നു. അന്നേ ദിവസം വൈകുന്നേരം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വി. കുമ്പസാരത്തിനും ദിവ്യകാരുണ്യ ആരാധനയ്ക്കും ഒരുക്കമായുള്ള വചനസന്ദേശം നല്കി.

ബഹു. സെബാൻ ചെരിപുറം അച്ചൻ മനശാസ്ത്ര തത്വങ്ങളുടെ അടിസ്ഥാനത്തിൽ *Happy Priestly Life* നെക്കുറിച്ച് നയിച്ച ക്ലാസ്സ് ഏറെ

പ്രശംസനീയമായിരുന്നു. News 18 ചാനലിന്റെ ന്യൂസ് എഡിറ്ററായ മിസ്റ്റർ ടോം കുര്യാക്കോസ് നേതൃത്വം നൽകിയ മീഡിയാ അവബോധത്തെക്കുറിച്ചുള്ള ക്ലാസ്സ് ഏറെ ശ്രദ്ധിക്കപ്പെട്ടു. ജസ്റ്റീസ് ഫിലിപ്പ് തോമസ് സാർ പോക്സോ നിയമത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. ആരോഗ്യപരമായ ജീവിതശൈലി രൂപപ്പെടുത്തേണ്ടതിനെക്കുറിച്ചും ശ്വാസകോശ സംബന്ധമായ അസുഖങ്ങളെക്കുറിച്ചും കണ്ണൂർ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ നിന്നും ഡോ. അഖിൽ, ഡോ. പ്രമഥകല എന്നിവർ ക്ലാസ്സുകൾ നയിച്ചു. മൂന്നാം ദിനം അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പൊതുവിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ബയോ മൗണ്ടൻ കമ്പനിയുടെ വരവ് ചിലവ് കണക്കുകൾ എല്ലാവർഷവും വൈദികസമ്മേളനത്തിൽ അവതരിപ്പിക്കുന്നതായിരിക്കും എന്നറിയിച്ചു. സാധിക്കുന്നിടത്തോളം ഇടവകകളുടെ അതിർത്തികൾ പുനഃക്രമീകരിക്കണമെന്നും ചെറിയ ഇടവകകളിൽ കുടുംബങ്ങളുടെ എണ്ണം കുറയുന്നതിനാൽ കൂടുതൽ കുടുംബങ്ങൾ ചെറിയ ഇടവകളിൽ ഉൾപ്പെടും വിധത്തിൽ അതിർത്തി പുനഃക്രമീകരണം നടത്തുവാൻ ശ്രദ്ധിക്കണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വം നൽകുന്ന കമ്മ്യൂണിറ്റി റേഡിയോ (Radia 4U) യുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ഉണ്ടായി. വിവാഹ ഒരുക്ക സെമിനാറുകൾ ഓഫ് ലൈനിൽ നിർബന്ധമായും പങ്കെടുക്കണമെന്നുള്ള കാര്യം പള്ളികളിൽ അറിയിക്കുവാൻ നിർദ്ദേശമുണ്ടായി.

Eduspark -ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ഉണ്ടായി. പാലാ സിവിൽ സർവ്വീസ് അക്കാദമിയുമായി സഹകരിച്ച് പഠനത്തിൽ മിടുക്കരായ കുട്ടികളെ സിവിൽ സർവ്വീസ് പോലുള്ള പ്രവർത്തന മേഖലകളിലേക്ക് പ്രോത്സാഹനം നല്കുവാൻ ഉദ്ദേശിക്കുന്ന കാര്യം അഭിവന്ദ്യ പിതാവ് അറിയിച്ചു. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നിർബന്ധമായും ബഹു. വൈദികർ ഇടവകകളിൽ ഭവനസന്ദർശനങ്ങൾ നടത്തണമെന്നും പിതാവ് നിർദ്ദേശിച്ചു. ഏയ്ഞ്ചൽ ഡയാലിസിസ് പദ്ധതിയുടെ വിജയത്തിനായി ഉപകാരികളെ കണ്ടെത്തുന്നതിനെക്കുറിച്ചും ചർച്ചയുണ്ടായി. അതിരൂപതയുടെ അജപാലന ആവശ്യങ്ങൾക്ക് മുൻഗണന നല്കികൊണ്ടായിരിക്കണം വൈദികരെ ഉപരിപഠനത്തിന് അയയ്ക്കേണ്ടത് എന്ന നിർദ്ദേശം ബഹു. വൈദികരുടെ ഭാഗത്തു നിന്നുണ്ടായി. ബഹു. അഗസ്റ്റിൻ ചക്കാംകുന്നേൽ അച്ചനും ബഹു. മാത്യു തെക്കേമുറിയിൽ അച്ചനും എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

**2. ഓഗസ്റ്റ് 4 - വിയാനി ഡേ**

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ഓഗസ്റ്റ് 4-ാം തീയതി വിശ്വാസപരിശീലകരും കുട്ടികളും ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും വി. കുർബാനയ്ക്ക് ശേഷം മീറ്റിംഗ് കൂടി ബഹു. വികാരിയച്ചന് ആശംസകൾ നേരുകയും ചെയ്യണം.

**3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനം**

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനമാണ് ഓഗസ്റ്റ് 4. അന്നേ ദിവസം വി. കുർബാനയ്ക്കുശേഷം മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ കുട്ടികൾക്ക് പരിചയപ്പെടുത്തുമല്ലോ.

**4. മതബോധന മണിക്കൂർ**

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

**5. സർവ്വേ ഫോം 2024-2025**

സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത്. അതിനാൽ 2024-2025 അധ്യയനവർഷത്തെ വിശ്വാസപരിശീല കരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഓഗസ്റ്റ് 5-നുള്ളിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**6. അതിരൂപതാ സന്ദർശകരുടെ സമ്മേളനം - നന്ദി**

ജൂലൈ 2-ന് തലശ്ശേരി സന്ദേശഭവനിൽവച്ച് അതിരൂപതാ സന്ദർശക രുടെ പ്രഥമസമ്മേളനം നടത്തി. പങ്കെടുത്ത എല്ലാ അതിരൂപതാ സന്ദർശ കർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി.

**7. ആമുഖസെമിനാർ... നന്ദി**

ജൂലൈ 11 മുതൽ 14 വരെയുള്ള തീയതികളിലായി നടത്തിയ 75-ാമത് ആമുഖസെമിനാറിൽ 70 വിശ്വാസപരിശീലകർ പങ്കെടുത്തു. ആമുഖ സെമിനാർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. തോമസ് മാപ്പിളപ്പറമ്പിൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. മാർ ജോസഫ് പാംപ്ലാനി, റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, റവ. ഡോ. സി. റോസ്‌ലിറ്റ് എസ്എബിഎസ്, റവ. ഫാ. സാബു പുതുശ്ശേരി, ശ്രീ. വിപിൻ മാറുകാ ട്ടുകുന്നേൽ, ശ്രീ. ഷോണിറ്റ് അഗസ്റ്റിൻ പാറത്താഴെ, ശ്രീ. ജോബി ജോൺ മൂലയിൽ, എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മോഡൽക്ലാസ്സ് എടുത്ത സി. സീന സേവ്യർ എഫ്.സി.സിയ്ക്കും റിസോഴ്സ് ടീം അംഗങ്ങൾക്കും പങ്കെ ടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാ രിയച്ചൻമാർക്കും ഹൃദ്യമായ നന്ദി.

**8. ഓണപരീക്ഷ - സെപ്റ്റംബർ 01**

ഓണപരീക്ഷ സെപ്റ്റംബർ 01-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരു ങ്ങേണ്ട പാഠങ്ങൾ താഴെ കൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടി ല്ല.** 01-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

**A. ജനറൽ ചോദ്യങ്ങൾ**

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതാ യിരിക്കും. ജനറൽ ചോദ്യങ്ങൾ ഓഗസ്റ്റ് 19-ന് പ്രധാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകിയിട്ടുണ്ട്. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

**B. മാർക്ക്‌വിഭജനം**

| | | | |
|---|---|---|---|
| പാഠപുസ്തകം | 50 | ഉപപാഠം | 10 |
| നമസ്ക്കാരം | 5 | ജനറൽ ചോദ്യങ്ങൾ | 5 |
| ആഭ്യന്തര മൂല്യനിർണ്ണയം | 25 | മതബോധന മണിക്കൂർ | 5 |

**C. പാഠഭാഗങ്ങൾ**

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -4 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 9. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 10. എയ്ഞ്ചൽ/ബൈബിൾ നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി

ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

## 11. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

2023-2024 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് വിതരണം ചെയ്തിരുന്നു. സർട്ടിഫിക്കറ്റുകൾ എത്രയും പെട്ടന്നുതന്നെ കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 12. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 15 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും
2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം.

## 13. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 14. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2024-2025 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള

പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപത വിസിറ്റേഴ്സിന്റെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ടോമി എടാട്ടേൽ |
| ചെമ്പന്തൊട്ടി | സോയ് ജോസഫ് പുറവക്കാട്ട് |
| ചെമ്പേരി | രാജു മുണ്ടോളിയ്ക്കൽ |
| ചെറുപുഴ | ജോണി കൈപ്പള്ളിപ്പാറയിൽ |
| എടൂർ | തോമസ് ആലപ്പാട്ട് |
| കാഞ്ഞങ്ങാട് | ബേബി മാടപ്പള്ളി |
| കാസർഗോഡ് | പ്രിൻസ് വട്ടുകുളം |
| കുന്നോത്ത് | ഷാജി മംഗലത്തിൽ |
| മാലോം | ആന്റണി തുരുത്തിപ്പള്ളിൽ |
| മണിക്കടവ് | ജോസ് പുഷ്പക്കുന്നേൽ |
| മേരിഗിരി | ആനിച്ചൻ കുളങ്ങരമുറിയിൽ |
| നെല്ലിക്കാംപൊയിൽ | സണ്ണി മുണ്ടോളിക്കൽ |
| പൈസക്കരി | സിബിച്ചൻ പള്ളിച്ചിറ |
| പനത്തടി | സലോമി കല്ലുവേലിൽ |
| പേരാവൂർ | ജോസഫ് മാടപ്പള്ളിക്കുന്നേൽ |
| തളിപ്പറമ്പ് | ബേബി പുഞ്ചയിൽ |
| തോമാപുരം | സജിമോൻ കൊല്ലകൊമ്പിൽ |
| വായാട്ടുപറമ്പ് | മാത്യു കാടൻകാവിൽ |
| വെള്ളരിക്കുണ്ട് | ജോയി പുളിക്കക്കുന്നേൽ |

### 15. ഫൊറോന പ്രസിഡണ്ട് – നന്ദിയും സ്വാഗതവും

സൺഡേസ്കൂൾ ഫൊറോന പ്രസിഡണ്ടുമാരായി സ്തുത്യർഹമായ സേവനം ചെയ്ത ശ്രീ. വർഗ്ഗീസ് കുളത്തിങ്കൽ, ശ്രീ. തങ്കച്ചൻ കൂനങ്കിൽ (പൈസക്കരി), ശ്രീ. ബേബി പുഞ്ചായിൽ (തളിപ്പറമ്പ്) എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ സ്നേഹംനിറഞ്ഞ നന്ദി. പുതിയ ഫൊറോന പ്രസിഡണ്ടുമാരായി നിയമിതരായിരിക്കുന്ന ശ്രീ. ജോസ് നെട്ടനാനിക്കൽ (പൈസക്കരി), ശ്രീ. ബാബു പതിപ്പള്ളിൽ (തളിപ്പറമ്പ്) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

## 16. വിസിറ്റേഴ്സ്: നന്ദിയും സ്വാഗതവും

സൺഡേസ്കൂൾ ഫൊറോന വിസിറ്റർമാരായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. ജോർജുകുട്ടി ജോസഫ് പേണ്ടാനത്ത് (കാഞ്ഞങ്ങാട്), ശ്രീ. ജോബി അബ്രാഹം പനച്ചിക്കക്കരോട്ട് (കുന്നോത്ത്), ശ്രീ. ജോണി പൂവത്തിങ്കൽ (മാലോം), ശ്രീ. തോമസ് കുരിശുംമൂട്ടിൽ (തളിപ്പറമ്പ്), ശ്രീ. ജോയി ആനിക്കാട്ടുവയലിൽ (വെള്ളരിക്കുണ്ട്) എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ സൺഡേ സ്കൂൾ വിസിറ്റർമാരായി നിയമിതരായിരിക്കുന്ന ശ്രീ. ബേബി മാടപ്പള്ളി (കാഞ്ഞങ്ങാട്), ശ്രീ. ഷാജി മംഗലത്തിൽ (കുന്നോത്ത്), ശ്രീ. ആന്റണി തുരുത്തിപ്പള്ളിൽ (മാലോം), ശ്രീ. ബേബി പുഞ്ചായിൽ (തളിപ്പറമ്പ്), ശ്രീ. ജോയി പുളിക്കക്കുന്നേൽ (വെള്ളരിക്കുണ്ട്) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## 17. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയനവർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 18. ആസ്പെക്ട് 2024-2025

2024-2025 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വിശുദ്ധ കുർബാനയിലെ ദൈവാനുഭവം"** എന്ന പുസ്തകമാണ്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ഓഗസ്റ്റ് മാസം പുസ്തകങ്ങൾ പ്രാധാനാധ്യാപകർക്ക് വിതരണം ചെയ്യുന്നതാണ്.

## 19. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നുകൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2023-24 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 20. പി.ടി.എ, മദർ പി.ടി.എ സംവിധാനങ്ങൾ

ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ മാതാപിതാക്കളുടെ സജീവഭാഗഭാഗിത്വം ഉറപ്പുവരുത്താനായിട്ടാണ് പി.ടി.എ, മദർ പി.ടി.എ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ബഹു. വികാരിയച്ചൻ ഡയറക്ടറും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സെക്രട്ടറിയും വിശ്വാസപരിശീലകരും കുട്ടികളുടെ രക്ഷിതാക്കളും അംഗങ്ങളുമായിട്ടുള്ള ഈ സംവിധാനങ്ങൾക്ക് രക്ഷിതാക്കളിൽ നിന്നു ജനറൽ ബോഡി തിരഞ്ഞെടുക്കുന്ന ഓരോ പ്രസിഡണ്ടുമാരും ഈരണ്ടു വൈസ് പ്രസിഡണ്ടുമാരുമുണ്ട്. ഡയറക്ടർ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറി എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവു കമ്മിറ്റികളാണ് പി.ടി.എ, യുടെയും മദർ പി.ടി.എ യുടെയും പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നത്.

## 21. ഇടവക മതബോധന കൗൺസിൽ

ബഹു. വികാരിയച്ചനാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ പ്രസിഡണ്ടായും സ്റ്റാഫ് സെക്രട്ടറി കമ്മിറ്റിയുടെ കൂടി സെക്രട്ടറിയായും പ്രവർത്തിക്കുന്നു. സ്റ്റാഫിൽ നിന്ന് എല്ലാ വിഭാഗങ്ങൾക്കും (സിസ്റ്റേഴ്സ്, അത്മായ അധ്യാപികമാർ, അധ്യാപകർ) മതിയായ പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും പ്രതിനിധികൾ, പാരിഷ് കൗൺസിലിന്റെ രണ്ടോ മൂന്നോ പ്രതിനിധികൾ, പി.ടി.എ, മദർ പി.ടി.എ എന്നിവയുടെ ഭാരവാഹികൾ, യുക്തമെന്ന് ബഹു. വികാരിയച്ചനു തോന്നുന്നെങ്കിൽ സൺഡേ സ്കൂൾ ലീഡർ, ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകളുടെ പ്രസിഡണ്ടുമാർ/പ്രതിനിധികൾ, വിശ്വാസപരിശീലന രംഗത്തു പ്രത്യേകം പരിശീലനം ലഭിച്ച ആരെങ്കിലും ഇടവകയിലുണ്ടെങ്കിൽ അവരിൽ നിന്നും ബഹു. വികാരിയച്ചൻ നോമിനേറ്റു ചെയ്യുന്ന രണ്ടോ മൂന്നോ പേർ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. ഇടവകയിൽ സ്കൂളോ കോളേജോ ഉണ്ടെങ്കിൽ അവയുടെ ഓരോ പ്രതിനിധിയെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതും നന്നായിരിക്കും.

## 22. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 23. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടു

ക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 24. വിശ്വാസപരിശീലകരുടെ ധ്യാനം - "റേമ 2024"

| തീയതി | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|
| ഓഗസ്റ്റ് 23-25 | നെല്ലിക്കാംപൊയിൽ, മണിക്കടവ്, പൈസക്കരി, ചെമ്പേരി |
| സെപ്റ്റംബർ 16-18 | തളിപ്പറമ്പ്, തോമാപുരം, മാലോം, വെള്ളരിക്കുണ്ട് |
| ഒക്ടോബർ 25-27 | ചെമ്പൻതൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി |
| നവംബർ 22-24 | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി, ചെറുപുഴ |
| ഡിസംബർ 06-08 | മുകളിൽ പറഞ്ഞ തീയതികളിൽ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ |

## 25. "റേമ 2024" ധ്യാനം - ബാച്ച് 1 - നന്ദി

ജൂൺ 21-23 തിയതികളിൽ പരിയാരം മദർഹോമിൽവച്ച് വിശ്വാസപരിശീലകരുടെ ഒന്നാം ബാച്ചിന്റെ ധ്യാനം നടന്നു. 186 വിശ്വാസപരിശീലകർ ധ്യാനത്തിൽ പങ്കെടുത്തു.

## 26. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി

കാസർഗോഡ് റീജിയണിലെ വിശ്വാസപരിശീലകർക്ക് മാലോത്തുവച്ച് നടത്തുന്ന റീജിയണൽ സംഗമത്തിനൊരുക്കമായി ജൂലൈ 3 ബുധനാഴ്ച ഓൺലൈൻ മീറ്റിംഗും ജൂലൈ 18,19 തിയതികളിൽ ഫൊറോനകേന്ദ്രങ്ങളിൽവച്ച് മീറ്റിംഗുകളും നടത്തി. മീറ്റിംഗിൽ പങ്കെടുത്ത ബഹു. ഫൊറോന വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും നന്ദി.

## 27. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024-2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**28. സോൾട്ട് 2024:** ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് സോൾട്ട് 2024 ഓഗസ്റ്റ് - നവംബർ മാസങ്ങളിൽ നടത്തുന്നതാണ്.

**29. "എൻലൈറ്റ് 2024-2025"**

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. സെമിനാർ സെപ്റ്റംബർ മാസം ആരംഭിച്ച് ജനുവരി മാസത്തിൽ അവസാനിക്കുന്നു. ▸ സെമിനാർ ഒരു ഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸ സെപ്റ്റംബർ 15, ഒക്ടോബർ 13, 27, നവംബർ 17, 24, ഡിസംബർ 01, ജനുവരി 5, 12, 19 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

**30. ആദരാഞ്ജലികൾ**

എടത്തൊട്ടി സൺഡേ സ്കൂൾ വിശ്വാസപരിശീലക ശ്രീമതി ജോളി പേക്കാടൻകുഴിയുടെ ഭർത്താവ് ബാബു പേക്കാടൻകുഴിയിൽ, എടൂർ ഫൊറോന വിസിറ്റർ തോമസ് ആലപ്പാട്ട് സാറിന്റെ പിതാവ് മാത്യു ആലപ്പാട്ട്, വെണ്ണക്കല്ല് സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ രാജു ചക്യാത്ത്മൂട സാറിന്റെ അമ്മ കത്രീന ചക്യത്ത്മൂട, കള്ളാർ സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ ശ്രീ. ജോൺസൺ അന്തിക്കാട് സാറിന്റെ പിതാവ് ജോസഫ് അന്തിക്കാട്, അറബി സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ തോമസ് നടക്കൽ സാറിന്റെ അമ്മ റോസമ്മ നടക്കൽ, ശാന്തിനഗർ സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ സണ്ണി പാറയിൽ സാറിന്റെ അമ്മ ഏലിയാമ്മ പാറയിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയി ക്കുന്നു.

**31. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ തിരുമേനി, മുത്താറിക്കുളം, കല്ലുവയൽ, പടുപ്പ് എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ എണ്ണപ്പാറ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**അധ്യയന വർഷാരംഭം**

2024-25 അധ്യയനവർഷത്തിന്റെ ഉദ്ഘാടനം ജൂലൈ മാസം 8-ാം തീയതി തിങ്കളാഴ്ച രാത്രി 9 മണിക്ക് Zoom meeting ലൂടെ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അധ്യയനവർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഫാ. തോമസ് മാപ്പിളപറമ്പിൽ സ്വാഗതവും, പ്രസിഡന്റ് ഫാ. ഫിലിപ്പ് കവിയിൽ അധ്യക്ഷ ഭാഷണവും, മാനേജിംഗ് ഡയറക്ടർ ഫാ. ടോം ഓലിക്കരോട്ടും, ദുബായ് ആൽഫാ കോർഡിനേറ്റർ മിസീസ് സോണി മനോജും ആശംസകളും സി. റോസ്‌ലറ്റ് വള്ളിപ്പറമ്പിൽ എസ്.എ.ബി.എസ് നന്ദിയും അർപ്പിച്ചു സംസാരിച്ചു. ക്ലാസ്സുകൾ ജൂലൈ മാസം 12-ാം തീയതി ആരംഭിച്ചു.

**ബിരുദദാന ചടങ്ങ് നവംബർ 9 ശനിയാഴ്ച**

ഈ വർഷം ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നവംബർ 9 ന് നടത്തപ്പെടുന്നതാണ്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ലോഗോസ് ബൈബിൾ ക്വിസ് - 2024**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 24-ാമത് ലോഗോസ് ബൈബിൾ ക്വിസിനുള്ള രജിസ്ട്രേഷൻ ജൂലൈ 31 ന് പൂർത്തിയായി. ലോഗോസ് ബൈബിൾ ക്വിസ് 2024 ന്റെ പഠനഭാഗങ്ങളും തീയതിയും ഒരിക്കൽ കൂടി ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ന്യായാധിപന്മാർ 1-10** | **പ്രഭാഷകൻ 34-40** |
| **വി. ലൂക്കാ 9-16** | **2 കൊറി 7-13** |

| പരീക്ഷാ തീയതികൾ | |
|---|---|
| രൂപതാതലം | : 2024 സെപ്റ്റംബർ 29, 2.00–3.30 pm |
| സംസ്ഥാനതലം | : 2024 നവംബർ 10 |
| മെഗാ ഫൈനൽ | : 2024 നവംബർ 23–24 |

## കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2024

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

**രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.** അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

### ലേഖനത്തിന്റെ വിഷയം:

**അല്മായർ: ദൈവവചനം യുവജനങ്ങളുടെ ജീവിതത്തിൽ**

**സെമിനാരി വിദ്യാർത്ഥികൾ: യുവജനവും വചനജീവിതവും**

**സന്ന്യാസിനികൾ: മറിയം യുവജന വചനപ്രഘോഷണത്തിന്റെ മാതൃക**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD/Bank transfer to KCBC Bible Commission, A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനു മുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.

**കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2024 ഒക്ടോബർ 1 ആണ്. കൃതികൾ അയയ്ക്കേണ്ട വിലാസം:**

സെക്രട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ, പി.ഒ.സി. പാലാരിവട്ടം, വെണ്ണല പി.ഒ, കൊച്ചി - 682028.

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2024-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/- രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

**ബാലസാഹിത്യവും ബൈബിൾ ഗെയിംസുമാണ് ഈ വർഷത്തെ വിഷയം.** (കുട്ടികൾക്കായി ബൈബിൾ ആധാരമാക്കിയുള്ള പ്രബോധനാത്മകമായ കൃതികളും സാങ്കേതികേതര ബൈബിൾ കളികളും) (മലയാളത്തിൽ മൂന്നു കോപ്പി വീതം നല്കണം) 2019 മുതലുള്ള രചനകളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

2024 ഒക്ടോബർ 1 നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി. പാലാരിവട്ടം, പി.ബി നമ്പർ 2251, കൊച്ചി 682025 എന്ന വിലാസത്തിൽ എൻട്രികൾ സമർപ്പിക്കേണ്ടത്.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷങ്ങൾ പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളർന്ന് വരുവാൻ മിഷനറിമാരായ നമ്മെ ഓരോരുത്തരെയും ശക്തിപ്പെടുത്തട്ടെ. വേദനിക്കുന്നവർക്ക് ആശ്വാസമായി, വഴിതെറ്റിപ്പോയവന് ഇടയനായി പ്രവർത്തിച്ച വിശുദ്ധ ജോൺമരിയ വിയാനിയുടെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ: സ്വർഗ്ഗാരോപണ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ: വി. ജോൺ മരിയ വിയാനി
പ്രാർത്ഥനാനിയോഗം: എല്ലാ വൈദികർക്കുംവേണ്ടി
സുകൃതജപം: എന്റെ അമ്മേ എന്റെ ആശ്രയമേ
വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ: നവമാലിക അധ്യായം 2

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വ്യാഴം : പതിനഞ്ച് നോമ്പ് ആരംഭം

3 ശനി : ശ്രീ ജെയ്സൺ മർക്കോസ് 6–ാം ചരമവാർഷികം, അനുസ്മരണം

4 ഞായർ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

11 ഞായർ : മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 15–ാം ചരമവാർഷികം.
: അതിരൂപതാ സാഹിത്യമത്സരം

13 ചൊവ്വ : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താര ബാലൻമാരുടെ തിരുനാൾ

15 വ്യാഴം : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം, മിഷൻലീഗ് വൈസ്ഡയറക്ടേഴ്സിന് നിയമാവലി പരീക്ഷ ഓൺലൈൻ,

17 ശനി : കർഷകദിനം – കർഷകരെ ആദരിക്കുന്നു.

20 ചൊവ്വ : അതിരൂപതാതല അൽഫോൻസാ ക്വിസ്

29 വ്യാഴം : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, അൽഫോൻസാ ക്വിസ്സ്, വൈസ്ഡയറക്ടേഴ്സ് നിയമാവലി ക്വിസ്സ്, സ്വർഗ്ഗാരോപണതിരുനാൾ, സ്വാതന്ത്ര്യദിനം, ദിവ്യകാരുണ്യ ആരാധന.

### 3. അതിരൂപതാതല അൽഫോൻസാ ക്വിസ്സ്

അൽഫോൻസാ ക്വിസ്സ് അതിരൂപതാതല മത്സരം ആഗസ്റ്റ് 20–ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന 3 പേർ അടങ്ങുന്ന ഒരു ടീമാണ് അതിരൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അംഗത്വകാർഡ് നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57 കാണുക.

### 4. വിയാനി ഡേ

ആഗസ്റ്റ് 4–ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും ശാഖാ - മേഖലാ - രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാ തലത്തിൽ വിയാനി ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമല്ലോ.

### 5. അതിരൂപതാതല ടെലിക്വിസ് മത്സരം

ലോഗോസ് പരീക്ഷക്ക് ഒരുങ്ങുവാനും, ദിവ്യകാരുണ്യ വർഷത്തിൽ വി. കുർബാനയെ കുറിച്ച് പഠിക്കുന്നതിനും, വി. കൊച്ചുത്രേസ്യായുടെ ജീവിതത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനുമായി അതിരൂപതയുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം മുതൽ ടെലിക്വിസ് മത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 5–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2) ഒരു കുട്ടിയോട് ചോദിക്കുന്ന സമയം 3 മിനുട്ട് ആയിരിക്കും.
3) ഏറ്റവും കുടുതൽ ഉത്തരം പറയുന്ന കുട്ടിക്കായിരിക്കും സമ്മാനം ലഭിക്കുക.
4) റീജിയൺ തിരിച്ചായിരിക്കും മത്സരം നടത്തപ്പെടുക.

5) **പഠനഭാഗം (സെപ്റ്റംബർ മാസം) :** ലോഗോസ് പഠനഭാഗം (ന്യായാധിപന്മാർ 1-10; 2 കോറി 7-13), നവമാലിക (1-3 അദ്ധ്യായങ്ങൾ), കുർബാന പുസ്തകത്തിൽ നിന്നും വി. കുർബാനയെ സംബന്ധിക്കുന്ന ചോദ്യങ്ങൾ.
6) ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 6 മണി വരെ മാത്രം ആയിരിക്കും.

- 01-09-24 ഞായറാഴ്ച: ഇരിട്ടി റീജിയൺ (മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ: **9048340650.**
- 08-09-24 ഞായറാഴ്ച: ചെമ്പേരി റീജിയൺ (ചെമ്പേരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ: **9446916439.**
- 22-09-24 ഞായറാഴ്ച: ആലക്കോട് റീജിയൺ (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ: **9496357819.**
- 29-09-24 ഞായറാഴ്ച: കാഞ്ഞങ്ങാട് റീജിയൺ (കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, മാലോം എന്നീ മേഖലകൾ)
  വിളിക്കേണ്ട നമ്പർ: **9495345038.**

### 6. അതിരൂപതാ സാഹിത്യ മത്സരം

ആഗസ്റ്റ് 11 ന് 19 മേഖലകളിലും വെച്ച് മേഖലാ - അതിരൂപതാ സാഹിത്യമത്സരം സംയുക്തമായി നടത്തപ്പെടുന്നു. മേഖലകളിൽ നിന്ന് ഓരോ വിഭാഗത്തിലും വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകിയ എൻട്രിഫോമിൽ കൃത്യമായി എഴുതി പേപ്പറുകളോടൊപ്പം ആഗസ്റ്റ് 22 ന് മുൻമ്പ് അതിരൂപതയിൽ നൽകേണ്ടതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗത്തിലുള്ളവർക്കായിരിക്കും സാഹിത്യമത്സരം ഉണ്ടായിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 54 കാണുക.

### 7. അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ മാസം 12-ാം തീയതി നടത്തപ്പെടുന്നതാണ്. ഈ വർഷം കലോത്സവത്തിന്റെ കൂടെ തന്നെയാണ് മിഷൻ ക്വിസ് നടത്തുന്നത്. കലോത്സവത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 54 കാണുക.

### 8. കുഞ്ഞേട്ടൻ അനുസ്മരണം - സ്റ്റാറ്റസ് വീഡിയോ & ചിത്രരചന മത്സരം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 15 -ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 11-ാം തീയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം പേരാവൂർ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ചിത്രരചനാമത്സരവും 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്റ്റാറ്റസ് വീഡിയോ മത്സരവും നടത്തപ്പെടുന്നു.

**A. നിബന്ധനകൾ - ചിത്രരചന**

1. 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ശാഖയിൽ മത്സരം നടത്തി ഫസ്റ്റ് കിട്ടുന്ന ചിത്രം മാത്രമേ അതിരൂപത യിലേക്ക് അയക്കാവൂ (ഒരു ശാഖയിൽ നിന്നും ഒരെണ്ണം).
3. A4 പേപ്പർ ആണ് ഉപയോഗിക്കേണ്ടത്.
4. കുഞ്ഞേട്ടന്റെ ഫോട്ടോ പെൻസിൽ ഡ്രോയിംഗ് ആണ് വരക്കേണ്ടത്.
5. ആൺ - പെൺ വ്യത്യാസമില്ല.
6. പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും പേപ്പ റിൽ രേഖപ്പെടുത്തിയിരിക്കണം.
7. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15

**B) നിബന്ധനകൾ - സ്റ്റാറ്റസ് വീഡിയോ**

1. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ. (ആൺ, പെൺ വിത്യാസം ഇല്ല)
3. വിഷയം : മിഷൻലീഗ് കുഞ്ഞേട്ടൻ.
4. സമയദൈർഘ്യം 30 സെക്കന്റിൽ താഴെ ആയിരിക്കണം.
5. കുഞ്ഞേട്ടന്റെ ജീവിതത്തിൽ ആദരവർപ്പിക്കുന്നവിധത്തിലും, ആസ്വാദ കർക്ക് പ്രചോദനം നൽകുന്ന വിധത്തിലും ആയിരിക്കണം സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കേണ്ടത്.
6. വിഷയ ബന്ധിതമായിരിക്കുന്നവയും, മനോഹരവും ഏറ്റവും ആകർഷ മായും തയ്യാറാക്കുന്നവയായിരിക്കും പരിഗണിക്കുന്നത്.
7. പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ,പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും രേഖ പ്പെടുത്തിയിരിക്കണം.
8. വീഡിയോ പോർട്രേറ്റ് രീതിയിൽ ചിത്രീകരിക്കാൻ ശ്രദ്ധിക്കണം
9. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 5
10. വീഡിയോയിൽ മത്സരാർത്ഥിയെ തിരിച്ചറിയാവുന്ന വിവരങ്ങൾ ഒന്നും പാടില്ല.
11. അതിരൂപതയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വീഡിയോ സംസ്ഥാന മത്സരത്തിന് അയക്കുന്നതായിരിക്കും.
12. അയ്ക്കേണ്ട നമ്പറുകൾ - **9495097312 / 8281255847**

## 9. ജെയ്സൺ മർക്കോസ് അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർപൂവത്തിങ്കൽ 6-ാം ചരമവാർഷിക അനുസ്മരണം ഓഗസ്റ്റ് 3 ന് പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ഫോറോന പള്ളിയിൽവച്ച് നടക്കും.

## 10. എം.റ്റി.സി. പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2024 -2025 വർഷത്തേക്കുള്ള എം.റ്റി.സി. പഠനസഹായി തയ്യാറാക്കിയിട്ടുണ്ട്. മേഖലയ്ക്ക് ആവശ്യമായ എണ്ണം അനുസരിച്ച് ഓഗസ്റ്റ് ആദ്യം നൽകുന്നതായിരിക്കും. എം.റ്റി.സി. ക്യാമ്പുകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖ പേജ് 61 കാണുക.

## 11. നിയമാലി ക്വിസ്സ് മത്സരം

മിഷൻലീഗ് സംഘടനയെക്കുറിച്ച് കുടുതൽ അറിയുന്നതിനും, പഠിക്കുന്നതിനുമായി മിഷൻലീഗ് ശാഖാ - മേഖലാ വൈസ് ഡയറക്ടേഴ്സിനായി അതിരൂപതാ തലത്തിൽ ആഗസ്റ്റ് 15-ന് രാത്രി 8.30-ന് ഗൂഗിൾ ഫോമിൽ നിയമാവലി ക്വിസ്സ് മത്സരം നടത്തപ്പെടുന്നു. എല്ലാ സിസ്റ്റേഴ്സും നന്നായി പഠിച്ച് ക്വിസ്സ് മത്സരത്തിൽ പങ്കെടുക്കുമല്ലോ. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

## 12. ശാഖാ സന്ദർശനങ്ങൾ

ആഗസ്റ്റ് ആദ്യ ആഴ്ചമുതൽ അതിരൂപതാ ഭാരവാഹികളുടെയും, ഓർഗനൈസിംഗ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ശാഖാ സന്ദർശനങ്ങൾ ആരംഭിക്കുന്നതായിരിക്കും. വൈസ് ഡയറക്ടേഴ്സ് റിപ്പോർട്ടുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ. സന്ദർശനം നടത്തുന്ന മേഖലകളുടെ ക്രമം മാർഗ്ഗരേഖയിൽ ചേർത്തിട്ടുണ്ട് ശ്രദ്ധിക്കുമല്ലോ. അതുകൂടാതെ സന്ദർശനം നടത്തുന്ന മേഖലകളെ ഒരിക്കൽകൂടി അറിയിക്കുന്നതായിരിക്കും.

**ഓഗസ്റ്റ് മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ:**

പേരാവൂർ (ഓഗസ്റ്റ് - 4), എടൂർ (ഓഗസ്റ്റ് - 11), കുന്നോത്ത് (ഓഗസ്റ്റ് - 18), മണിക്കടവ് (ഓഗസ്റ്റ് - 25).

## 13. അൾത്താരബാലൻമാരുടെ ദിനം

ഓഗസ്റ്റ് 13 ന് വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ദിനമാണല്ലോ. അന്നേദിനം അൾത്താരബാലൻമാരുടെ ദിനമായി നാം ആചരിക്കുമ്പോൾ ശാഖാ - മേഖലാ തലത്തിൽ അൾത്തരബാലൻമാരെ ആദരിക്കുകയും അവർക്ക് സെമിനാറുകളും, ക്ലാസുകളും ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അതിരൂപതാ തലത്തിൽ അൾത്താരബാലന്മാരുടെ ദിനം ഓഗസ്റ്റ് 11-ാം തീയതി പേരാവൂർ ശാഖയിൽ വച്ച് നടത്തുന്നതായിരിക്കും.

**14. ഹൃദ്യമായ നന്ദി**

പേരാവൂർ മേഖല വൈസ് ഡയറക്ടറായി ശുശ്രൂഷ ചെയ്ത് സ്ഥലം മാറി പോകുന്ന സി. ലെൻസി എസ്.എച്ചിന് അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും.

**15. ഹൃദ്യമായ സ്വാഗതം**

നെല്ലിക്കാംപൊയിൽ മേഖല വൈസ്ഡയറക്ടറായി നിയമിതയായിരിക്കുന്ന സി. റെക്സി എസ്.എ.ബി, പേരാവൂർ മേഖലാ വൈസ്ഡയറക്ടർ ആയി നിയമിതയായിരിക്കുന്ന സി. റോഷ്ണി എഫ്.സി.സി എന്നിവർക്ക് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**16. അതിരൂപതാ മാനേജിംഗ് കമ്മറ്റി - ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ**

ജൂലൈ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപതാ മാനേജിംഗ് കമ്മറ്റിയിൽ 142 പേർ പങ്കെടുത്തു. അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അതിരൂപതാ സെക്രട്ടറി ബിജു കൊച്ചുപൂവ്വക്കോട്ട് മാനേജിംഗ് കമ്മറ്റി റിപ്പോർട്ടും, ശ്രീ. ബിജു മണ്ണനാൽ ഓഡിറ്റ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അതോടൊപ്പം ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

**അതിരൂപതാ ജൂനിയർ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | : മാത്യു പാലാട്ടിക്കൂനത്താൽ (കൊന്നക്കാട്) |
| വൈസ് പ്രസിഡന്റ് | : ക്രിസ് മേരി വെട്ടിക്കാട്ടിൽ (എടൂർ) |
| സെക്രട്ടറി | : ഡിയോൺ കുന്നപ്പള്ളികൊട്ടാരത്ത് (തോമാപുരം) |
| ജോ. സെക്രട്ടറി | : ജിസ്റ്റി ജോസ് പ്രയാറ്റിൽ (കനകപ്പള്ളി) |
| ഓർഗനൈസർ | : ഡാനിയേൽ അറയ്ക്കൽ (മണിപ്പാറ) |
| ഓർഗനൈസർ | : ജോസ് നെല്ലിക്കാനത്ത് (കാസർഗോഡ്) |

ജൂനിയർ ഭാരവാഹികൾക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**17. കാഞ്ഞാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ആഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. അംഗത്വകാർഡ് സീൽ ചെയ്യാൻ വരുമ്പോൾ (മിഷൻലീഗ് - തിരുബാലസഖ്യം) അംഗത്വ രജിസ്റ്റർ കൊണ്ടുവരണം. അതോടൊപ്പം

അംഗത്വ ഫോമിൽ തുടർച്ചയായി നമ്പർ ഇട്ട് കുട്ടികളുടെ പേര് എഴുതി കൊണ്ടുവരുന്ന കാര്യവും പ്രത്യേകം ഓർമ്മിക്കുമല്ലോ. ഓഫീസ് സംബ ന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങാനും വിവിധ കുടിശ്ശി കകൾ അടക്കുവാനും സൗകര്യമുണ്ടായിരിക്കും.

**18. മിഷൻ ഞായർ കലണ്ടർ**

ഈ വർഷവും മിഷൻ കലണ്ടർ കഴിഞ്ഞ വർഷത്തെ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതാണ്. ശാഖകൾ അതിരൂപതയിൽ തന്നിരി ക്കുന്ന എണ്ണത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ അതിരൂപതാ ഓഫീസിൽ ഓഗസ്റ്റ് 20 ന് മുമ്പ് അറിയിക്കുമല്ലോ.

**19. സെമിനാറുകൾ, ക്യാമ്പുകൾ**

- 30.06.2024 ന് ആലക്കോട് മേഖലയിൽ ബേബി പ്ലാശ്ശേരി സെമിനാർ നടത്തി.
- 30.06.2024 ന് നെല്ലിക്കാംപൊയിൽ മേഖലാ മാനേജിംഗ് കമ്മിറ്റിയിൽ ഷിജോ സ്രായിൽ പങ്കെടുത്തു.
- 30.06.2024 ന് പൈസക്കരി മേഖലാ മാനേജിംഗ് കമ്മിറ്റിയിൽ ഷിജോ സ്രായിൽ പങ്കെടുത്തു.
- 14.07.2024 ന് പാലാവയൽ ശാഖയിൽ ശ്രീ. ഷിജോ സ്രായിൽ സെമിനാർ നടത്തി.

**20. ആദരാഞ്ജലികൾ**

ഈ ഭൂമിയിൽ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്ക പ്പെട്ട വായാട്ടുപ്പറമ്പ് മേഖല ഡയറക്ടർ ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചന്റെ വത്സല പിതാവ് ഫീലിപ്പോസ് മുട്ടുമണ്ണിലിന്റെ നിര്യാണത്തിൽ അതിരൂപതാ കുടും ബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. പരിശുദ്ധ അമ്മയുടെ ജീവിത മാതൃക സ്വന്തമാക്കി മുന്നേറുവാൻ കുഞ്ഞുകൂട്ടുകാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : സ്വർഗ്ഗാരോപണ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ജോൺ മരിയ വിയാനി
പ്രാർത്ഥനാനിയോഗം : എല്ലാ വൈദികർക്കുംവേണ്ടി
സുകൃതജപം : എന്റെ അമ്മേ എന്റെ ആശ്രയമേ
വചനം : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. (വി. ലൂക്കാ 1:46)
പ്രവൃത്തി : ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തുക
മനഃപാഠമാക്കുക : വി. ജോൺ മരിയ വിയാനി, വി. മാക്സ് മില്യൻ കോൾബേ എന്നിവരെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : പരിശുദ്ധ അമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മാതാവിന്റെ സ്തോത്രഗാനം ശാഖകളിൽ മത്സരം നടത്തുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വ്യാഴം : പതിനഞ്ച് നോമ്പ് ആരംഭം
4 ഞായർ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ
13 ചൊവ്വ : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താര ബാലൻമാരുടെ തിരുനാൾ
15 വ്യാഴം : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം
17 ശനി : കർഷകദിനം - കർഷകരെ ആദരിക്കുന്നു.
29 വ്യാഴം : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. വിയാനി ഡേ**

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹുമാനപ്പെട്ട വികാരിയച്ചനും ആശംസകളർപ്പിക്കുവാനും എല്ലാവൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്കിൽ ഈശോയെപ്പോലെ കാരുണ്യമുള്ളവരാകാം എന്ന ഒന്നാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ വളരെയധികം കാരുണ്യപൂർവ്വം പ്രവർത്തിച്ചിരുന്നു എന്നും പാവപ്പെട്ടവരോട് പ്രത്യേക കരുണയും സ്നേഹവും കാണിച്ചിരുന്നു എന്നും നാം കാണുന്നുണ്ട്. നമുക്കും ഈശോയെപ്പോലെ കരുണയുള്ളവരായി ജീവിക്കാം എന്ന് തീരുമാനമെടുക്കാം.

**4. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ കാരുണ്യമുള്ളവരാകാം എന്ന ഒന്നാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർ ചെയ്ത് ഏറ്റവും നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ കരുണയുള്ളവരാകാം എന്ന ഒന്നാം അധ്യായത്തിലെ നിങ്ങൾക്കറിയാമോ ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. ആനിമേറ്റേഴ്സിന്റെ ശ്രദ്ധക്ക്**

സ്നേഹമുള്ള തിരുബാലസഖ്യം ആനിമേറ്റേഴ്സ് വർക്കുബുക്കിലെ വഴി കാട്ടാമോ? നിറംകൊടുക്കാമോ എന്നീ വർക്കുകൾ അതതു മാസത്തിൽ ഗിരിദീപത്തിൽ നിർദ്ദേശിക്കുന്ന അദ്ധ്യായങ്ങൾ മാത്രം കുട്ടികളെക്കൊണ്ട് ചെയ്യിച്ച് എല്ലാ മസവും 20-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ശാഖയിൽ നിന്നും ഏറ്റവും നല്ല 3 എണ്ണം മാത്രമാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. കൂടുതൽ അയക്കുന്നവ പരിഗണിക്കുന്നതല്ല. അയയ്ക്കുന്ന പേപ്പറിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"നിന്റെ യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെ ടാൻവേണ്ടി, നിന്റെ ജീവിതകാലമത്രയും നിന്നെ സംതൃപ്തനാക്കുന്നു." (സങ്കീ 103.5)

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. രാജ്യമെമ്പാടും ത്രിവർണ്ണ പതാക ഉയർത്തുകയും സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുമ്പോൾ രാജ്യത്തെ ധീര ജവാന്മാരെ നന്ദിയോടെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

ആഗസ്റ്റ് മാസത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. യൂണിറ്റ് തലത്തിലും ഫൊറോന തലത്തിലുമുള്ള ഇലക്ഷൻ പുർത്തിയാക്കാൻ ബഹു. ഡയറക്ടറച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## യൂണിറ്റുകൾ/മേഖലകൾ ശ്രദ്ധിക്കാൻ

ആഗസ്റ്റ് 01 - 15 നോമ്പാരംഭം

ആഗസ്റ്റ് 04 - വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ
ബഹു. വൈദികർക്ക് ആശംസകൾ നേരുക

ആഗസ്റ്റ് 15 - സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനം
ജവാൻമാരെ ആദരിക്കുക

ആഗസ്റ്റ് 17 - കേരള കർഷകദിനം - ഇടവകയിലെ മാതൃകാപരമായ രണ്ട് കർഷകരെ ആദരിക്കുക

## എക്സ്പ്ലോറ വാർഷിക സെനറ്റ്

2024-2025 വർഷത്തെ സമിതിയുടെ തിരഞ്ഞെടുപ്പും വാർഷിക സെനറ്റും സെപ്റ്റംബർ 01-ന് രാവിലെ 9 മണിക്ക് തലശ്ശേരി സാൻജോസ് മെട്രോപൊളിറ്റൻ സ്കൂളിൽവെച്ച് നടത്തപ്പെടുന്നു. സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഭാവിപദ്ധതികൾ പ്ലാൻ ചെയ്യാനും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാനുമാണ് സെനറ്റ് വിളിച്ചു കൂട്ടപ്പെടുന്നത്. മുഴുവൻ സെനറ്റ് അംഗങ്ങളും കൃത്യസമയത്ത് എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ. സെനറ്റിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ആഗസ്റ്റ് 25ന് മുൻപായി അതിരൂപതാ സമിതിയെ അറിയിക്കേണ്ടതാണ്.

എക്സ്പ്ലോറ ഇലക്ഷൻ സെനറ്റിൽ ആദ്യവസാനം പങ്കെടുക്കുന്നവർക്ക് മാത്രമെ ഇലക്ഷനിൽ തിരഞ്ഞെടുക്കപ്പെടുവാനും വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. മത്സരാർത്ഥികൾ അംഗത്വ കാർഡും, ഇടവക വികാരി, ഫൊറോന ഡയറക്ടർ എന്നിവരുടെ ശുപാർശ കത്തും കൊണ്ടുവരേണ്ടതാണ്.

## വി. തോമസ് മൂർ ദിനാചരണം

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ മാലോം ഫൊറോനയുടെ ആതിഥേയത്വത്തിൽ അതിരൂപതാതല തോമസ് മൂർ ദിനാചരണവും യുവജന സംഗമവും മാലോം ഫൊറോനയിൽ വച്ചു നടത്തപ്പെട്ടു. മാലോം ഫൊറോന വികാരി റവ.ഫാ. ജോസ് തൈക്കുന്നുംപുറം ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് അഖിൽ സി ജെ അധ്യക്ഷനായിരുന്നു. അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി ആമുഖപ്രഭാഷണം നടത്തി. തോമസ് മൂർ ദിനാചരണത്തിന് ആതിഥേയത്വം വഹിക്കുകയും എറ്റവും മനോഹരമായ രീതിയിൽ പരിപാടി നടത്തുകയും ചെയ്ത മാലോം ഫൊറോന പ്രസിഡന്റ് സാൻജോ പുളിയംകുന്നേലിനും ഫൊറോന ഡയറക്ടർ ജോബിൻ കാഞ്ഞിരത്തിങ്കൽ അച്ചനും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തു തന്ന മാലോം ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, യൂണിറ്റ് വികാരിമാർ, മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ച യൂണിറ്റുകൾ, ദിനാചരണം വൻ വിജയമാക്കാൻ സഹായിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

## പ്രകൃതി പഠന സഹവാസ ക്യാമ്പ് (കാനനം)

പ്രകൃതിയെ അറിയാം, പ്രകൃതിയിലൂടെ എന്ന ആപ്തവാക്യവുമായി കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ എടൂർ ഫൊറോനയുടെ സഹകരണത്തോടെ കീഴ്പ്പള്ളിയിൽ വച്ചു നടന്ന പ്രകൃതി പഠന സഹവാസ ക്യാമ്പ് (കാനനം) സംഘാടനം കൊണ്ടും വേറിട്ട പ്രവർത്തനങ്ങളാലും ശ്രദ്ധേയമായി. ക്യാമ്പിന്റെ ഉദ്ഘാടനം തലശ്ശേരി അതിരൂപത ആർച്ചു ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് ഞരളക്കാട്ട് നിർവ്വഹിച്ചു. ജൂലൈ 12,13,14 തീയതികളിലായി കീഴ്പ്പള്ളി സാൻ മരിയ എസ്റ്റേറ്റിൽ സംഘടിപ്പിച്ച ക്യാമ്പിന്റെ രണ്ടാം ദിനത്തിൽ തലശ്ശേരി അതിരൂപത ആർച്ചു ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി യുവജനങ്ങളുമായി സംവദിച്ചു. വിവിധ ഫൊറോനകളിൽ നിന്നായി നൂറിലധികം യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പിന്റെ ഉദ്ഘാടനത്തിന് അതിരൂപത പ്രസിഡന്റ് അഖിൽ സി.ജെ. അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി ആമുഖപ്രഭാഷണം നടത്തി. മൂന്നു ദിവസം നീണ്ടുനിന്ന പ്രകൃതി പഠന സഹവാസ ക്യാമ്പിന് ആതിഥേയത്വം വഹിക്കുകയും എറ്റവും മനോഹരമായ രീതിയിൽ പരിപാടി നടത്തുകയും ചെയ്ത എടൂർ ഫൊറോന പ്രസിഡന്റ് ബിബിനും ഫൊറോന ഡയറക്ടർ പോൾ കണ്ടത്തിൽ അച്ചനും സാൻ മരിയ എസ്റ്റേറ്റ് ഡയറക്ടർ ബഹു.

അഗസ്റ്റിൻ വടക്കൻ അച്ചനും എടൂർ ഫൊറോന വൈസ് ഡയറക്ടർ ജയ സിസ്റ്ററിനും ക്യാമ്പിന്റെ ഓരോ നിമിഷവും കൂടെ നിന്ന് സഹായിച്ച ഫൊറോന സമിതി അംഗങ്ങൾക്കും, ക്യാമ്പിന്റെ വിജയത്തിനായി രാപകൽ വ്യത്യാസമില്ലാതെ അദ്ധ്വാനിച്ച എടൂർ ഫൊറോനയിലെ വിവിധ യൂണിറ്റുകളിലെ യുവജനസുഹൃത്തുക്കൾക്കും ക്യാമ്പിന് എല്ലാവിധ സഹകരണവും നൽകിയ ഫൊറോന പ്രസിഡന്റുമാർക്കും ക്യാമ്പ് എറ്റവും മനോഹരമാക്കി മാറ്റിയ പങ്കുചേർന്ന എല്ലാ യുവതി യുവാക്കൾക്കും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**അഭിനന്ദനങ്ങൾ:** സീറോ മലബാർ യൂത്ത് മുവ്മെന്റിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. അഖിൽ ചാലിൽ പുത്തൻപുരയിലിന് കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### ഫൊറോന വാർത്തകൾ

- കെസിവൈഎം **ചെറുപുഴ മേഖല** യുവജനസംഗമം **LUNA 2024** ജൂലൈ 14 ന് ചൂരപ്പടവ് ഹോളി ക്രോസ്സ് ദൈവാലയത്തിൽ വച്ചു നടത്തപ്പെട്ടു. യുവജന മധ്യസ്ഥനായ വി. തോമസ് മൂർ അനുസ്മരണത്തിനും പുഷ്പാർച്ചനയ്ക്കും ശേഷം ദിവ്യകാരുണ്യ ആരാധനയും ജപമാലയും നടത്തി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ കെസിവൈഎം ചെറുപുഴ മേഖല പ്രസിഡന്റ് ശ്രീ. അഖിൽ നെല്ലിക്കൽ അധ്യക്ഷത വഹിച്ച ചടങ്ങ് ഫാ. ജോസഫ് മടപ്പാംതോട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
- **തളിപ്പറമ്പ് ഫൊറോന**യുടെ യുവജനസംഗമം **ABLAZE** ജൂലൈ 16 ന് തളിപ്പറമ്പയിൽ വച്ച് ബഹു. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. മാത്യു ആശാരിപറമ്പിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
- വോയ്സ് ഓഫ് ചിറ്റാരിക്കാൽ വാട്സ്അപ്പ് ഗ്രൂപ്പിന്റെയും തോമാപുരം ഹയർ സെക്കന്ററി സ്കൂൾ NSS യൂണിറ്റിന്റെയും നേതൃത്വത്തിൽ നടന്ന രക്തദാനക്യാമ്പിൽ പങ്കെടുത്ത് **തോമാപുരം ഫൊറോന**യിലെ യുവജനങ്ങൾ നാടിനു മാതൃകയായി.
- ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ നെല്ലിക്കുറ്റി യൂണിറ്റിൽവെച്ച് ഗ്യാസ് മസ്റ്ററിങ് നടന്നു.

### നൈറ്റ് വിജിൽ

ഫൊറോന തലത്തിൽ നൈറ്റ് വിജിൽ ദൈവാനുഗ്രഹപ്രദമായി ക്രമീകരിക്കുന്ന ഫൊറോന ഭാരവാഹികളെ അഭിനന്ദിക്കുന്നു. ജൂലൈ മാസത്തിൽ നൈറ്റ് വിജിൽ നടത്തിയ ഫൊറോനകൾ.

1. ആലക്കോട് 2. ചെമ്പേരി 3. ചെറുപുഴ.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

സഭ ക്രിസ്തുവിന്റെ ശരീരമാണ്. ദിവ്യകാരുണ്യമാണ് സഭാംഗ ങ്ങളെ ഒരു ശരീരമാക്കിത്തീർക്കുന്നത്. പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ "അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുക ളാണ്" (1 കൊറി. 10:17). കുടുംബത്തെ ഒന്നാക്കിത്തീർക്കുന്ന ശക്തിയും, കൂട്ടായ്മയുടെ ഉറവിടവും ഇതേ ദിവ്യകാരുണ്യമാണ്. കുടുംബാംഗങ്ങളെ ല്ലാവരും വിശ്വാസത്തോടും ഒരുക്കത്തോടും കൂടെ ഈ അപ്പത്തിൽ പങ്കുചേർന്ന് ഒരു ഹൃദയവും ഒരു ആത്മാവുമായി സനേഹത്തിൽ ആഴ പ്പെട്ട ജീവിതം നയിക്കാൻ നമുക്ക് അവരെ സഹായിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജൂലൈ 18-20 തീയതികളിലായി പടന്നക്കാട് വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 100 ഓളം പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മി പ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാ ക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടു ക്കുന്നു.

| MPC - 2024 | | | |
|---|---|---|---|
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| January | 02-04 | (Thusday-Saturday) | Thalassery |
| January | 23-25 | (Thusday-Saturday) | Padannakkad |
| February | 13-15 | (Thusday-Saturday) | Thalassery |
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ജൂൺ 19-ാം തീയതി ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. അതിരൂപതാ ജനറൽബോഡിയുടെ ക്രമീകരണങ്ങൾ പരിശോധിക്കുകയും, കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ജൂലൈ മാസത്തെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടരീതിയിൽ എങ്ങനെ നടത്താം എന്ന് ചർച്ച ചെയ്യുകയും ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

**(b) അതിരൂപതാ ജനറൽ ബോഡിയോഗം**

സീറോമലബാർ മാതൃവേദി തലശ്ശേരി അതിരൂപത ജനറൽബോഡി യോഗം ജൂൺ 22ന് രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അതിരൂപത പ്രസിഡന്റ് ശ്രീമതി ഷീബ തെക്കേടത്ത് അധ്യക്ഷയായ യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. (2023 ജൂൺ - ഡിസംബർ) അർദ്ധ വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മികച്ച മേഖലകൾക്കും, യൂണിറ്റുകൾക്കും, സർട്ടിഫിക്കറ്റുകളും മൊമെന്റോകളും നല്കി. കൂടാതെ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു. മാതൃദീപ്തി 10-ാം ലക്കം പ്രകാശനം അഭിവന്ദ്യപിതാവ് നിർവ്വഹിച്ചു.

യോഗത്തിൽ വൈസ്പ്രസിഡന്റ് പ്രസന്ന മാങ്ങാട്ട് സ്വാഗതവും, സെനറ്റ് മെമ്പർ മേരിക്കുട്ടി തോപ്പുകാലായിൽ നന്ദിയും പറഞ്ഞു. അതിരൂപതാ ഡയറക്ടർ ആമുഖ പ്രഭാഷണം നടത്തി. സെക്രട്ടറി മിനി മംഗലത്തിൽ, ട്രഷറർ ഷാന്റി മാമ്മൂട്ടിൽ എന്നിവർ യഥാക്രമം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന വികാരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപതാ ആനിമേറ്റർ സി. ലിന്റ സി.എച്ച്.എഫ്, പനത്തടി ഫോറാന ഡയറക്ടർ ഫാ. വർഗ്ഗീസ് ചെരിയംപുറത്ത്, തളിപ്പറമ്പ് മേഖല ആനിമേറ്റർ സി. ദീപ എഫ്. സി.സി എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിവിധ യൂണിറ്റുകളുടെ കലാപരിപാടികൾ യോഗത്തിന് മാറ്റ് കൂട്ടി. യോഗത്തിൽ 255 പേർ പങ്കെടുത്തു.

**(c) അഗതിമന്ദിര സന്ദർശനം - "മിസരിക്കോർദ്ദിയ 2024"**

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതാതല ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ജൂലൈ 19ന് അതിരൂപതാ ടീം അംഗങ്ങളും, കാഞ്ഞങ്ങാട് മേഖലാ ഭാരവാഹികളും പടന്നക്കാട് യൂണിറ്റ് അംഗങ്ങളും ചേർന്ന് പടന്നക്കാട് സ്നേഹഭവൻ സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ അന്തേവാസികൾക്കായി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. അന്നേ ദിവസത്തെ ഉച്ചഭക്ഷണം അമ്മമാർ സ്പോൺസർ ചെയ്തു. അതിരൂപതയിൽ നിന്നും 5000 രൂപ ധനസഹായം നല്കി സഹായിച്ചു.

**(d) ദിവ്യകാരുണ്യ ജ്വാല പ്രോഗ്രാം**

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച്, ദിവ്യകാരുണ്യ ജ്വാല മാലോം മേഖലയുടേത് പറമ്പ സെന്റ് മേരീസ് പള്ളിയിൽ വച്ചും, ചെമ്പേരി മേഖലയുടേത് കുടിയാന്മല ഫാത്തിമമാതാ പള്ളിയിൽ വച്ചും യഥാക്രമം ജൂലൈ 6, 13 തീയതികളിൽ നടത്തപ്പെട്ടു. ജപമാല, പതാക ഉയർത്തൽ എന്നിവയ്ക്ക് ശേഷം രംഗപൂജയോടെ പ്രോഗ്രാം ആരംഭിച്ചു. മാലോം ഫൊറോന വികാരി

റവ. ഫാ. ജോസഫ് തൈക്കുന്നുപുറവും കുടിയാന്മല വികാരി റവ. ഫാ. പോൾ വള്ളോപ്പിള്ളിയും ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർമാർ അനുഗ്രഹപ്രഭാഷണവും, ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "ദിവ്യകാരുണ്യവും മാതൃത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് നല്കി. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി. തുടർന്ന് ആരാധനയും, കുമ്പസാരവും, ദിവ്യകാരുണ്യ പ്രദക്ഷിണവും, ദിവ്യബലിയും ഉണ്ടായിരുന്നു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

### (d) യോഗദിനം

ലോക യോഗദിനത്തിൽ യോഗയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു വെബിനാർ ഓൺലൈൻ ആയി നടത്തപ്പെട്ടു. വെബിനാറിന് നേതൃത്വം നൽകിയത് റവ. ഫാ. ഡോ. സെബാൻ ചെരിപുറത്ത് ആണ്. ഏകദേശം 102 പേർ പങ്കെടുക്കുകയുണ്ടായി. ഏവർക്കും ഉപകാരപ്രദമായിരുന്നു ഈ വെബിനാർ എന്ന് അമ്മമാർ പറയുകയുണ്ടായി.

### (e) വിവിധതരം മത്സരങ്ങൾ

#### 1. ദിവ്യകാരുണ്യ എക്സിബിഷൻ മത്സരം

ദിവ്യകാരുണ്യ വർഷത്തിൽ അതിരൂപതയിലെ അമ്മമാർക്കായി ദിവ്യകാരുണ്യ എക്സിബിഷൻ മത്സരം നടത്തി. വി. കുർബ്ബാനയെ സംബന്ധിക്കുന്ന വിവിധങ്ങളായ കാര്യങ്ങൾ കോർത്തിണക്കികൊണ്ടുള്ള പ്രദർശനം (ചിത്രങ്ങൾ, ഉദ്ധരണികൾ, പുസ്തകങ്ങൾ, വിശുദ്ധരുടെ ജീവിതസാക്ഷ്യങ്ങൾ) ആയിരുന്നു ഉദ്ദേശിച്ചത്. മത്സരത്തിൽ 15 യൂണിറ്റുകൾ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : പെരുമ്പടവ് യൂണിറ്റ്
രണ്ടാം സമ്മാനം : നെല്ലിക്കുറ്റി യൂണിറ്റ്
മൂന്നാം സമ്മാനം : മണിക്കടവ് മേഖല

#### 2. പ്രബന്ധ മത്സരം

സീറോമലബാർ സഭയുടെ ചരിത്രം വിശദീകരിക്കുന്ന 3 പേജിൽ കവിയാതെയുള്ള പ്രബന്ധമത്സരത്തിൽ 65 ഓളം അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ഏലിയാമ്മ കൈപ്പള്ളിൽ – അട്ടക്കണ്ടം യൂണിറ്റ്
രണ്ടാം സമ്മാനം : സിനി കോലാക്കൽ – ആനപ്പന്തി യൂണിറ്റ്
മൂന്നാം സമ്മാനം : മേഴ്സി ഓരത്തേൽ – അങ്ങാടിക്കടവ് യൂണിറ്റ്

**3. വി. മരിയ ഗൊരേത്തി – മോണോആക്ട് മത്സരം**

വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ രക്തസാക്ഷിയായ പുണ്യവതിയുടെ ജീവിതം 3 മിനിറ്റിൽ കവിയാത്ത മോണോആക്ട് ആയി അവതരിപ്പിക്കുന്ന മത്സരം നടത്തി. 30 ഓളം പേർ മത്സരത്തിൽ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : അഞ്ജന കുന്നുമ്മേൽ – മണിക്കടവ്
രണ്ടാം സ്ഥാനം : ബോബി ഈനാച്ചേരിൽ – വിളമന
മൂന്നാം സ്ഥാനം : ലിസി മറ്റത്തിൽ – അങ്ങാടിക്കടവ്
മൂന്നാം സ്ഥാനം : ലിസി ചെറുപ്ലാവിൽ – കുട്ടാപറമ്പ്

f) **ദിവ്യകാരുണ്യവർഷ ജീവകാരുണ്യ പ്രവർത്തനം (മിസരിക്കോർദിയ)**

ആഗസ്റ്റ് 3 – കരുണാലയം ചെമ്പേരി

g) **ദിവ്യകാരുണ്യ വർഷ ജ്വാല**

ആഗസ്റ്റ് 17 – കുന്നോത്ത്
ആഗസ്റ്റ് 26 – വായാട്ടുപറമ്പ്
ആഗസ്റ്റ് 28 – ആലക്കോട്

h) **ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

- ജൂലൈ 26ന് ദിവ്യകാരുണ്യവർഷ പ്രതിമാസ ഓൺലൈൻ ആരാധന നടത്തി.

**അടുത്ത മാസത്തെ ഓൺലൈൻ ആരാധന**

- ആഗസ്റ്റ് 23 – 8.00 pm – 09.00 pm

i) **ആഗസ്റ്റ് മാസത്തെ മാർഗ്ഗരേഖ**

1 – പതിനഞ്ച് നോമ്പ് ആരംഭം, സാധിക്കുന്ന അമ്മമാർ നോമ്പെടുത്ത് പ്രാർത്ഥിക്കുക

3 – അതിരൂപതാതല ജീവകാരുണ്യപ്രവർത്തനം @ കരുണാലയം ചെമ്പേരി

4 – വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ അന്നേ ദിവസം വി. കുർബ്ബാനയിൽ പങ്കെടുത്ത് വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും കുർബ്ബാനയ്ക്കുശേഷം ആശംസകൾനേർന്ന് ഒരു സമ്മാനം നല്കുകയും ചെയ്യുക.

6 – നമ്മുടെ കർത്താവീശോമിശിഹായുടെ രൂപാന്തരീകരണ തിരുനാൾ, കുമ്പസാരിച്ച്, വി. കുർബ്ബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കുക.

8 – ജപമാല പ്രചാരകനായ വി. ഡൊമിനിക്കിന്റെ തിരുനാൾ ദിനം, ജപമാല ആഘോഷമായി ചൊല്ലി പ്രാർത്ഥിക്കുക.

11 – വി. ക്ലാര പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ യൂണിറ്റിലെ സന്യാസിനി ഭവനം സന്ദർശിച്ച് ആനിമേറ്റർമാരെയും, മറ്റു സിസ്റ്റേഴ്സിനെയും കണ്ട് ആശംസകൾ നേരുക.

12 – ആഗോളയുവജനദിനത്തിൽ എല്ലാ യുവജനങ്ങൾക്കുംവേണ്ടി അരമണിക്കൂറെങ്കിലും ആരാധന നടത്തി ലഹരി വസ്തുക്കളുടെ സ്വാധീനത്തിൽ നിന്ന് മോചിതരാകുവാനായി പ്രാർത്ഥിക്കുക.

14 – സഹോദരനുവേണ്ടി ജീവൻ സമർപ്പിക്കുവാൻ തയ്യാറായ വി. മാക്സ് മില്യൻ കോൾബെയുടെ തിരുനാൾ ദിനത്തിൽ എല്ലാ തടവറമക്കൾക്കും വേണ്ടി പ്രാർത്ഥിക്കുക.

15 – പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ദിനത്തിൽ ജപമാലചൊല്ലി വി. കുർബ്ബാനയിൽ സംബന്ധിച്ച് സ്തോത്ര കാഴ്ചയിലൂടെ സമാഹരിക്കുന്ന തുക തൊട്ടടുത്ത അഗതിമന്ദിരത്തിലോ ആശുപത്രിയിലോ കഴിയുന്ന വിധത്തിൽ സഹായിക്കാൻ ശ്രദ്ധിക്കുക. സ്വാതന്ത്ര്യദിനത്തിൽ ജന്മനാടിനുവേണ്ടി പ്രാർത്ഥിക്കുക. പതാക ഉയർത്തൽ, പ്രതിജ്ഞ ചൊല്ലൽ എന്നിവയിൽ പങ്കുചേരുക. ഐതിഹാസികമായ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളെ അനുസ്മരിച്ച് 3 മിനിറ്റിൽ കൂടാത്ത മനോഹരമായ വീഡിയോ നിർമ്മാണ മത്സരം.

17 – ജ്വാല @ കുന്നോത്ത്

19 – ആഗോള ഫോട്ടോഗ്രാഫി ദിനത്തിൽ "ഒന്ന് പോയെ അവിടുന്ന്"എന്ന് ക്യാപ്ഷന് ഏറ്റവും ഇണങ്ങിയ വിധത്തിൽ ഭാര്യയുടെ ഫോട്ടോ വീട്ടിലുള്ളവരെക്കൊണ്ടെടുപ്പിച്ച് 9400206974 എന്ന നമ്പറിലേക്ക് രാത്രി 12.00 ന് മുമ്പായി അയച്ചു തരിക.

20– വി. ബർണാഡിന്റെ തിരുനാൾ ദിനത്തിൽ എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന 5 പ്രാവശ്യം ചൊല്ലി കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കുക.

23– ദിവ്യകാരുണ്യവർഷ ഓൺലൈൻ ആരാധന, സന്ദേശം (8.00 pm-9.00pm)

24 – വി. ബർത്തലോമിയോ അപ്പസ്തോലന്റെ തിരുനാൾ ദിനത്തിൽ മാർക്കോസ് 3:13:19 ഭാഗം വായിച്ച് അപ്പസ്തോലന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുക.

26 – ജ്വാല @ വായാട്ടുപറമ്പ്

27– വി. മോനിക്കയുടെ തിരുനാൾ ദിനത്തിൽ യൂണിറ്റിലെ എല്ലാ വിധവകളായ അമ്മമാരെയും ഒരുമിച്ച് കൂട്ടി ക്ലാസ് സംഘടിപ്പിച്ച് സാധിക്കുമെങ്കിൽ ഭക്ഷണവും നല്കുക. അതിരൂപതതാതല ആഘോഷം @ പേരാവൂർ

28 – ജ്വാല @ ആലക്കോട്

വി. അഗസ്റ്റിന്റെ തിരുനാൾ ദിനത്തിൽ നമ്മുടെ അതിരൂപതാധ്യക്ഷനു വേണ്ടി പ്രാർത്ഥിക്കുക.

29 – വി. ഏവുപ്രാസ്യാമ്മയുടെ തിരുനാൾ ദിനത്തിൽ വേദനിക്കുന്ന ഒരു കുടുംബത്തിനുവേണ്ടി ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിക്കുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- എന്റെ ദിവ്യകാരുണ്യനാഥന് കത്തെഴുതൽ മത്സരം - ദിവ്യകാരുണ്യ ഈശോയെ അഭിസംബോധന ചെയ്തുകൊണ്ടുള്ള 2 പേജിൽ കവിയാത്ത കത്തെഴുത്ത് മത്സരം. കത്തെഴുതി മനോഹരമായി ഫോട്ടോ എടുത്ത് ആഗസ്റ്റ് 30ന് രാത്രി 12ന് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക.
- അംഗത്വകാർഡ് ഇല്ലാത്തവർ അംഗത്വകാർഡ് എടുക്കാൻ ശ്രദ്ധിക്കുക. പരമാവധി അമ്മമാരെ സംഘടനയിൽ അംഗങ്ങളായി ചേർക്കുക.

## III. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

Phone : **9400206974, 8078122191.**

## IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

Phone : **9400206974, 8078122191.**

## V. അമല പ്രോലൈഫ്

ജൂൺ 26ന് രാത്രി 9.00മണിക്ക് പ്രൊലൈഫ് കോർ ടീമിന്റെ ഓൺലൈൻ യോഗം ചേരുകയുണ്ടായി. യോഗത്തിൽ അതിരൂപത പ്രോലൈഫ് ഡയറക്ടർ, സി. സ്റ്റെല്ല എം.എസ്.എം.ഐ എന്നിവരടക്കം എട്ടുപേർ പങ്കെടുത്തു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗം കേരള മാർച്ച് ഫോർ ലൈഫ്, പ്രോലൈഫ് ഓറിയന്റേഷൻ പ്രോഗ്രാം എന്നിവയുടെ കാര്യപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

കെ.സി.ബി.സി പ്രോലൈഫ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ജൂൺ 28 മുതൽ 30വരെ പാലാരിവട്ടം പി.ഒ.സിയിൽ വെച്ച് നടന്ന മൂന്ന് ദിവസത്തെ പ്രോലൈഫ് ഓറിയന്റേഷൻ പ്രോഗ്രാം 2024 പരിപാടിയിൽ തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് രണ്ട് യുവജനങ്ങൾ അടക്കം 5 പേർ പങ്കെടുത്തു. സിസ്റ്റർ സ്റ്റെല്ല എം.എസ്.എം.ഐ, ശ്രീ. ടോമി ഓലിക്കൽ, ശ്രീമതി സാലി തങ്കച്ചൻ, മെറീന സെബാസ്റ്റ്യൻ, മാത്യു ഡോൺ സെബാ

സ്റ്റ്യൻ (യൂത്ത്) എന്നിവരാണ് പ്രോഗ്രാമിൽ പങ്കെടുത്തവർ. മൂന്ന് ദിവസത്തെ പരിപാടിയിൽ പങ്കെടുത്ത അഞ്ചംഗ ടീമിന് അമല പ്രോലൈഫ് മിനിസ്ട്രി യുടെ അഭിനന്ദനങ്ങൾ.

ആഗസ്റ്റ് 10ന് തൃശ്ശൂരിൽ നടക്കുന്ന ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിന്റെ മുന്നോടിയായി കെസിബിസി പ്രോലൈഫ് സമിതി നടത്തുന്ന കേരള മാർച്ച് ഫോർ ലൈഫ് ജീവസംരക്ഷണ സന്ദേശയാത്ര ജൂലൈ 2-ാം തീയതി രാവിലെ 10 മണിക്ക് പടന്നക്കാട് നല്ലിടയൻ പാരിഷ് ഹാളിൽ ജാഥാ ക്യാപ്റ്റനും കെസിബിസി പ്രോലൈഫ് സമിതി ജനറൽ സെക്രട്ടറിയുമായ ശ്രീ. ജെയിംസ് ആഴ്ചങ്ങാടന് പതാക കൈമാറി, തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. മഹത്തായ മനുഷ്യജീവന്റെ സുവിശേഷം പങ്കുവയ്ക്കുന്നതാണ് ഇന്നിന്റെ ദൈവനി യോഗം എന്ന് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു.

കെസിബിസി പ്രോലൈഫ് സമിതിയുടേയും ഫാമിലി കമ്മീഷന്റെയും ചെയർമാൻ റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി അധ്യക്ഷത വഹിച്ചു. കണ്ണൂർ രൂപത ബിഷപ്പ് ഡോ. അലക്സ് വടക്കുംതല അനുഗ്രഹപ്രഭാഷണം നടത്തി. കെസിബിസി പ്രോലൈഫ് സമിതി ഡയറക്ടർ ഫാ. ക്ലീറ്റസ് വർഗ്ഗീസ് കതിർപറമ്പിൽ, തലശ്ശേരി അതിരൂപത വികാരി ജനറാൾമാരായ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, കണ്ണൂർ രൂപത കാഞ്ഞങ്ങാട് ഫൊറോന വികാരി ഫാ. ആൻസിൽ പീറ്റർ, തലശ്ശേരി അതി രൂപത കാഞ്ഞങ്ങാട് ഫൊറോന വികാരി ഫാ. ജോർജ് കളപ്പുര, കണ്ണൂർ രൂപത ഡയറക്ടർ ഫാ. പീറ്റർ കനീഷ്, തലശ്ശേരി അതിരൂപത പ്രോലൈഫ് ഡയറക്ടർ ഫാ. ജോബി കോവാട്ട്, സി. ജോസി കൈമപ്പറമ്പിൽ, കെസി ബിസി പ്രോലൈഫ് സമിതി പ്രസിഡന്റ് ജോൺസൺ ചൂരപ്പറമ്പിൽ, ആനി മേറ്റർമാരായ സാബു ജോസ്, ജോർജ് എഫ് സേവ്യർ, സി. മേരി ജോർജ്, ആന്റണി പത്രോസ്, മാർട്ടിൻ നൃനസ് എന്നിവർ പ്രസംഗിച്ചു. ശ്രീ. ജോയ്സ് മുക്കുടം പ്രോലൈഫ് മാജിക് ഷോ നടത്തി.

തുടർന്ന് കണ്ണൂർ രൂപതയുടെ വിവിധ ഇടവകകളിലൂടെ നടത്തിയ സന്ദേ ശയാത്രയ്ക്ക് ജൂലൈ മൂന്നാം തീയതി തലശ്ശേരി അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നല്കി. രാവിലെ 6.30ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽനിന്നും വിശുദ്ധ കുർബ്ബാനയോട് കൂടി സന്ദേശയാത്ര ആരംഭിച്ചു. തലശ്ശേരി അതിരൂപത പ്രോലൈഫ് ഡയറക്ടറിന്റെ നേതൃത്വ ത്തിൽ പ്രോലൈഫ് സമിതി പ്രസിഡന്റ് ശ്രീ. സെലസ്റ്റിൻ വടക്കേൽ, വൈസ് പ്രസിഡന്റ് ശ്രീ. സണ്ണി ആശാരിപ്പറമ്പിൽ, സെക്രട്ടറി റൈനി ജോൺ കട വൻകുന്നേൽ, ജോ. സെക്രട്ടറി ശ്രീ. സിജി പുതുപ്പറമ്പിൽ, ട്രഷറർ ശ്രീമതി സാലി തങ്കച്ചൻ, കോർഡിനേറ്റർ ശ്രീ. ടോമി ഓലിക്കൽ, ആനിമേറ്റർ സി.

സ്റ്റെല്ല എം.എസ്.എം.ഐ. എന്നിവരും സന്ദേശയാത്രയെ അനുഗമിച്ചു. ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പേരി, പയ്യാവൂർ, ഉളിക്കൽ, ഇരിട്ടി എന്നീ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് വൈകുന്നേരം 5.30 ന് സമാപനസമ്മേളന സ്ഥലമായ പേരാവൂർ സെന്റ് ജോസഫ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ എത്തിയ പ്രോലൈഫ് പ്രവർത്തകരെ ഫൊറോന വികാരിയും ഇടവക സമൂഹവും ചേർന്ന് സ്വീകരിച്ചു. ഓരോ ഫൊറോനയിലും ജാഥാ ക്യാപ്റ്റൻ ശ്രീ. ജെയിംസ് ആഴ്ച്ചങ്ങാടൻ ജീവസംരക്ഷണ സന്ദേശം നല്കുകയും ശ്രീ. ജോയ്സ് മുക്കുടം പ്രോലൈഫ് മാജിക്ഷോയും നടത്തുകയും ചെയ്തു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു ആശാരിപ്പറമ്പിൽ, ആലക്കോട് ഫൊറോന വികാരി ഫാ. ആന്റണി പുന്നൂർ, വായാട്ടുപറമ്പ് ഫൊറോന വികാരി ഫാ. തോമസ് തെങ്ങുംപള്ളിൽ, ചെമ്പേരി ഫൊറോന വികാരി ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, പൈസക്കരി ഫൊറോന വികാരി ഫാ. നോബിൾ ഓണംകുളം, നെല്ലിക്കാംപൊയിൽ ഫൊറോന വികാരി ഫാ. ജോസഫ് കാവനാടിയിൽ, പേരാവൂർ ഫൊറോന വികാരി ഫാ. മാത്യു തെക്കേമുറി എന്നിവരും പ്രോലൈഫ് പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചു. പ്രോലൈഫ് സമിതി അംഗങ്ങൾക്ക് ഹൃദ്യമായ സ്വീകരണവും ഓരോ ഫൊറോനയിലും ജനപങ്കാളിത്തവും ഉറപ്പുവരുത്തിയ ഫൊറോന വികാരിമാർക്കും, മേഖലാ ഡയറക്ടറച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, പ്രോലൈഫ് ജീവസംരക്ഷണ സന്ദേശയാത്രയെ സപ്പോർട്ട് ചെയ്ത ഇടവകാസമൂഹത്തിനും തലശ്ശേരി പ്രോലൈഫ് സമിതിയുടെ പേരിലുള്ള ഹൃദ്യമായ നന്ദി അറിയിക്കുന്നു.

### പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ: പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VI. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ** Mail ID: familytly92@gmail.com
Web Site: www.familytly.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**മാസ്റ്റർ മൈൻഡ് 2K24 പൊതുവിജ്ഞാന പരീക്ഷ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തോലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന പൊതുവിജ്ഞാന പരിശീലന പദ്ധതിയായ മാസ്റ്റർമൈൻഡ് 2K24 ഈ വർഷവും പുതുമകളോടെ വീണ്ടും അവതരിപ്പിക്കുകയാണ്. വിദ്യാർത്ഥികളെ മത്സര പരീക്ഷകളിൽ മികവുള്ളവരാക്കാനും വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ (LSS, USS, NMMS, NTSE) പിഎസ്സി, യുപിഎസ്സി പരീക്ഷകൾ (IAS, IPS, IFS...) ഇവയിൽ മികച്ച വിജയം കൈവരിക്കാനും പ്രാപ്തരാക്കുക എന്നതാണ് ഈ പഠനപദ്ധതിയുടെ ലക്ഷ്യം. പഠനത്തിന് ആവശ്യമായ പുസ്തകങ്ങൾ കോർപ്പറേറ്റ് ഓഫീസിൽ നിന്നും സ്കൂളുകളിൽ എത്തിക്കുന്നതാണ്. പുസ്തകങ്ങൾ സ്കൂളിൽ എത്തിയാലുടൻ കുട്ടികൾക്ക് ലഭ്യമാക്കാൻ സ്കൂൾ കോർഡിനേറ്റർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികളെ സ്കൂൾതലത്തിൽ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. അല്ലെങ്കിൽ കുട്ടികളിൽനിന്നും മാതാപിതാക്കളിൽ നിന്നും പരാതികൾ ഉണ്ടാവും.

എൽ.പി. വിഭാഗം (3,4 ക്ലാസ്സുകൾ)

യു.പി. വിഭാഗം (5,6,7 ക്ലാസ്സുകൾ)

എച്ച്.എസ്, എച്ച്.എസ്.എസ്. വിഭാഗം (8,9,10,11,12 ക്ലാസ്സുകൾ)

എന്നിങ്ങനെ മൂന്ന് പൊതുവിജ്ഞാന പുസ്തകങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നതാണ്. 3 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് പൊതുവിജ്ഞാന പരീക്ഷ നടത്തുന്നത്. പരീക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. പുസ്തകങ്ങൾ ഓഗസ്റ്റ് രണ്ടാം വാരത്തോടെ സ്കൂളുകളിൽ എത്തുന്നതാണ്.

**ഗുരുസാദരം**

തലശ്ശേരി കോർപ്പറേറ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ വിദ്യാലയങ്ങളിൽ നിന്നും വിരമിച്ച തലശ്ശേരി അതിരൂപതാംഗങ്ങളായ ഇരിട്ടി റീജിയണിലെ എല്ലാ അധ്യാപക അനധ്യാപകരുടെയും സംഗമം (ഗുരുസാദരം) 2024 ജൂലൈ 23 ചൊവ്വാഴ്ച രാവിലെ 9.30 ന് എടൂർ സെന്റ് മേരീസ് പാരീഷ് ഹാളിൽവെച്ചു നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സന്തോഷകരമായ വിശ്രമജീവിതത്തെക്കുറിച്ച് ശ്രീ. ഷോണിറ്റ് പാറത്താഴെ ക്ലാസ്സുകൾ നയിച്ചു. സമൂഹത്തെ ശക്തിപ്പെടുത്തൽ എന്ന വിഷയത്തെ ആധാരമാക്കി റവ. ഡോ. ഫാ. ജോസഫ് കാക്കരമറ്റം സംവദിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവുമായി ചർച്ചകൾ നടത്തി. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു. 250 അധ്യാപക അനധ്യാപകർ പങ്കെടുത്തു.

ഈ സമ്മേളനം വിജയപ്രദമാക്കാൻ പരിശ്രമിച്ച എടൂർ സെന്റ് മേരീസ് ഫൊറോന വികാരിയും ലോക്കൽ മാനേജരുമായ റവ. ഫാ. തോമസ് വടക്കേമുറിയിൽ അച്ചനെയും എടൂർ സെന്റ് മേരീസ് ഹയർ സെക്കന്ററി, ഹൈസ്കൂൾ അധ്യാപകരെയും വിദ്യാർത്ഥികളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

## വിശുദ്ധ നാട് - യൂറോപ്പ് യാത്രകൾ

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജോർജ് വെള്ളരിങ്ങാട്ട് അച്ചന്റെ നേതൃത്വത്തിൽ 2024 സെപ്റ്റംബർ അവസാന ആഴ്ചയിൽ 15 ദിവസത്തേക്ക് യൂറോപ്യൻ യാത്ര ക്രമീകരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യുന്നതിനും വിശദവിവരങ്ങൾ അറിയുന്നതിനും **7306266198** എന്ന നമ്പറിൽ വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്

## ചെമ്പേരി

### വിമൽ ജ്യോതിയിൽ സൈബർ സുരക്ഷാ പരിശീലന ക്ലാസ്

ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സൈബർ സുരക്ഷാ വിഭാഗം സംഘടിപ്പിച്ച രണ്ടു ദിവസത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം 15,16 തീയതികളിലായി നടത്തി. 'നെറ്റ്‌വർക്ക് സുരക്ഷാ ഉപകരണങ്ങളും, നടപ്പാക്കലുകളും' എന്ന വിഷയത്തിലാണ് പരിശീലനം നടന്നത്. വിവിധ കോളജുകളിൽ നിന്നായി 80-ൽ അധികം അധ്യാപകർ പങ്കെടുത്തു. പ്രോഗ്രാം കോർഡിനേറ്റർ ഡോ. റീമ മാത്യു ആണ് സ്വാഗതപ്രസംഗം നടത്തിയത്. പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. സോണി വടശ്ശേരിൽ ഉദ്ഘാടനം നിർവഹിച്ചു. ടെക് ബൈ ഹാർട്ട്, ആർ ആൻഡ് ഡി വിഭാഗം മേധാവി മിസ്റ്റർ സഫ്വാൻ ആശംസകൾ നേർന്നു സംസാരിച്ചു. കോർഡിനേറ്റർ മാഫ്നിത കെ കെ നന്ദി പ്രകാശനം നടത്തി.

### അനുമോദന സമ്മേളനം

ചെമ്പേരി വിമൽജ്യോതി എൻജിനിയറിങ് കോളേജിന് സ്വയംഭരണ പദവി, നാക് എ ഗ്രേഡ്, എൻ.ബി.എ. അക്രഡിറ്റേഷൻ എന്നിവ ലഭിച്ചതിന്റെ ഭാഗമായി അനുമോദനസമ്മേളനം നടത്തി. തലശ്ശേരി അതിരൂപത ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. മുൻ രക്ഷാധികാരികളായ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട്, മുൻ ചെയർമാൻമാരായ ഫാ. തോമസ് മേൽവെട്ടം, ഫാ. ജിയോ പുളിക്കൽ, പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, കോളേജ് ചെയർമാൻ ആന്റണി മുതുകുന്നേൽ, മാനേജർ ഫാ. ജെയിംസ് ചെല്ലാംകോട്ട്, കോഡിനേറ്റർ പ്രൊഫ. ലാലി ജെയിംസ് എന്നിവർ സംസാരിച്ചു.

## പ്ലേസ്മെന്റ് വാർത്തകൾ ജൂൺ - 2024

- പ്രമുഖ മൾട്ടി നാഷണൽ കമ്പനിയായ INFOSYS 2024 അധ്യയന വർഷത്തിൽ പഠനം പൂർത്തിയായ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. സെലെക്ഷൻ പ്രോസസ്സ് ഓഗസ്റ്റ് ആദ്യ വാരത്തോടെ പൂർത്തിയാകുമെന്ന് കരുതുന്നു
- TCS നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 20 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 4 ലക്ഷത്തോളം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- പ്രമുഖ EDTECH കമ്പനിയായ INTRAINZ നടത്തിയ റിക്രൂട്ട്മെന്റിലൂടെ 9 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. 4-6 ലക്ഷം രൂപ വാർഷിക ശമ്പളം ലഭിക്കുന്ന ജോലിയാണ്.
- കോർ സിവിൽ എഞ്ചിനീയറിംഗ് കമ്പനിയായ ORBIT ENGINEERING നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 12 വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുകയുണ്ടായി. 4 ലക്ഷത്തോളം രൂപ വാർഷിക ശമ്പളമായി വാഗ്ദാനം ചെയ്യുന്നു.
- പ്രശസ്ത കമ്പനിയായ SOTI INC 2025 ൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി റിക്രൂട്ട്മെന്റ് നടത്തുന്നു.

## എം.ബി.എ. വാർത്തകൾ

**വിമൽജ്യോതിയിൽ പ്രീ എംബിഎ ഓറിയന്റേഷൻ പ്രോഗ്രാം**

ചെമ്പേരി വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിലെ 2024 26 ബാച്ചിലെ എം ബി എ വിദ്യാർത്ഥികൾക്ക് പ്രീ എം ബി എ നൈപുണ്യ വികസന പരിശീലനം സംഘടിപ്പിച്ചു. ജൂലൈ 4 മുതൽ 10 വരെ നടത്തിയ ഈ പരിശീലന പരിപാടിയിൽ വിവിധ നൈപുണ്യ വികസനത്തിന് ആവശ്യമായ പരിശീലനം വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ നടത്തി. ഇന്റർനാഷണൽ ട്രെയിനർ ജിജോയ് ജോസഫ് ഈ പ്രോഗ്രാമിന് നേതൃത്വം നൽകി.

അദ്ധ്യാപകരും വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകി.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക: 9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ ഓഗസ്റ്റ് ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
## എ. കെ. സി. സി.

### കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ജൂലൈ മാസത്തെ പ്രവർത്തന റിപ്പോർട്ട്

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

30/06ന് അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തി. പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ജിമ്മി അയിത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ എന്നിവർ സംസാരിച്ചു.

**പ്രധാന തീരുമാനങ്ങൾ**

1 തലശ്ശേരി അതിരൂപതയെ സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ് അതിരൂപതയായി മാറ്റണമെന്ന അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ വേണ്ടി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഓഗസ്റ്റ് 15ന് മുമ്പായി യൂണിറ്റ് ഇല്ലാത്ത എല്ലാ ഇടവകകളിലും കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് രൂപീകരിക്കുന്നതിന് ബഹു. വികാരിയച്ചന്മാരുമായി സഹകരിച്ചു ഫൊറോനാ പ്രസിഡണ്ടുമാർ പരിശ്രമിക്കുന്നതാണ്.

2 കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതയുടെ സംഘടന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഇരിട്ടി, ചെമ്പേരി, ആലക്കോട്, ചെറുപുഴ, കാസർഗോഡ്, റീജിയൺ തിരിച്ചുകൊണ്ട് വൈസ് പ്രസിഡണ്ടുമാർക്ക് ഉത്തരവാദിത്വം ഏൽപ്പിച്ചു.

രൂപതാ സെക്രട്ടറിമാർക്ക് വിവിധ ഫൊറോനകളുടെ സംഘടന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനുള്ള ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു.

3 എല്ലാ മാസവും രണ്ടാമത്തെ ശനിയാഴ്ച രൂപത എക്സിക്യൂട്ടീവ് കൂടുവാനും യൂണിറ്റ്, ഫൊറോനതല പ്രവർത്തനറിപ്പോർട്ടുകൾ എല്ലാ മാസവും ആറാം തീയതിക്ക് മുമ്പായി രൂപത ജനറൽ

സെക്രട്ടറിയെ ഫൊറോന ഭാരവാഹികൾ ഏൽപ്പിക്കണമെന്നും നിർദ്ദേശിച്ചു.

4 കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതയുടെ പ്രവർത്തന ങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി തൊണ്ണൂറായിരം രൂപയുടെ മൂന്ന് പരസ്പര സഹായനിധികൾ ആരംഭിക്കുന്നതിനും 2024 ഓഗസ്റ്റ് മാസം രണ്ടാമത്തെ വെള്ളിയാഴ്ച പരസ്പര സഹായനിധിയുടെ ആദ്യയോഗം കൂടുന്നതിനും തീരുമാനിച്ചു.

5 രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ഓരോ ഫോറോനയിലും മാറിമാറി നടത്തുന്നതിനും ഓഗസ്റ്റ് മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച അടുത്ത മീറ്റിംഗ് എടൂർ ഫൊറോനയിൽവെച്ച് നടത്തുന്നതിനും തീരുമാനിച്ചു.

6 ജൂലൈ മൂന്ന് ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടക്കുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിനും തുടർന്ന് ഉച്ചകഴിഞ്ഞ് നടക്കുന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളുടെ സ്ഥാനാരോഹണ യോഗത്തിൽ സംബന്ധിക്കുന്നതിനുമായി 50 പേർ ഉൾപ്പെടുന്ന ഒരു സംഘം തലശ്ശേരി അതിരൂപതയിൽ നിന്നും ബസിന് പോകുന്നതിന് തീരുമാനിച്ചു. ജൂലൈ 3 സഭാദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും കത്തോലിക്ക കോൺഗ്രസ് പതാക ഉയർത്തുന്നതിന് തീരുമാനിച്ചു.

7 പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥയിൽ കത്തോലിക്ക കോൺഗ്രസ് അതിരൂപത യോഗം പ്രതിഷേധം രേഖപ്പെടുത്തി. മലയോരത്തെ സാധാരണക്കാരായ രോഗികൾക്ക് വേണ്ട ചികിത്സാസൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്നതായി യോഗം വിലയിരുത്തി. ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ശക്തമായ സമരപരിപാടികൾ നടത്തണമെന്ന് യോഗാംഗങ്ങൾ നിർദേശിച്ചു.

8 തുടർച്ചയായി മൂന്ന് പ്രാവശ്യം രൂപത എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുക്കാത്തവർ സ്വയം സ്ഥാനത്തുനിന്ന് നീക്കം ചെയ്യപ്പെടുന്നതായി കണക്കാക്കുന്നതാണ്.

9 തലശ്ശേരി അതിരൂപതയുടെ പദ്ധതിയായ സീറോ പോവർട്ടി പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചു.

10 കത്തോലിക്കാ കോൺഗ്രസിന്റെ തലശ്ശേരി അതിരൂപതയുടെ ഒരു വർഷത്തെ കർമ്മപദ്ധതി രൂപീകരിക്കുന്നതിനായി അതിരൂപത ഭാരവാഹികളും, ജെയിംസ് ഇമ്മാനുവേൽ, ജയ്സൺ അട്ടാറിമാക്കൽ, സാജു പുത്തൻപുര, സരിത ജോസ് മഞ്ഞപ്പള്ളി എന്നിവർ അടങ്ങുന്ന കോർ ഗ്രൂപ്പ് രൂപീകരിച്ചു.

**മൗണ്ട് സെന്റ് തോമസിൽ ഗ്ലോബൽ ഭാരവാഹികളുടെ സ്ഥാനാരോഹണം – യൂണിറ്റുകളിൽ പതാക ഉയർത്തൽ**

2024 ജൂലൈ മൂന്നാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഗ്ലോബൽ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങിൽ തലശ്ശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ പങ്കെടുത്തു.

ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ, പ്രസിഡന്റ് ശ്രീ. ഫിലിപ്പ് വെളിയത്ത്, ജിമ്മി ഐത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ എന്നിവരുടെ നേതൃത്വത്തിൽ 55 പേർ സംഘത്തിലുണ്ടായിരുന്നു.

ജൂലൈ 3 സെന്റ് തോമസ് ഡേ-യിൽ കത്തോലിക്ക കോൺഗ്രസ് ഭാരവാഹികൾ 16 ഫൊറോനകളിലും സംഘടനയുടെ പതാക ഉയർത്തി.

ജൂലൈ 7-ാം തീയതി ആർച്ചുബിഷപ്പ്സ് ഹൗസിൽ അഭിവന്ദ്യ പിതാവിനോടും ഡയറക്ടർ അച്ചനോടുമൊപ്പം അതിരൂപത പ്രസിഡന്റ് ശ്രീ. ഫിലിപ്പ് വെളിയത്ത്, ജിമ്മി ഐത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ, ബെന്നിച്ചൻ മഠത്തിനകം എന്നിവർ വനം വന്യജീവി വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട ശ്രീ. A K ശശീന്ദ്രനുമായി കൂടിക്കാഴ്ച നടത്തി മലയോര ജനതയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഈ മീറ്റിംഗിൽ വച്ച് തുടർചർച്ചകൾക്ക് വേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥരും കത്തോലിക്ക കോൺഗ്രസിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തി അഭിവന്ദ്യ പിതാവിനെയും സന്ദർശിക്കാമെന്ന് മന്ത്രി വാക്ക് നൽകി.

**ജൂലൈ എഴിനു തലശ്ശേരി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ വനം വകുപ്പ് മന്ത്രി ശശീന്ദ്രനുമായി കത്തോലിക്കാ കോൺഗ്രസ് ചർച്ച**

ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ നേതൃത്വത്തിലുള്ള കത്തോലിക്ക കോൺഗ്രസ് നേതാക്കളോട് ബഹുമാനപ്പെട്ട സ്പീക്കർ A N ഷംസീർ, വനം വന്യജീവി വകുപ്പ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശശീന്ദ്രൻ എന്നിവരും തിരുവനന്തപുരത്ത് നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരുടെ സംഘവും ചർച്ച ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ ഗ്ലോബൽ ട്രഷറർ അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. ഫിലിപ്പ് വെളിയത്ത്, മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സജി ഫിലിപ്പ് വട്ടക്കാമുള്ളേൽ, അതിരൂപത ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. ആന്റോ തെരുവൻകുന്നേൽ, തുടങ്ങിയവർ ഉന്നയിച്ച മലയോര ജനതയുടെ വിവിധ ആവശ്യങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ടു. തിരുവനന്തപുരത്ത് വച്ച് നടത്തേണ്ട മീറ്റിംഗ് ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തലശ്ശേരിയിൽ വച്ച് നടത്തിയത് മലയോര ജനതയെയും കത്തോലിക്ക കോൺഗ്രസിനെയും വിശ്വാസത്തിൽ എടുക്കുന്നതിന്റെ

തെളിവാണ് എന്ന് മന്ത്രിയും സ്പീക്കറും പ്രസ്താവിച്ചു. വനം വന്യജീവി വകുപ്പിൽ നിന്നും സന്നിഹിതരായിരുന്നവർ:

ശ്രീ. ഗംഗാ സിംഗ് IFS (PCCF & Head of Forest Force)

Dr. P. പുകഴെന്തി APCCF (Additional Principal Chief Conservator of Forests)

ശ്രീ വിജയാനന്ദൻ IFS (CCF Eastern Circle and Nodal officer Wayanad)

Smt. ദീപ KS IFS (CCF Northern Circle, Kannur)

ശ്രീ ജോസ് മാത്യു DFO Kannur

ശ്രീ ആഷിഖ് അലി DFO Kozhikode

ശ്രീ അഷ്റഫ് K. DFO Kasargod

ശ്രീ ബിജു P. DCF Special Investigation for Protection Kannur

കണ്ണൂർ കാസർഗോഡ് വയനാട് ജില്ലകളിൽ വന്യജീവികളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ വിശദമായി കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ അവതരിപ്പിച്ചു. ഫെൻസിംഗ് ഇല്ലാത്ത ഇടങ്ങളിൽ ഫെൻസിംഗ് സ്ഥാപിക്കുവാനും നിലവിലുള്ള സ്ഥലങ്ങളിൽ അവ പരിരക്ഷിക്കുവാനും തീരുമാനമായി. വനമേഖലയോട് അടുത്തുള്ള തദ്ദേശ നിവാസികളുടെ സഹകരണത്തോടെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ പ്രശ്നപരിഹാരം കണ്ടെത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചു. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ആൾ നാശത്തിനും കൃഷി നാശത്തിനും ഉടനടി സഹായധനം നൽകണമെന്ന് തീരുമാനിച്ചു.

**ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന പരിഹാര നിർദ്ദേശങ്ങൾ:**

AKCC തലശ്ശേരി അതിരൂപതാ കമ്മറ്റി കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, തയ്യേനിയിൽ തൊഴിലുറപ്പ് പണിക്കിടെ, കടന്നൽ കുത്തേറ്റു മരിച്ച വേളൂർ സണ്ണിയുടെ കുടുംബത്തിന്, 2 ലക്ഷം രൂപ അടിയന്തിരമായി അനുവദിക്കാൻ വനം വന്യജീവി വകുപ്പു മന്ത്രി ശ്രി. AK ശശിന്ദ്രൻ നിർദ്ദേശിച്ചു. അതിൽ ഒരു ലക്ഷം രൂപ തിങ്കളാഴ്ച തന്നെ, കാസർഗോഡ് DFO, AKCC ഭാരവാഹികളെ അറിയിച്ച് വേളൂർ സണ്ണിയുടെ വീട്ടിൽ എത്തിച്ചു നൽകുമെന്നും മന്ത്രി നിർദ്ദേശിച്ചു.

വനാതിർത്തിയിൽ താമസിക്കുന്നവരെ ഉൾപ്പെടുത്തി, വന്യജീവി പ്രതിരോധസേന രൂപീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന AKCC യുടെ നിർദ്ദേശം, അനുഭാവപൂർവം പരിഗണിക്കാവുന്നതാണ് എന്ന്, മന്ത്രി അഭിപ്രായപ്പെട്ടു.

നാട്ടിലിറങ്ങുന്ന കാട്ടുപന്നികളെ, വെടിവെക്കുന്നതിനുള്ള അനുവാദം പഞ്ചായത്ത് പ്രസിഡണ്ടുമാർക്ക് നൽകിയിട്ടുള്ളതാണ് എന്ന് മന്ത്രി ആവർത്തിച്ച് അറിയിച്ചു. വിമുക്തഭടന്മാരെ ഉൾപ്പെടുത്തി തദ്ദേശവാസികൾക്ക്

ഇതിനുള്ള പരിശീലനം നൽകുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഉടൻ ചർച്ച ചെയ്യുന്നതാണ്.

കൊട്ടിയൂർ വനാതിർത്തിയിൽ തനിയെ താമസിക്കുന്ന നിരാലംബരായ വൃദ്ധദമ്പതികളെ പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ ഉടൻ നടപടിയെടുക്കണമെന്ന് മന്ത്രി നോർതേൻ സർക്കിൾ സിസിഎഫിനെ ചുമതലപ്പെടുത്തി.

വയനാട് ചുരം റോഡിന് ബദൽ പാത നിർമ്മിക്കുന്നതു സംബന്ധിച്ച് ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ നിർദ്ദേശം സർവ്വാത്മനാ പിന്തുണയ്ക്കുന്നതാണ് എന്ന് വനം വകുപ്പ് മന്ത്രി വാക്ക് നൽകി.

## ഡെങ്കിപ്പനി പ്രതിരോധമരുന്ന് വിതരണത്തിന്റെ രൂപതതല ഉദ്ഘാടനം 20/07 ന് മേരിഗിരിയിൽ

ഡെങ്കിപ്പനി പ്രതിരോധ ഹോമിയോ മരുന്ന് വിതരണത്തിന്റെ തലശേരി അതിരൂപതാതല ഉദ്ഘാടനം തേർത്തല്ലി മേരിഗിരി സെന്റ് മേരീസ് പള്ളി പാരീഷ് ഹാളിൽ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു.

വികാരി ജനറാൾമാരായ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫൊറോനാ വികാരി ഫാ. എബ്രഹാം മടത്തിമ്യാലിൽ, ഫാ. ജോർജ് തൈക്കുന്നുംപുറം എന്നിവർ സന്നിഹിതരായിരുന്നു.

ഐസി മേരി മുണ്ടാട്ടുചുണ്ടയിൽ ആമുഖപ്രഭാഷണം നടത്തി. സുരേഷ് ജോർജ്, ഷിനോ പാറയ്ക്കൽ, ഇമ്മാനുവൽ എന്നിവർ പ്രസംഗിച്ചു. മരുന്നിന്റെ ഉപയോഗക്രമം വിശദീകരിച്ചു ഡോ. ജാസ്മിൻ ജോസ് ക്ലാസ് നയിച്ചു.

## പുതിയ ഫൊറോനാ കമ്മിറ്റി രൂപീകരണം


16/07 ന് തളിപ്പറമ്പ് ഫൊറോനയിൽ പുതിയ ഫൊറോന കമ്മിറ്റി രൂപീകരിച്ചു. ഭാരവാഹികൾ:

ജോളി ജോസഫ് എരിഞ്ഞേരി കണ്ണൂർ (പ്രസിഡന്റ്)
സണ്ണി സെബാസ്റ്റ്യൻ തെക്കേൽ പരിയാരം (ജനറൽ സെക്രട്ടറി).
സജീവ് ജോസഫ് മുക്കാട്ടുകുന്നേൽ തളിപ്പറമ്പ് (ട്രഷറർ).
സജീവ് ജോസഫ് കോനിപ്പാട്ട് ബാലേശുഗിരി (വൈസ് പ്രസിഡന്റ്)
സീമ സിന്റോ പുത്തൻപുരയക്കൽ പരിയാരം, (വൈസ് പ്രസിഡന്റ്)
തോമസ് ചേക്കാംതടത്തിൽ (സെക്രട്ടറി)
റോബിൻ കരോട്ടുകിഴക്കയിൽ (സെക്രട്ടറി)

ഫൊറോന വികാരി പെരിയ ബഹു. ഫാ. മാത്യു ആശാരിപറമ്പിലും ഫാ. നിധിൻ പുഞ്ചതറപ്പേലും പുതിയ ഫൊറോനാ ഭാരവാഹികളെ അനുമോദിച്ചു

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**1. അഭിനന്ദനങ്ങൾ**

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ഫൊറോനാതല നേതൃസംഗമം വളരെ വിജയകരമായി നടത്തുന്നതിൽ നിങ്ങളെ ഓരോരുത്തരെയും അഭിനന്ദിക്കുന്നു. എല്ലാ സംഗമങ്ങളിലും അതിരൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിക്കുകയും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്യുന്നു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ അച്ചനും ക്ലാസ്സുകൾ നയിക്കുന്നു. ഇതുവരെ നടന്ന എല്ലാ സംഗമങ്ങളും വളരെ കൃത്യതയോടും ജനപങ്കാളിത്തത്തോടും കൂടെ സംഘടിപ്പിച്ച ഫൊറോന വികാരിയച്ചന്മാർക്കും എല്ലാ വൈദിക-സിസ്റ്റേഴ്സ് - അല്മായ ഭാരവാഹികൾക്കും നന്ദി അറിയിക്കുന്നു.

**2. നടന്ന സംഗമങ്ങൾ**

| തീയതി | ഫൊറോന | പങ്കെടുത്തവർ |
|---|---|---|
| 20.06.2024 | പേരാവൂർ | 800 |
| 20.06.2024 | എടൂർ | 550 |
| 22.06.2024 | തളിപ്പറമ്പ് | 300 |
| 27.06.2024 | മണിക്കടവ് | 550 |
| 27.06.2024 | പൈസക്കരി | 600 |
| 28.06.2024 | നെല്ലിക്കാംപൊയിൽ | 550 |
| 01.07.2024 | വായാട്ടുപറമ്പ | 400 |
| 01.07.2024 | ആലക്കോട് | 750 |
| 08.07.2024 | കാസർഗോഡ് | 100 |

| | | |
|---|---|---|
| 08.07.2024 | കാഞ്ഞങ്ങാട് | 350 |
| 11.07.2024 | ചെമ്പേരി | 700 |
| 12.07.2024 | കുന്നോത്ത് | 800 |
| 19.07.2024 | ചെമ്പന്തൊട്ടി | 600 |
| 20.07.2024 | മേരിഗിരി | 700 |
| 20.07.2024 | ചെറുപുഴ | 750 |
| 25.07.2024 | തോമാപുരം | 700 |
| 25.07.2024 | വെള്ളരിക്കുണ്ട് | 600 |

**3. അടുത്ത സംഗമം**

| തീയതി | ഫൊറോന | സമയം |
|---|---|---|
| 01.08.2024 | മാലോം | 09.30 am |
| 01.08.2024 | പനത്തടി | 02.30 pm |

**4. ചർച്ചാ വിഷയം**

2024 ജൂലൈ മാസത്തിൽ കുടുംബക്കൂട്ടായ്മയിൽ ചർച്ചയ്ക്കായ് നല്കിയ വിഷയാധിഷ്ഠിത ക്ലാസ്സിന്റെ റിപ്പോർട്ട് ഇനിയും നല്കാത്തവർ ഉടൻ തന്നെ അതിരൂപതാ ഓഫീസിലേക്ക് അയക്കുമല്ലോ. ഓഗസ്റ്റുമാസം ചർച്ചക്കായുള്ള വിഷയാധിഷ്ഠിത ക്ലാസ്സ് ഓഗസ്റ്റ് ഒന്നിന് ബഹു. വികാരിയച്ചന്റെയും ഇടവകാ കോഡിനേറ്റർമാരുടേയും വാട്സ് ആപ്പ് ഗ്രൂപ്പിലേക്ക് അയച്ചു നല്കുന്നതാണ്.

**5. പ്രാർത്ഥനാ പുസ്തകം**

കുടുംബക്കൂട്ടായ്മകളിൽ പ്രാർത്ഥനാ പുസ്തകവും റിപ്പോർട്ട് ബുക്കും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമല്ലോ. ഇനിയും പ്രാർത്ഥനാ പുസ്തകവും റിപ്പോർട്ട് ബുക്കും ആവശ്യമുള്ളവർ സന്ദേശഭവനിലുള്ള കുടുംബക്കൂട്ടായ്മ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. കുടുംബക്കൂട്ടായ്മയുടെയും എയ്ഞ്ചൽ ഡയാലിസിസിന്റെയും പി.പി.എഫ്. കൂട്ടായ്മയുടെയും കാര്യങ്ങൾക്കായി സന്ദേശഭവനിലുള്ള 'സിഞ്ചെല്ലൂസ്' ഓഫീസിലാണ് സമീപിക്കേണ്ടതെന്ന വിവരം ശ്രദ്ധിക്കുമല്ലോ.

സ്വാതന്ത്ര്യദിന-സ്വർഗ്ഗാരോപണത്തിരുന്നാൾ ആശംസകളോടെ,

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ദുക്റാനാ തിരുനാൾ**

ഭാരതത്തിൽ സത്യവിശ്വാസ ദീപം തെളിയിച്ച ക്രിസ്തു ശിഷ്യനും, നമ്മുടെ പിതാവുമായ മാർ തോമാശ്ലീഹായുടെ മരണ തിരുനാൾ ആലക്കോട് ബധിര സമൂഹത്തോടൊപ്പം ഏഴാം തീയതി ഞായറാഴ്ച സമുചിതമായി ആഘോഷിച്ചു. ആഘോഷമായ വിശുദ്ധ കുർബാനയും, തുടർന്ന് വി. തോമാശ്ലീഹായുടെ ഭാരത പ്രവേശനം, വിശ്വാസ സമൂഹരൂപീകരണം എന്നിവയെക്കുറിച്ചും ക്ലാസുകൾ നൽകി.

ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി ട്രഷറർ ശ്രീ. ജിമ്മി വരച്ച വി. തോമാശ്ലീഹായുടെ ചിത്രം വിശുദ്ധ കുർബാനയിലെ സമൂഹ പ്രാർത്ഥനകൾക്ക് ആംഗ്യഭാഷയിൽ നേതൃത്വം നൽകുന്ന ശ്രീമതി വീണ ജോർജിന് സമ്മാനിച്ചു. സ്നേഹവിരുന്നോടെ ആഘോഷങ്ങൾ സമാപിച്ചു.

**ആദരാഞ്ജലികൾ**

ജൂൺ 6 ശനി ആദം മിനിസ്ട്രി അംഗങ്ങളും കരിക്കോട്ടക്കരി ഇടവ കാംഗങ്ങളുമായ തെക്കയിൽ ബിജു, ഷാജി എന്നിവരുടെ മാതാവ് ത്രേസ്യാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ, ഭാരവാഹികൾ, അംഗങ്ങൾ തുടങ്ങിയവർ പങ്കുചേർന്ന് അനുശോചനവും പ്രാർത്ഥനകളും അർപ്പിച്ചു. മൃതസംസ്കാര ശുശ്രൂഷകൾക്ക് ആംഗ്യഭാഷയിൽ പരിഭാഷ നൽകി ബധിര സമൂഹ ത്തെയും ശുശ്രൂഷകളിൽ പങ്കാളികളാക്കി.

ജൂൺ 7 ഞായർ ആദം മിനിസ്ട്രി ഉപകാരിയായ പടന്നക്കാട് സ്റ്റെല്ല മാരിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രിൻസിപ്പൽ സി. എബിൻ തെരേസ് ഡി. എമ്മിന്റെ മാതാവ് ലീലാമ്മ അബ്രാഹത്തിന്റെ (മാലോം ഇടവക) നിര്യാണ ത്തിൽ അനുശോചനം അറിയിക്കുകയും, ആദം മിനിസ്ട്രി അംഗങ്ങളോടൊപ്പം റീത്ത് സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**വിശുദ്ധ അൽഫോൻസാ തിരുനാൾ**

സഹനത്തിൻ പുണ്യപുത്രിയായ വിശുദ്ധ അൽഫോൻസാമ്മയുടെ നവനാൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തി. പ്രാർത്ഥനകൾ, സന്ദേശങ്ങൾ ആംഗ്യഭാഷയിൽ നൽകി. കേരളത്തിലെ വിവിധ

സ്ഥലങ്ങളിൽ നിന്നുള്ള ബധിര വിശ്വാസികൾ തിരുനാൾ പ്രാർത്ഥനകളിൽ പങ്കുചേർന്നു.

**ഏകദിന സെമിനാർ:** ജൂൺ 30 ശനിയാഴ്ച ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിങ് കോളേ ജിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം എന്നീ വിഷയത്തെ സംബന്ധിച്ച് നടത്തപ്പെട്ട ഇൻറർനാഷണൽ സെമിനാറിൽ പങ്കുചേർന്നു.

**ഓഗസ്റ്റ് മാസ പ്രോഗ്രാം**

- ഓഗസ്റ്റ് 15 ജ്യോതി ഭവൻ ബധിര വിദ്യാലയം, നരിമാളം സ്വാതന്ത്ര്യദിന ആഘോഷം, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ.
- സമയം രാവിലെ 9-15, പതാക ഉയർത്തൽ വിശുദ്ധ കുർബാന, ആഘോഷങ്ങൾ.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2024 ആഗസ്റ്റ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| ആഗസ്റ്റ് | 04-08 | : ആന്തരീക സൗഖ്യ ധ്യാനം |
| | 10 | : വചനാഗ്നി (Live 9 am -2.30 pm, 6-9 pm) ഏകദിന കൺവെൻഷൻ |
| | 11-14 | : കന്നഡ ധ്യാനം |
| | 18-22 | : ആന്തരീക സൗഖ്യ ധ്യാനം |
| | 23 (10 am) | : RHEMA - 3 |
| | 25 (5 pm) | : വിശ്വാസപരിശീലകരുടെ ധ്യാനം (തലശ്ശേരി അതിരൂപത) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| ആഗസ്റ്റ് | 03-07 | : ആന്തരീക സൗഖ്യ ധ്യാനം |
| | 03,17,24,31 | : ഏകദിന ധ്യാനം |
| | 16 | : പ്രേഷിത കൂട്ടായ്മ |
| | 17-21 | : ആന്തരീക സൗഖ്യ ധ്യാനം |
| | 30 | : ജാഗരണ പ്രാർത്ഥന |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | |
|---|---|---|
| ആഗസ്റ്റ് | 03 | : ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing ) |
| | 09 | : ജാഗരണ പ്രാർത്ഥന (06 pm - 10.30 pm) |
| | 15-18 | : മരിയൻ ആന്തരീക സൗഖ്യ ധ്യാനം |
| | 20 | : സീയോൺ വിങ്സ് (കുട്ടികൾക്ക് ഏകദിനം) |
| | 25-29 | : മരിയൻ ആന്തരീക സൗഖ്യ ധ്യാനം |

# ഫ്രാൻസിസ്ക്കൻ അല്മായ സഭ (SFO)

## 'സമാധാനവും സൗഭാഗ്യവും'

ദൈവരാജ്യം ഭൂമിയിൽ സംസ്ഥാപിതമാക്കുവാൻ, ദൈവസ്നേഹത്തിന്റെ മിഴുവും നിറവും അനുഭവിച്ചു പങ്കുവയ്ക്കുവാൻ ഏതു ജീവിതാന്തസ്സിലായാലും ഓരോ ക്രൈസ്തവനും കടമയുണ്ട്.

ഈ കടമ വളരെ സന്തോഷപൂർവ്വം നടപ്പിലാക്കുവാൻ പരിശ്രമിക്കുന്നവരാണ് SFO യിലെ ഓരോ അംഗങ്ങളും. ഏതു പ്രതികൂലകാലാസ്ഥകളിലും മൂന്നോ നാലോ അംഗങ്ങളെ ഉള്ളുവെങ്കിൽ പോലും ആഴ്ചയിൽ ഒരിക്കൽ ഒത്തു ചേർന്നുള്ള പ്രാർത്ഥന ഒരിക്കലും SFO അംഗങ്ങൾ മുടക്കാറില്ല. സാധിക്കുന്നിടത്തോളും നല്ല രീതിയിൽ പ്രവർത്തിക്കുന്ന എല്ലായൂണിറ്റുകളും രോഗിസന്ദർശനവും അർഹരായവർക്ക് ചികിത്സാസഹായങ്ങളും ചെയ്യാറുണ്ട്.

കൊറോണകാലത്തിനുശേഷം അൽമായ സഭയുടെ പ്രവർത്തങ്ങൾക്ക് അൽപ്പം മങ്ങലേറ്റിട്ടുണ്ടോ എന്നു സംശയിക്കത്തക്ക സൂചനകൾ എല്ലാ ഭാഗത്തുനിന്നും കാണുന്നുണ്ട്. അതിനു പല കാരണങ്ങൾ ഉണ്ടാകാം. ഒന്ന്, എല്ലാ ഇടവകകളിലും പല രൂപത്തിലും ഭാവത്തിലും വിവിധങ്ങളായ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. സ്വാഭാവികമായും കപ്പൂച്ചിൻ വൈദികർ നേതൃത്വം നൽകുന്ന മൂന്നാം സഭക്ക് ഇടവകകളിൽ ശ്രദ്ധകിട്ടാതെ പോകുന്നു. ഫ്രാൻസിസ്കൻ ജീവിതശൈലിയെപറ്റിയുള്ള അജ്ഞത, അതിനോടുള്ള താൽപ്പര്യക്കുറവ്, വർദ്ധിച്ചു വരുന്ന ആർഭാടങ്ങളും ആഘോഷങ്ങളും, ആർത്തിക്കും, ആസക്തിക്കും വിധേയമാകുന്ന സമൂഹം, ഇവയെല്ലാം ഫ്രാൻസിസ്ക്കൻ ചൈതന്യം വിസ്മരിക്കപ്പെടുവാൻ കാരണമായിത്തീരുന്നു. ഫ്രാൻസിസ്ക്കൻ ജീവിതശൈലിയുടെ പ്രസക്തി, ഏറിവരുന്ന ഇക്കാലത്ത് അതിന്റെ സന്ദേശം പ്രചരിപ്പിക്കാൻ എല്ലാ അംഗങ്ങളും കൂടുതൽ സജീവമായി രംഗത്തു വരണമേയെന്ന് അഭ്യർത്ഥിച്ചുകൊണ്ടും, ബഹു. ആർമണ്ട് അച്ചന്റെ ദൈവദാസ പദവി പ്രഖ്യാപന ചടങ്ങിൽ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ SFO അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തികൊണ്ടും ദൈവദാസൻ ആർമണ്ടച്ചന്റെ മാധ്യസ്ഥതയാൽ എല്ലാവർക്കും ധാരാളം ആൽമീയാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും, എല്ലാവർക്കും ഒരിക്കൽ കൂടി സമാധാനവും സൗഭാഗ്യവും നേർന്നുകൊണ്ടും,

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

## മേഖലാ വാർഷിക പൊതുയോഗങ്ങൾ

TSSS-ന്റെ 2023-24 വർഷത്തെ മേഖലാ വാർഷിക പൊതുയോഗങ്ങൾക്ക് തുടക്കമായി. 2024 ജൂലൈ 11 വ്യാഴാഴ്ച പേരാവൂർ മേഖലയും, ജൂലൈ 15 തിങ്കളാഴ്ച വെള്ളരിക്കുണ്ട് മേഖലയിലും, ജൂലൈ 16 ചൊവ്വാഴ്ച പനത്തടി മേഖലയിലും, ജൂലൈ 17 ബുധനാഴ്ച എടൂർ മേഖലയിലും RCC വാർഷിക പൊതുയോഗങ്ങൾ സംഘടിപ്പിച്ചു.

## 2024 ഓഗസ്റ്റ് മാസത്തിലെ വാർഷിക പൊതുയോഗങ്ങൾ

**ഓഗസ്റ്റ് 20:** മേരിഗിരി, ആലക്കോട്
**ഓഗസ്റ്റ് 21:** തോമാപുരം, ചെറുപുഴ
**ഓഗസ്റ്റ് 31:** നെല്ലിക്കാംപൊയിൽ

## പ്രതിമാസ പരിപാടികൾ

2024 ഓഗസ്റ്റ് മുതൽ TSSS-ന്റെ എല്ലാ യൂണിറ്റുകളിലും പ്രധാനമായും മൂന്ന് പ്രവർത്തനങ്ങൾ വീതം നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

1) അതാത് മാസങ്ങളിലെ ദിനാചരണങ്ങൾ യൂണിറ്റുകളിൽ നടപ്പിലാക്കുക.
2) യൂണിറ്റിലെ മറ്റു സംഘടനകളുമായി ചേർന്നുകൊണ്ട് ഏതെങ്കിലുമൊരു പ്രവർത്തനം നടത്തുക.
3) ഏതെങ്കിലുമൊരു സാമൂഹ്യക്ഷേമ പ്രവർത്തനമോ / ജീവകാരുണ്യ പ്രവർത്തനമോ സംഘടിപ്പിക്കുക.

ഇത്തരം പ്രവർത്തനങ്ങളെല്ലാം യൂണിറ്റ് അതിർത്തിക്കുള്ളിലായിരിക്കുവാൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓഗസ്റ്റ് മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### 1) ഓഗസ്റ്റ് 15
### ഇന്ത്യൻ സ്വാതന്ത്ര്യദിനം (Independence Day)

**പ്രവർത്തനങ്ങൾ:** എല്ലാ TSSS മേഖലാ-യൂണിറ്റ് ഓഫീസുകളിലും പതാക ഉയർത്തുകയും, മധുരം നൽകുകയും ചെയ്യുക.

**2) ഓഗസ്റ്റ് 19**

**ലോക മാനുഷികദിനം (World Humanitarian Day)**

**പ്രവർത്തനങ്ങൾ:** എല്ലാ യൂണിറ്റ് അതിർത്തികൾക്കുള്ളിലും അന്നേ ദിവസമോ, ഏറ്റവും അടുത്ത ദിവസങ്ങളിലോ ഏതെങ്കിലുമൊരു ജീവകാരുണ്യ പ്രവർത്തനമോ, സാമൂഹ്യക്ഷേമ പ്രവർത്തനമോ നടത്തുക.

**3) ഓഗസ്റ്റ് 20**

**ലോക കൊതുക് ദിനം (World Mosquito Day)**

**പ്രവർത്തനങ്ങൾ:** കൊതുക് ദിനത്തോടനുബന്ധിച്ചുള്ള ആഴ്ചയിൽ സൗകര്യപ്രദമായ ഒരു ദിവസം തിരഞ്ഞെടുത്തുകൊണ്ട് എല്ലാ മേഖലകളുടെയും യൂണിറ്റുകളുടെയും നേതൃത്വത്തിൽ വിവിധ വനിതാ സംഘടനകളുമായി സഹകരിച്ചുകൊണ്ട് കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുക.

## SHG & JLG ലോണുകളുടെ വിതരണം

TSSS-ന്റെ നേതൃത്വത്തിൽ തലശ്ശേരി ഫെഡറൽ ബാങ്കുമായി സഹകരിച്ച് വിവിധ SHG ഗ്രൂപ്പുകൾക്കായുള്ള ലോൺ വിതരണം 2024 ഓഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുന്നു. 10 മുതൽ 20 വരെ മെമ്പർമാരുള്ള SHG ഗ്രൂപ്പിലെ ഓരോ അംഗത്തിനും ഒരു ലക്ഷം രൂപ വീതം ലോൺ ലഭ്യമാക്കുന്നു.

കനറാ ബാങ്കുമായി സഹകരിച്ചുകൊണ്ട് TSSS നടപ്പിലാക്കുന്ന JLG ലോൺ വിതരണം ഈ മാസവും തുടരുന്നു. ലോൺ ആവശ്യമുള്ളവർ അതാത് മേഖലകളിലെ TSSS പ്രോഗ്രാം ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണ്.

## ഫാ. സേവ്യർ പുത്തൻപുരയിൽ ഓർമ്മദിനം

നമ്മിൽ നിന്നും വേർപിരിഞ്ഞ TSSS-ന്റെ മുൻ ഡയറക്ടർ സേവ്യർ പുത്തൻപുരയിലച്ചന്റെ 25-ാം ചരമവാർഷിക ദിനത്തിൽ TSSS-ന്റെ എല്ലാ യൂണിറ്റുകളിലും പ്രത്യേകം കുർബ്ബാനയും ഒപ്പീസും ചൊല്ലുകയും, രോഗീ സന്ദർശനം, അഗതിമന്ദിര സന്ദർശനം, വസ്ത്രവിതരണം, ഭക്ഷണവിതരണം, സാമ്പത്തിക സഹായ വിതരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. പൈസക്കരി യൂണിറ്റിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് കുടകളും, പൊട്ടംപ്ലാവ് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ അനാഥാലയത്തിൽ സാധനങ്ങളും, ചെമ്പന്തൊട്ടി MSS-ന്റെ നേതൃത്വത്തിൽ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് സാമ്പത്തിക സഹായവും നൽകി.

## ജനകീയസംഘ ശാക്തീകരണം

ജനകീയ സംഘങ്ങളാണ് TSSS-ന്റെ അടിത്തറ. കൂടുതൽ ജനകീയ സംഘങ്ങളും, മെമ്പർമാരും ഉണ്ടാകേണ്ടത് TSSS-ന്റെ വളർച്ചയ്ക്ക് അനിവാര്യമാണ്. 2024-25 വാർഷിക പൊതുയോഗത്തിന് മുമ്പായി എല്ലാ മേഖല

കളിലും പുതിയ ജനകീയസംഘ യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. അതിനായി എല്ലാ അംഗങ്ങളുടെയും, മേഖലാ ഭാരവാഹികളുടെയും സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

### ആരോഗ്യപരിപാലനം

**1) ഹോമിയോ മരുന്ന് വിതരണം**

മഴക്കാലരോഗങ്ങളെ പ്രതിരോധിക്കുന്നതിനായി പെരുമ്പടവ്, കരുണാപുരം, ആലക്കോട്, വായാട്ടുപറമ്പ്, കോഴിച്ചാൽ, ചൂരപ്പടവ്, അരവഞ്ചാൽ, രയരോം, കുന്നോത്ത് യൂണിറ്റുകളുടെ നേതൃത്വത്തിൽ പ്രതിരോധ ഹോമിയോ മെഡിക്കൽ ക്യാമ്പും, പ്രതിരോധ മരുന്ന് വിതരണവും, ബോധവൽക്കരണക്ലാസ്സുകളും സംഘടിപ്പിച്ചു.

**2) കർക്കിടകലേഹ്യനിർമ്മാണം**

നെല്ലിക്കാംപൊയിൽ, രയരോം, കാഞ്ഞിരക്കൊല്ലി യൂണിറ്റുകളുടെ നേതൃത്വത്തിൽ ആയുർവേദ കർക്കിടകലേഹ്യം തയ്യാറാക്കുകയും വിതരണം നടത്തുകയും ചെയ്തു.

**3) മെഡിക്കൽക്യാമ്പുകൾ**

- വായാട്ടുപറമ്പ്, വിളക്കന്നൂർ, പെരുമ്പടവ്, ഭീമനടി, ചെമ്പേരി ക്രെഡിറ്റ് യൂണിയൻ, ചെമ്പേരി MSS യൂണിറ്റ് എന്നിവിടങ്ങളിൽ ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.
- അങ്ങാടിക്കടവ് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ എറണാകുളം ലിസി ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യ കേൾവി പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു.
- മണിപ്പാറ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ വിവിധ ജീവിതശൈലീ രോഗ നിർണ്ണയക്യാമ്പും സംഘടിപ്പിച്ചു.

**4) ചികിത്സാ സഹായം**

അരീക്കമല, പൈസക്കരി, ചെമ്പന്തൊട്ടി, പുലിക്കുരുമ്പ, ചുള്ളി, പരപ്പ, കൊളക്കാട്, നെല്ലിക്കാംപൊയിൽ, കാഞ്ഞിരക്കൊല്ലി, മുണ്ടാനൂർ, പാണത്തൂർ, ബദിയടുക്ക, കനീലടുക്കം തുടങ്ങിയ TSSS യൂണിറ്റുകളിലും, ഉഷസ് SHG ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കൊന്നക്കാടും 14 രോഗികൾക്ക് ചികിത്സാ സാമ്പത്തിക സഹായങ്ങൾ നൽകി.

### ബോധവൽക്കരണ ക്ലാസുകൾ

TSSS ജോസ്മൗണ്ട് യൂണിറ്റിൽ *"കുടുംബ ബന്ധങ്ങൾ"* എന്ന വിഷയത്തിലും, കമ്പല്ലൂർ, വെമ്പുവ, ചെമ്പന്തൊട്ടി, കാഞ്ഞിരടുക്കം തുടങ്ങിയ

യൂണിറ്റുകളിൽ *"മഴക്കാല രോഗങ്ങൾ"* എന്ന വിഷയത്തിലും, കൊളക്കാട് യൂണിറ്റിൽ *"കുടുംബവും ജീവിതലക്ഷ്യവും"* എന്ന വിഷയത്തിലും, മുണ്ടാനൂർ യൂണിറ്റിൽ *"ജീവിതശൈലി രോഗങ്ങളും പ്രതിവിധികളും"* എന്ന വിഷയത്തിലും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

## ദിനാചരണങ്ങൾ

### 1) ലഹരിവിരുദ്ധ ദിനാചരണം

ലോക ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് മണ്ഡപം, കോളയാട്, കൊന്നക്കാട് ഗ്രാമിക എന്നീ യൂണിറ്റുകളിൽ ലഹരിവിരുദ്ധ സന്ദേശങ്ങൾ നൽകുകയും, ലഹരിവിരുദ്ധദിനം ആചരിക്കുകയും ചെയ്തു.

### 2) ഡോക്ടേഴ്സ് ഡേ

നാഷണൽ ഡോക്ടേഴ്സ് ഡേ-യോടനുബന്ധിച്ച് പാലാവയൽ, പൂളക്കുറ്റി, പനത്തടി, കനകപ്പള്ളി, അരീക്കമല എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഡോക്ടർമാരെ ആദരിച്ചു.

## ഓണത്തിന് ഒരു കുട്ട പൂവ്

കണ്ണൂർ ജില്ലാ പഞ്ചായത്തുമായി സഹകരിച്ചുകൊണ്ട് **"ഓണത്തിന് ഒരു കുട്ട പൂവ്"** പദ്ധതിക്കായി ചെറുപുഴ TSSS യൂണിറ്റിന്റെയും, ചെറുപുഴ അന്ന JLG ഗ്രൂപ്പിന്റെയും നേതൃത്വത്തിലുള്ള കൃഷിയിടത്തിൽ ചെടികളുടെ നടീൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചെറുപുഴ TSSS യൂണിറ്റിനും, ചെറുപുഴ അന്ന JLG ഗ്രൂപ്പിനും അഭിനന്ദനങ്ങൾ. ജില്ലാ പഞ്ചായത്തുമായി സഹകരിച്ചു കൊണ്ട് മറ്റു യൂണിറ്റുകൾക്കും ഇത്തരത്തിൽ **"ഓണത്തിന് ഒരു കുട്ട പൂവ്"** പദ്ധതിയിൽ പങ്കാളികളാകാവുന്നതാണ്.

## കേശദാനം - സ്നേഹദാനം

TSSS ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ആലക്കോട് യൂണിറ്റിൽ കേശദാനം-സ്നേഹദാനം പരിപാടി സംഘടിപ്പിച്ചു. കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മിക്കുന്നതിനായി തൃശ്ശൂർ അമല ഹോസ്പിറ്റലുമായി സഹകരിച്ചുകൊണ്ടാണ് കേശദാനം-സ്നേഹദാനം പദ്ധതി TSSS നടപ്പിലാക്കിവരുന്നത്. തങ്ങളുടെ സൗന്ദര്യത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുകയും, ഇത്രയും നാൾ സംരക്ഷിച്ചു വന്നിരുന്നതുമായ മുടി കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണത്തിനായി ദാനം ചെയ്തുകൊണ്ട് മറ്റുള്ളവർക്ക് മാതൃകാപരമായ സന്ദേശം പകർന്നു നൽകിയ ഡെറീസ് ഷാജു, പാർവണ അനീഷ്, അഞ്ജലി രാജ്, ഏയ്ഞ്ചൽ രാജ് എന്നിവർക്ക് TSSS-ന്റെ അഭിനന്ദനങ്ങൾ.

**മറ്റു പ്രവർത്തനങ്ങൾ**

- പൈസക്കരി, പുഞ്ച, കൊളക്കാട്, കോളയാട്, മണിപ്പാറ, പനത്തടി എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.
- ചെമ്പേരി മേഖലയിൽ പുതിയ അഞ്ച് SHG ഗ്രൂപ്പുകൾ ആരംഭിച്ചു.
- പുലിക്കുരുമ്പ, പരപ്പ, പൂളക്കുറ്റി, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിൽ വീടുകൾ, വിവിധ ഓഫീസുകൾ, അവയുടെ പരിസരങ്ങൾ, ഓടകൾ എന്നിവ ശുചീകരിച്ചു.
- പനത്തടി, ബദിയടുക്ക, കാഞ്ഞിരക്കൊല്ലി എന്നിവിടങ്ങളിൽ ഭാഗികമായി തകർന്ന വീടുകൾക്ക് പുനരുദ്ധാരണത്തിനായി സാമ്പത്തിക സഹായങ്ങൾ നൽകി.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. ഈ മാസത്തിലെ ക്യാമ്പ് **2024 ഓഗസ്റ്റ് 10 ശനിയാഴ്ച ആലക്കോട്** മേഖലാ ഓഫീസിൽവച്ച് നടത്തപ്പെടുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ജൂൺ 2024**

21 പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

22 രാവിലെ തളിപ്പറമ്പിൽവച്ച് ചേർന്ന മാതൃവേദി ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചയോടെ ദീപികയുടെ നേതൃത്വത്തിൽ നടത്തിയ Young Genius Meet പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പ് ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. വൈകുന്നേരത്തോടെ കാഞ്ഞങ്ങാട് ഫൊറോനാ ദൈവാലയത്തിലെ ഇടയസന്ദർശനത്തോടനുബന്ധിച്ച് കിടപ്പു രോഗികളായിട്ടുള്ളവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

23 കാഞ്ഞങ്ങാട് ഫൊറോനാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

24 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പരിയാരം മദർഹോമിൽ ദൈവാലയ ശുശ്രൂഷികളുടെ ധ്യാനത്തിനായി എത്തിയവർക്ക് ക്ലാസ്സ് നയിച്ചു.

25 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി സംവദിച്ചു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിലെത്തി അക്കാദമിക് വർഷം ഉദ്ഘാടനം ചെയ്തു. രാത്രിയോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

26 രാവിലെ തലശ്ശേരി മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. കരിക്കോട്ടക്കരിയിൽവച്ച് ADSU വിന്റെ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നിർവ്വഹിച്ചു. തുടർന്ന് എടൂരിൽനിന്ന് ആരംഭിച്ച മദ്യവിരുദ്ധ സമിതിയുടെ റാലി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉച്ചയ്ക്കുശേഷം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടും ലീഡ്സ് യൂണിവേഴ്സിറ്റിയുമായി നടത്തിയ ചർച്ചയിൽ പങ്കെടുത്തു. വൈകുന്നേരം ബഹു. ചാക്കോ കുടിപ്പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ പുറത്തിറക്കിയ "*അതിനാൽ*" ഷോർട്ട് ഫിലിമിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു.

27 രാവിലെ മണിക്കടവ് ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം പൈസക്കരി ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

28 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം നെല്ലിക്കാംപോയിൽ ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

29 ചെമ്പേരിയിൽവച്ച് ചേർന്ന അതിരൂപതാ വൈദിക സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

30 വല്ലാർപാടത്തുവച്ച് നടന്ന അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു. വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന പെർമെനെന്റ് സിനഡിൽ പങ്കെടുത്തു.

**ജൂലൈ 2024**

01 രാവിലെ വായാട്ടുപറമ്പ് ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം ആലക്കോട് ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

02 രാവിലെ കെ.സി.ബി.സി പ്രൊലൈഫിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാടുനിന്ന് ആരംഭിച്ച ജീവസംരക്ഷണ സന്ദേശ യാത്ര ഉദ്ഘാടനം ചെയ്തു. അട്ടേങ്ങാനം ദൈവാലയത്തിൽവച്ച് വെട്ടംതടത്തിൽ വിനോദ്, സിഞ്ചു ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയായ ഡൊമിനിക്കിന് മാമ്മോദീസാ നൽകി. തുടർന്ന് ഫാ. ജോസഫ് വാരണത്ത്, ഫാ. മാത്യു കോണിക്കൽ, ഫാ. ആന്റണി വെട്ടിയാനിക്കൽ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

03 രാവിലെ മാങ്ങോട് ഇടവകയിൽ നവീകരിച്ച അൾത്താരയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം പാപ്പിനിശ്ശേരിയിൽവച്ച് സംഘടിപ്പിച്ച അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിന്റെയും അഭിവന്ദ്യ അലക്സ് വടക്കുംതല പിതാവിന്റെയും ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രാത്രിയോടെ ബാംഗ്ലൂരിലേക്ക് പുറപ്പെട്ടു.

04-05 ബാഗ്ലൂരിൽവച്ച് നടന്ന സി.ബി.സി.ഐ. ബിഷപ്സ് - തിയോളജിയൻസ് സമ്മേളനത്തിൽ പങ്കെടുത്തു.

06 രാവിലെ ബഹു. കൊടകനാടി അച്ചന്റെ അനുസ്മരണാർത്ഥം കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പരിയാരം എം.എസ്.എം കോൺവെന്റിലെത്തി മരണമടഞ്ഞ സി. ജെമ്മ നെടിയാക്കലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

07 മാട്ടറ ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം എടത്തൊട്ടി വിൻസെൻഷ്യൻ ആശ്രമത്തിന്റെ സുവർണ്ണ ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

08 രാവിലെ കാസർഗോഡ് ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. കാസർഗോഡ് ഇടവകാംഗമായ ശ്രീ. ജോൺ കണ്ണംകുളത്തിന്റെ ഭവനം വെഞ്ചരിച്ചു. ഉച്ചയ്ക്കുശേഷം കാഞ്ഞങ്ങാട് ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

09 പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സംന്ദർശകരെ സ്വീകരിച്ചു.

10 കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന തിയോളജി ഫോറം മീറ്റിംഗിൽ പങ്കെടുത്തു.

11 രാവിലെ ചെമ്പേരി വിമൽജ്യോതി എൻജിനിയറിംഗ് കോളേജിന് ഓട്ടോണമസ് പദവി ലഭിച്ചതിലുള്ള അനുമോദന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരി ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

12 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം കുന്നോത്ത് ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. വൈകുന്നേരം ഓൺലൈനായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു.

13 രാവിലെ സന്ദേശഭവനിൽവച്ച് വേദപാഠ അധ്യാപകർക്കുള്ള ആമുഖ സെമിനാറിനെത്തിയവർക്ക് ക്ലാസ്സ് നയിച്ചു. തുടർന്ന് മൈനർ സെമിനാരിയിലെത്തി വൊക്കേഷൻ ബ്യൂറോ മീറ്റിംഗിനെത്തിയവരുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം ഇരിട്ടി പട്ടാരത്തുവെച്ച് ഫാ. ആർമണ്ട് മാതവത്ത് അച്ചന്റെ ദൈവദാസപ്രഖ്യാപനം നടത്തി. വൈകുന്നേരം കീഴ്പള്ളിയിൽ

കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടത്തിയ പ്രകൃതി-പഠന-സഹ വാസ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

14 വെളിമാനം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

15-17 റീഫ്രഷർ കോഴ്സിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു.

18 ജോസ്ഗിരി നഴ്സിംഗ് കോളേജ് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഉച്ചയോടെ തലശ്ശേരിയിൽവച്ച് നടത്തിയ അന്ത രിച്ച മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അനുസ്മരണ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം കേരള-വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തി അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനെ സ്വീകരിച്ചു.

19 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പന്തൊട്ടി ഫൊറോനയിലെ കുടുംബകൂട്ടായ്മ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

20 രാവിലെ മേരിഗിരി ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേ റ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം ചെറുപുഴ ഫൊറോനയിലെ കുടുംബകൂട്ടായ്മ കോർഡി നേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

**AUGUST 2024**

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09:30 am | - | Malome: Family Unit Coordinators Meet |
| | 02:30 pm | - | Panathady: Family Unit Coordinators Meet |
| 02 | 08:30 am | - | GSMS Kunnoth |
| | 03:30 pm | - | Madathil: Grotto Blessing |
| 03 | 10:00 am | - | Consultors Meeting |
| | 02:00 pm | - | Finance Council |
| 04 | | - | Engaged |
| 05-09 | | - | KCBC |
| 10 | 10:00 am | - | Pastoral Council |
| 11 | 09:00 am | - | Chemperi: Consecration of the renovated Church |
| | 05:30 pm | - | Edoor: Betrothal |
| 12-13 | | - | Mananthavady: North Malabar Bishops Conference |
| 14 | 02:00 pm | - | Chemperi: Declaration and Dedication of Basilica |
| 15 | 07:00 am | - | Peravoor |
| 16 | 08:30 am | - | GSMS Kunnoth |
| 17 | 09-12 pm | - | Thalassery: Visitors Day |
| | 04:00 pm | - | Chandanackampara: Baptism |
| 18 | | - | Engaged |
| 19-31 | | - | Syro-Malabar Bishops Synod |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജൂലൈ 2024**

02 ഉച്ചകഴിഞ്ഞ് ബെൻഹിൽ സ്കൂളിലെ സ്കൂൾ പാർലമെന്റ് ഉദ്ഘാടനം ചെയ്ത് കുട്ടികളോട് സംസാരിച്ചു.

03 രാവിലെ എടൂർ ഇടവകയിൽ വി. തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഗുഡ്നെസ്സ് ടിവിയുമായി അഭിമുഖ സംഭാഷണം നടത്തി.

04 വൈകുന്നേരം എടത്തൊട്ടിയിലെ വിൻസെൻഷ്യൻ ആശ്രമത്തിൽ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് പേരാവൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിന് സന്ദേശം നൽകി.

05 രാവിലെ ശാലോം ടിവിക്ക് വേണ്ടി വചന കേന്ദ്രീകൃതമായ നാല് പ്രഭാഷണങ്ങൾ നടത്തി.

07 രാവിലെ മാണ്ഡ്യരൂപത കത്തീഡ്രലായ ഹിങ്കൽ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് നടന്ന ഇടവക സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് എസ്. ടി. സിസ്റ്റേഴ്സ് നടത്തുന്ന വിമല ടെർമിനൽ കെയറിൽ പോവുകയും അവിടെയുള്ള സഹോദരങ്ങളെ സന്ദർശിക്കുകയും ചെയ്തു. തുടർന്ന് ഹുൻസൂറിലെ എസ്.ടി. കോൺവെന്റും സിഎംഐ ആശ്രമവും സന്ദർശിച്ചു.

09 രാവിലെ എണ്ണപ്പാറ ഇടവകയിൽ സ്കറിയ കോയിപ്പുറത്തിന്റെ 41-ാം ചരമദിനത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ഭവനം സന്ദർശിക്കുകയും ചെയ്തു. തുടർന്ന് മിഷനറീസ് ഓഫ് കംപാഷൻ പ്രൊവിൻഷ്യൽ ഫാ. ജോജോയുടെ ഭവനം സന്ദർശിച്ചു. വൈകുന്നേരം രണ്ടാംകടവിൽ വെച്ച് നടന്ന കുന്നോത്ത് ഫൊറോനയിലെ വൈദികർക്കായുള്ള മാസധ്യാനത്തിൽ പങ്കെടുത്തു.

11 രാവിലെ ചെമ്പേരി എഞ്ചിനിയറിങ് കോളേജിലെ മീറ്റിങ്ങിൽ സംബന്ധിച്ചു. വൈകുന്നേരം വിശുദ്ധ ബെനഡിക്ടിന്റെ തിരുനാളിനോട് അനുബന്ധിച്ച് ബെൻഹിൽ ആശ്രമം സന്ദർശിക്കുകയും അവരോടൊപ്പം അത്താഴത്തിൽ പങ്കുചേരുകയും ചെയ്തു.

12 വൈകുന്നേരം കീഴ്പ്പള്ളിയിൽ വെച്ച് നടന്ന KCYM SMYM യുവജനങ്ങളുടെ പ്രകൃതി സഹവാസ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

13 ഉച്ചകഴിഞ്ഞ് പട്ടാരം ആശ്രമത്തിൽ ബഹുമാനപ്പെട്ട ആർമണ്ട് മാധവത്ത് അച്ചന്റെ ദൈവദാസപദവി പ്രഖ്യാപനത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് സാംസ്കാരിക സമ്മേളനത്തിൽ സംബന്ധിച്ചു.

15 രാവിലെ അരീക്കമല ഇടവകയിൽ കാരക്കുന്നേൽ മാത്യു - നീതു ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ തോമസ്സിന് പ്രവേശക കൂദാശകൾ നൽകി. തുടർന്ന് നസ്രത്ത് സിസ്റ്റേഴ്സിന്റെ കോൺവെന്റും മറ്റ് രണ്ട് ഭവനങ്ങളും സന്ദർശിച്ചു.

16 രാവിലെ നെല്ലിക്കാംപൊയിൽ സിഎംസി പ്രൊവിൻഷ്യലേറ്റിൽ കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

20 രാവിലെ കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽവെച്ച് നടന്ന റവ. ഫാ. സ്കറിയ കല്ലൂർ OFM.Cap-ന്റെ അനുമോദന-സമാധാന സംഗമത്തിൽ സംബന്ധിച്ച് ആശംസകൾ നേർന്നു സംസാരിച്ചു. ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപതയിലെ ജോസ് കുളിരാനി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു.

22 വൈകുന്നേരം കോളയാട് അൽഫോൻസാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി

27 രാവിലെ മാലോത്ത് വച്ച് നടന്ന മതാധ്യാപക സംഗമത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പേരാവൂർ എസ്.എച്ച് കോൺവെന്റിൽ സി. മേരി സെബാസ്റ്റ്യന്റെ 30-ാം ചരമ വാർഷികത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

28 രാവിലെ കമ്പല്ലൂർ ഇടവകയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം മണിക്കടവ് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**AUGUST 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 04 | 07:45am | - | Holy Mass, Nadavayal |
| 05-09 | | - | KCBC Retreat, MountSt.Thomas Kakkanadu |
| 10 | 09:00am | - | Holy Mass, Vazhakulam |
| 11 | 4:00 pm | - | Holy Mass, Anamanjal |
| 12-13 | | - | NKBM, Dwaraka |
| 14 | 10:00am | - | Declaration, Chemperi |
| 15 | 04:00pm | - | Holy Mass, IMS Koottupuzha |
| | 06.30pm | - | Holy Mass, Nazreth Convent |
| 17 | 11:00am | - | House blessing, Badiaduka |
| 19-31 | 10:00am | - | Synod |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### ജൂൺ 2024

22 താമരശ്ശേരി രൂപതയിലെ കോടഞ്ചേരി ഇടവകയിൽ നിര്യാതയായ ബഹു. വിൻസെന്റ് ഏഴാനിക്കാട്ട് അച്ചന്റെ അമ്മ ബ്രിജിറ്റിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

23 കോടഞ്ചേരിയിൽ സഹോദര പുത്രന്റെ മകൻ ഇസാക്ക് ഡൊമിനിക്കിന്റെ മാമ്മോദീസായ്ക്ക് കാർമികത്വം വഹിച്ചു. തുടർന്ന് തേക്കുംകുറ്റി ഇടവകയിൽ നിര്യാതനായ ബഹുമാനപ്പെട്ട ജെയിംസ് കുഴിമറ്റത്തിൽ അച്ചന്റെ സഹോദരൻ ജോണിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

27 തൃശ്ശൂർ ജില്ലയിലെ വേലൂരിൽ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ FATRI പരിശീലന കേന്ദ്രം സന്ദർശിച്ചു. വൈകുന്നേരം വിശാഖപട്ടണം പ്രൊവിൻസിന്റെ ചോറ്റുപാടം M.S.F.S സെമിനാരി സന്ദർശിച്ചു.

28 ചോറ്റുപാടത്ത് നിര്യാതനായ ബ്രദർ തോമസ് മാലപ്പുറം M.S.F.S ന്റെ സംസ്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ ജേക്കബ് മാൻത്തോട്ടത്ത് പിതാവിനോടൊപ്പം കാർമികത്വം വഹിച്ചു. വൈകുന്നേരം മേരിലാൻഡിൽ ഉള്ള ഹോളി ഫാമിലി പ്രൊവിൻഷ്യാൾ ഹൗസ് സന്ദർശിച്ചു.

### ജൂലൈ 2024

01 മേരിക്കുന്ന് നിർമ്മല ഹോസ്പിറ്റലിൽ രോഗിയായി കഴിയുന്ന താമരശ്ശേരി രൂപതയിലെ ബഹു. മാത്യു ഒണയത്തുംകുഴി അച്ചനെ സന്ദർശിച്ചു.

03 കൊളക്കാട് തീർത്ഥാടന ദേവാലയത്തിൽ ദുക്റാന തിരുനാളിനോട് അനുബന്ധിച്ചുള്ള നവനാൾ സമാപന തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു.

04 കല്ലുവയൽ ഇടവകയിൽ ആൽബിൻ ബെന്നി വലിയമറ്റത്തിന്റെയും അലീന ടോമി നാമറ്റത്തിന്റെയും വിവാഹം ആശിർവദിച്ചു.

06 മണിക്കടവ് ഇടവകയിൽ നിര്യാതനായ ബഹു. ആന്റണി പുന്നൂരച്ചന്റെ പിതൃസഹോദരൻ ജോസഫ് പുന്നൂരിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

07 പരിയാരം ഭവനത്തിൽ നിര്യാതയായ സി. ജെമ്മ M.S.M.I-യുടെ, നെല്ലിക്കുറ്റി വച്ച് നടന്ന മൃതസംസ്കാരശുശ്രൂഷയിൽ ദിവ്യബലി അർപ്പിച്ച് ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു.

വൈകുന്നേരം എടത്തൊട്ടിയിൽ വിൻസെൻഷ്യൽ ആശ്രമത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. തുടർന്ന് പെരുമ്പുന്ന അർച്ചന ഹോസ്പിറ്റൽ സന്ദർശിച്ചു.

11 ചെമ്പേരി വിമൽജ്യോതി കോളേജിൽ ഓട്ടോണോമസ് പദവി ലഭിച്ചതിനോട് അനുബന്ധിച്ചുള്ള സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

12 മാനന്തവാടി രൂപതയിലെ ചെറുകാട്ടൂർ ഇടവകയിൽ നിര്യാതനായ ദേവസ്യ കുഴിമുള്ളിൽ സാറിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് കോഴിക്കോട് മാലാപറമ്പിലുള്ള അസ്സിസി ഭവൻ പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ മുൻ ജനറാൾ ഹെൻറി സുസോ മണപറവനാൽ F.C.C ക്ക് വേണ്ടി പ്രാർത്ഥിച്ചു.

13 പട്ടാരത്ത് വെച്ച് ബഹു. ആർമണ്ട് മാതവത്ത് അച്ചന്റെ ദൈവദാസ പദവി പ്രഖ്യാപനത്തോട് അനുബന്ധിച്ച് നടത്തിയ ദിവ്യബലിയിലും തുടർന്നുള്ള പൊതുസമ്മേളനത്തിലും പങ്കുചേർന്നു.

14 സന്ദേശഭവനിൽ വച്ച് ആമുഖ സെമിനാറിൽ സംബന്ധിക്കുന്നവർക്ക് വേണ്ടി ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

16 സന്ദേശഭവനിൽ വച്ച് ബഹു. അച്ചൻമാരുടെ റിഫ്രഷ്മെന്റ് കോഴ്സിൽ ദിവ്യബലി അർപ്പിച്ചു.

19 കോളയാട് തീർത്ഥാടന ദേവാലയത്തിൽ വിശുദ്ധ അൽഫോൻസാമ്മ യുടെ തിരുനാളിനോട് അനുബന്ധിച്ച് കൊടിയേറ്റും തുടർന്നുള്ള വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**AUGUST 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 5-9 | | - | KCBC Bishop’s retreat : Kakkanad |
| 10 | 10:00am | - | Inaguration: Malome |
| 14 | | - | Chemperi |
| 15 | 7:30am | - | Jubilee: Paisakery |
| 19 | 9:30am | - | Marriage: Chungakkunnu |
| | 11:30am | - | Marriage: Mandalam |

**Secretary to the Archbishop Emeritus**




ബഹു. ആർമണ്ട് മാതവത്ത് അച്ചനെ ദൈവദാസനായി
തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത
മാർ ജോസഫ് പാംപ്ലാനി പിതാവ്
പ്രഖ്യാപിക്കുന്നു. (പട്ടാരം, 2024 ജൂലൈ 13)



RNI Reg. No. 5910 Date of Publication: 28/07/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 08 വില : ₹10

ആഗസ്റ്റ് 04 വി. ജോൺ മരിയ വിയാനി



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.